# സമന്വയം

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2022



ഔദ്യോഗികഭാഷാ വകുപ്പുതല സമിതി / കേരള നിയമസഭാ സെക്രട്ടേറിയറ്റ്

# പത്രാധിപസമിതി

മുഖ്യരക്ഷാധികാരി
**ശ്രീ. എ.എൻ. ഷംസീർ**
ബഹു. സ്പീക്കർ, കേരള നിയമസഭ

മുഖ്യ പത്രാധിപർ
**ശ്രീ. എ.എം. ബഷീർ**
സെക്രട്ടറി, കേരള നിയമസഭ

## പത്രാധിപസമിതി

**ശ്രീ. ഇ.കെ. മുഷ്താഖ്**
ബഹു. സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**ശ്രീ. കെ. സുരേഷ്കുമാർ**
അഡീഷണൽ സെക്രട്ടറി

**ശ്രീ. സബാഹുദ്ദീൻ എസ്.എസ്.**
സെക്ഷൻ ഓഫീസർ

**ശ്രീ. എസ്. ബാബുരാജൻ പിള്ള**
അറ്റൻഡന്റ്

രൂപകൽപ്പന
**ആൻജോസ് ഡിസൈൻസ്**

അച്ചടി
**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്**

വിലാസം
ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായമാണെന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

# സമന്വയം

## ഉള്ളടക്കം


04 മരുപ്പച്ച
എ. സജികുമാർ

12 ധർമ്മപുരാണം
രാഹുൽ ആർ

14 കോവിഡ് 19 സ്ത്രീകളിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ
ഷീല ടൈറ്റസ്

20 പനിനീർ ചെമ്പകത്തിന്റെ മണമുള്ള പകലുകൾ
എം.കെ. രാജൻ

25 ഡോ. അമർത്യാ സെന്നിന്റെ ക്ഷേമസങ്കല്പവും കേരള വികസന മാതൃകയും
ജി. ഓമനശീലൻ

29 ഭാസ്കരപിള്ളയുടെ ഒരു ദിവസം
കെ. ഷൂജ

33 അഗ്നിസാക്ഷി എന്റെ കാഴ്ച്ചപ്പാടിൽ
പ്രീത സി.എസ്.

36 ക്ഷണികജീവിതം
മിനിമോൾ എൻ

37 വീതംവയ്പ്
പ്രസാദ്. വി

41 വാർദ്ധക്യം
ഷാജു പരുത്തിക്കുഴി

43 വിദൂര നക്ഷത്ര പഥങ്ങളിലൂടെ
വേണുഗോപാൽ ആർ

44 മരുഭൂമികൾ ഉണ്ടാകുന്നത്
അജിമോൻ സി.

45 ഭ്രമണം
എം. വിനോദ് ചെറായി

46 പ്രണയവും കാമവും
ഷാജു പരുത്തിക്കുഴി

50 കാട് പിഴച്ചതറിയാതെ കാട്ടരുവി
പ്രീത സി.എസ്.

51 ഓർമകൾക്ക് ഒരു ഇടവേള
ജയന്തി എസ്

53 അച്ഛൻ
ദിനേഷ്കുമാർ കെ

54 ഓലക്കുടിലും മുത്തിയമ്മയും
ജയന്തി എസ്

55 മഞ്ഞുകണങ്ങളെ സ്നേഹിച്ച പെൺകുട്ടി
ജയന്തി എസ്

56 ബാലസമന്വയം




# പത്രാധിപക്കുറിപ്പ്

ഒരു ജനതയുടെ ഭാഷയ്ക്കും സംസ്കാരത്തിനും കളങ്കമുണ്ടാക്കുന്ന അധിനിവേശങ്ങളെ ചെറുത്തു തോൽപ്പിക്കുവാൻ സ്വജീവൻ തന്നെ ബലിയർപ്പിക്കുവാൻവരെ പൗരന്മാരെ പ്രാപ്തരാക്കുന്ന ആത്മധൈര്യത്തിലാണ് ഭാഷയുടെ കരുത്തും സംസ്ക്കാരത്തിന്റെ തുടർച്ചയും നിലകൊള്ളുന്നത്!

ഭാഷയും സംസ്ക്കാരവും എത്ര ആഴത്തിലും പരപ്പിലുമാണ് ജനപദങ്ങളെ സ്വാധീനിച്ചിട്ടുള്ളതെന്ന് സമകാലിക സംഭവങ്ങളെ മുൻനിർത്തി പര്യാലോചിക്കുമ്പോൾ ബോധ്യമാവുന്നതാണ്.

ഔദ്യോഗികഭാഷ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'സമന്വയം' ത്രൈമാസികയുടെ പതിനാറാമത് ലക്കം ക്രിയാത്മകമായ കലാസൃഷ്ടികളാൽ അനുഗ്രഹീതമാണ്. ഈ സംരംഭത്തിന്റെ വരുംനാൾവഴികളിൽ ഉജ്ജ്വല രചനാവൈഭവങ്ങൾ അങ്കുരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എ.എം. ബഷീർ
സെക്രട്ടറി, കേരള നിയമസഭ

**2020-ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം**
**കഥ മത്സരം 1-ാം സ്ഥാനം**




**എ. സജികുമാർ**
(സെക്ഷൻ ഓഫീസർ)


മദീന മസ്ജിദിന്റെ ജനാലകൾ തുറന്നടഞ്ഞപ്പോൾ മിനാരങ്ങളിൽ കുറുകിയിരുന്ന അരിപ്രാവുകൾ പറന്നുയർന്ന് ആളൊഴിഞ്ഞ ഖാൻ മാർക്കറ്റിനെ വലംവച്ച് തിരികെ വന്നിരുന്നു. മസ്ജിദിനപ്പുറം മരുഭൂമിയാണ്. വർണ്ണങ്ങൾ വറ്റിയ ചിത്രങ്ങൾ പോലെ മണൽക്കൂനകളിൽ അനാദൃശ്യമായ രൂപങ്ങളുടെ ഇരുണ്ട ഭാവങ്ങൾ ഇടയ്ക്കിടെ മിഴി തുറന്നു കൊണ്ടിരുന്നു. ഹൈവേയിൽ നിന്നും പട്ടണത്തിലേക്ക് തിരിയുന്ന സബ്‌വേയുടെ ഇരുപുറങ്ങളിലുമുള്ള ഷാഫിയകളിൽ ആരവങ്ങൾ നിലച്ചിട്ട് നാളുകളായി. വല്ലപ്പോഴും കുട്ടികളുടെ കരച്ചിൽ ഉയർന്ന് കേട്ടു. മാർക്കറ്റിൽ നിന്നും ആംബുലൻസിന്റെ സൈറൺ ഉയർന്നപ്പോൾ ഖാലിദ് ജനാല വഴി പുറത്തേക്ക് നോക്കി.

"ലാശ് യാ മരീജ് (ശവമോ അതോ രേഗിയോ)

അയാൾ പതുക്കെ ചോദിച്ചു. പടർന്നു പിടിക്കാൻ വെമ്പൽ കൊള്ളുന്ന വൈറസുകളെ അടവച്ചു വിരിയിക്കുന്ന ഒരു ഇൻക്യുബേറ്റർ മാത്രമായി മനുഷ്യശരീരം മാറിയ ആ ദിനങ്ങളിലാണ് മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിൽ വലിയ വ്യത്യാസമില്ല എന്ന് എനിക്ക് തോന്നിത്തുടങ്ങിയത്. ദമാം മുതൽ മക്ക വരെ നീണ്ടു പോകുന്ന കിംഗ് ഫഹദ് എക്സ് പ്രസ് ഹൈവേ ഏതാണ്ട് വിജനമാണ്. അൽജിഷയും, ബുറൈദും, കടന്ന് നേർരേഖയിൽ നീണ്ടുപോകുന്ന നാഷണൽ ഹൈവേയിൽ 'മക്ളറിൻ സെന്നയിൽ' ഇപ്പോൾ രാജകുമാരന്മാർ മത്സരയോട്ടങ്ങൾക്ക് ഇറങ്ങാറില്ല. വണ്ട് മുരളുന്ന ഒച്ചയിൽ കുതിച്ചുപാഞ്ഞ കന്നുപോകുന്ന കാറുകളുടെ മുഴക്കം രാത്രി മുഴുവനും എന്റെ കാതുകളിൽ തങ്ങിനിന്നിട്ടുണ്ട്. രാജവംശത്തിനു മാത്രം അവകാശപ്പെട്ട പന്തയവഴികൾ ഇപ്പോൾ ആംബുലൻസുകൾക്ക്‌വഴിമാറിയിരിക്കുന്നു.

ജനാലയ്ക്കരികിലേക്ക് ഞാൻ കിടക്ക നീക്കിയിടുന്നതിനിടയിലാണ് വാതിലിൽ മുട്ട് കേട്ടത്. "ലഗ്താ ഹൈ കീ ഖാനാ ആഗയാ" (ഭക്ഷണം വന്നെന്ന് തോന്നുന്നു)

അത് പറഞ്ഞിട്ട് ഖാലിദ് അസ്വസ്ഥതയോടെ തിരിഞ്ഞുകിടന്നു. വാതിലിൽ മുട്ടി, ഒരു മിനിറ്റ് കഴിഞ്ഞു മാത്രമേ ഭക്ഷണം എടുക്കാനായി പുറത്തിറങ്ങാൻ പാടുള്ളു. ഇത്തരം പുതിയ ശീലങ്ങൾ ഇപ്പോൾ ദിനചര്യയുടെ ഭാഗമാണ്. ഈ മുറിക്ക് പുറത്തുള്ള കാഴ്ചകൾക്ക് ഒരു വാതിലിന്റെയും രണ്ടു ജനാലകളുടെയും വിസ്തൃതി മാത്രമായി ചുരുങ്ങിയപ്പോഴാണ് സ്വാതന്ത്ര്യം എന്നത് നിർവചിക്കാൻ പറ്റാത്ത ഒരു അനുഭവം ആണെന്ന് ഞാൻ തിരിച്ചറിഞ്ഞത്. അന്നുമുതലാണ് മരുഭൂമിയിലെ മണൽക്കുന്നുകളിൽ ചിത്രം വരയ്ക്കുന്ന വശ്യതയില്ലാത്ത കാറ്റിന്റെ അഗ്നിസ്പർശം ഇവിടെ ഈ ജനാലക്കലേക്ക് അരിച്ചെത്തുമ്പോൾ പൊള്ളലിന്റെ സുഖം ഞാൻ ആസ്വദിക്കാൻ തുടങ്ങിയതും. ഈന്തപ്പനകളിൽ



കായ്കൾ പാകമാകാൻ തുടങ്ങിയിരുന്നു. പഴുത്തു തുടങ്ങിയ പനങ്കുലകൾക്ക് ചുറ്റും ചിറകടിക്കുന്ന യമൻ ലിനറ്റ് പക്ഷികളെ ജനാലയിൽക്കൂടി കാണാം.

രാത്രികളിൽ ഉറക്കമില്ലാത്ത ഖാലിദ് നാൽപ്പത് ഡിഗ്രി പകൽച്ചൂടിലും കൂർക്കം വലിച്ച് ഉറങ്ങുകയാണ്. പാവം... എനിക്ക് വല്ലാത്ത കുറ്റബോധം തോന്നി എന്റെ ഉള്ളിൽ നുരിയിട്ട് പെരുകുന്നത് അവനോടുള്ള സഹതാപമാണോ അതോ വൈറസിന്റെ പിടിയിലമർന്ന ശ്വാസകോശത്തിന്റെ വിങ്ങലാണോ എന്ന് അറിയാൻ കഴിയുന്നില്ല. ഇന്നലെയായിരുന്നു അവന്റെ പരിശോധനാഫലം വന്നത്. ഒരു ഇന്ത്യാക്കാരൻ എന്ന പരിഗണന കൊണ്ടായിരിക്കണം ഷെയ്ഖ് അൽ റാഫിസ് മെട്രോ ക്ലിനിക്കിലെ തമിഴ്നാട്ടുകാരൻ ഡോക്ടർ അൻപുമണി എന്നെ നേരിട്ട് വിളിച്ചുപറഞ്ഞത്,

''ഖാലിദ് റഹ്മാനുടെ മുടിവ് പോസിറ്റീവ് താൻ ഹോസ്പിറ്റലിൽ എങ്കെയും കാലി ബെഡ് കെടക്കാതെ ആന അവുങ്കൾ ഉങ്കളുടൻ ഇരിക്കട്ടും. അതു ഉങ്കളുക്ക് ഒരു ഉതവും ആയിടും

''രഞ്ജൻ ഭായ് ആപ് ചിന്താ മത് കരോ'' (സഹോദരാ നിങ്ങൾ വിഷമിക്കേണ്ട )

രണ്ടാഴ്ച മുൻപ് എന്റെ പരിശോധനാഫലം രേഖപ്പെടുത്തിയ കടലാസു കഷണത്തിൽ എന്റെ തന്നെ കണ്ണുനീർ വീണപ്പോൾ ഖാലിദ് റഹ്മാൻ അങ്ങനെയാണ് പറഞ്ഞത്. അല്ലെങ്കിലും ഏറ്റവും വലിയ വേദന മറ്റൊരാളുടെ കണ്ണീരാണ് എന്ന് എനിക്ക് പറഞ്ഞു തന്നത് തന്നെ ഖാലിദാണ്. അൽ-ഹസയിലെ മൂന്നാംകിട അപ്പാർട്ട്മെന്റിലെ ലോ പെയ്ഡ് മുറിയിൽ എന്റെ റൂംമേറ്റ് ആയി വരുന്നതിനു മുൻപേ ആ ദൈന്യത ഞാൻ കണ്ടറിഞ്ഞതാണ്. പുൽവാമയിൽ പാകിസ്ഥാൻ ഭീകരർ ആക്രമണം നടത്തിയതിന്റെ തൊട്ടടുത്ത ദിവസം ഇന്ത്യയുടെ കടുത്ത ആരാധകനായി മുഹമ്മദ് അബ്ദുള്ള ബാഷി തന്റെ സൂപ്പർമാർക്കറ്റിലെ രണ്ടു പാക്കിസ്ഥാനികളെയും പറഞ്ഞുവിട്ടപ്പോഴായിരുന്നു ഖാലിദ് റഹ്മാന്റെ കണ്ണുകൾ നിറയുന്നത് ഞാൻ ആദ്യമായി കണ്ടത്.

'ഏക് പാകിസ്താനി ഹോനാ മേരേ ഗൽതി ഹേ ക്യാ?'(ഞാൻ പാക്കിസ്ഥാനി ആയത് എന്റെ തെറ്റുകൊണ്ടാണോ) ആ കണ്ണീരിനു മുന്നിൽ എന്റെ ദേശീയത കൊടി പാറി നിന്നപ്പോൾ അവജ്ഞയോടെ ഞാൻ അവനോട് പറഞ്ഞു ...

'നീയൊക്കെയാടാ ഈ ലോകത്തിന്റെ ശാപം'

ആ കണ്ണീരിനിടയിലും അവന്റെ മുഖത്ത് തെളിഞ്ഞ പുഞ്ചിരി എന്നോടുള്ള സഹതാപമായിരുന്നുവെന്ന് പിന്നീടാണ് മനസ്സിലായത്. അൽ ബാഷിന്റെ സൂപ്പർമാർക്കറ്റിൽ നിന്നും ഒരു താവളം തേടി ഖാലിദ് അലഞ്ഞ് നടന്നു. സ്റ്റോറിൽ നിന്നും എന്റെ അപ്പാർട്ട്മെന്റിലേക്കുള്ള പന്ത്രണ്ട് കിലോ

മീറ്റർ യാത്രയ്ക്കിടയിൽ ഞാനും എന്റെ മനസ്സാക്ഷിയും തമ്മിൽ യുദ്ധം നടക്കു മ്പോഴും പക്ഷെ എന്റെ കണ്ണുകൾ അവനെ തിരയുന്നുണ്ടായിരുന്നു.

കഴിഞ്ഞതവണ അവധിക്ക് നാട്ടിലെ ത്തിയ ദിവസമായിരുന്നു പള്ളിപ്പാട്ട് കവല യിൽ ''ദേശീയതയുടെ കാണാപ്പുറങ്ങൾ'' എന്ന വിഷയത്തിൻമേൽ കാരശ്ശേരി മാഷി ന്റെ പ്രഭാഷണം നടന്നത്. ദേശീയത ഒരു വഴി മരുന്നാണോ അതോ വികാരമാണോ എന്ന ചോദ്യം അവശേഷിപ്പിച്ച് മാഷ് മുന്നോട്ടു വച്ച ഒരു ചിന്തയുണ്ടായിരുന്നു. ലോക ത്തുള്ള മുഴുവൻ സാധാരണക്കാരുടെയും മനസ്സിൽ ആദ്യം ഉണ്ടാകുന്ന വികാരം ദേശീയതയല്ല മറിച്ച് വിശപ്പാണ് എന്ന്. പക്ഷേ ആ സാധാരണക്കാരുടെ കൂട്ട ത്തിൽ പാകിസ്ഥാനെ കൂട്ടാതിരുന്നതിന് പിന്നിൽ എന്റെ മനസ്സിലെ ദേശീയതയല്ലേ എന്ന് ഞാൻ ചിന്തിച്ചു. പിന്നീട് ഒരി ക്കൽ ''ഹസാനിയ പ്ളാന്റേഷനിലെ'' പനമരങ്ങൾക്ക് ചുറ്റും മൺതിട്ട കോരുന്ന ഖാലിദിനെ ഞാൻ കാണുമ്പോൾ പഴയ സ്നേഹത്തോടെ തന്നെ അയാൾ എന്നെ നോക്കി ചിരിച്ചു. ഈന്തപ്പനത്തോട്ടം കാണാൻ വന്ന ജർമ്മൻ സായിപ്പന്മാരുടെ ഗൈഡിനൊപ്പമുള്ള ആ യാത്രയിൽ, ശത്രു ക്കളോട് വേഗം പൊരുത്തപ്പെടാൻ കഴി യാത്ത ഒരു ശരാശരി മലയാളിയുടെ സൂക്ഷ്മ മായ അഹംഭാവവും എന്നോടൊപ്പമു യിരുന്നു. മൺവെട്ടി മാറ്റിവെച്ച് വിയർത്ത കൈകൾ മുഷിഞ്ഞ കുർത്തയിൽ തുടച്ച് അവൻ എന്റെ അരികിലേക്ക് വന്നു.

''പൂരീ ദുനിയാ മേം ഗരീബ് ലോഗോംകീ സമസ്യായേം ആം ഹേ ഭായ്'' (ലോകത്തെ വിടെയും സാധാരണക്കാരുടെ പ്രശ്നം ഒന്നു തന്നെയാണ് സഹോദരാ)

അത് പറഞ്ഞിട്ട് അറബിയിൽ ഒരു ശ്ലോകം ചൊല്ലി, എന്നിട്ട് അയാൾ മരങ്ങൾ ക്കിടയിലേക്ക് തന്നെ തിരിച്ചുപോയി. അപ്പോഴും എന്റെ മനസ്സിലെ വിദ്വേഷ പ്പൂക്കൾ വിടർന്നു തന്നെ നിന്നു. ആ ശ്ളോക ത്തിന്റെ അർത്ഥം പിന്നീട് ഖാലിദ് തന്നെ യാണ് എനിക്ക് പറഞ്ഞു തന്നത്. ''തോറ്റു എന്ന് നാം കരുതുന്നവരാരും സത്യത്തിൽ തോറ്റവരല്ല'' എന്ന രഞ്ജിയേട്ടന്റെ വാക്കു കളാണ് ഞാനപ്പോൾ ഓർത്തത്.

അൽഹസയിലെ അപ്പാർട്ട്മെന്റിന്റെ മൂന്നാം നിലയിലുള്ള എന്റെ മുറിയുടെ ജനാല തുറക്കുന്നത് ഈന്തപ്പനത്തോട്ടത്തി ലേക്കാണ്. വിളവെടുപ്പ് കഴിഞ്ഞ് നഗ്ന മാക്കപ്പെട്ട പനമരങ്ങളിൽ നഷ്ടപ്പെട്ട സ്വർണ്ണ കനികളുടെ സ്വപ്നങ്ങളും പേറിയിരി ക്കുന്ന ഡസർട്ട് ഫിഞ്ചുകളുടെ കലമ്പൽ കേട്ടിരുന്ന ഒരു ദിവസമാണ് പിന്നീട് ഞാൻ ഖാലിദിനെ കാണുന്നത്. പനമരച്ചുവട്ടിൽ തളർന്നുറങ്ങുന്ന അയാളെ വളരെ നേരം ഞാൻ നോക്കിയിരുന്നു. മേക്കരപ്പാട്ടിലെ വെളിച്ചപ്പാട് തുള്ളിയുറഞ്ഞ് ഒടുവിൽ ദേവി ക്ക് മുന്നിൽ തളർന്നടിച്ച് കിടക്കുന്നത് പോലെ എനിക്ക് തോന്നി. രക്തം കിനി ഞ്ഞിറങ്ങുന്ന പള്ളിവാളും മണ്ണിലാൺ ഓട്ട് ചിലമ്പും മേക്കരപ്പാട്ടുകാരുടെ മുന്നിൽ ദൈവീക പ്രതീകങ്ങളായി കിടക്കുമ്പോഴും, എന്റെ ഉള്ളിൽ ഉറഞ്ഞുകൂടിയ വല്ലായ്മ പൊടുന്നനെ പാകിസ്ഥാന്റെ ശത്രു വന്ന് ഊതിക്കെടുത്തിക്കളഞ്ഞു പിന്നീട് കുറച്ചു ദിവസം തോട്ടത്തിലേക്ക് തുറക്കുന്ന ജനാല ഞാൻ ബോധപൂർവ്വം അടച്ചു തന്നെ ഇട്ടു. അങ്ങനെ വല്ലപ്പോഴും മരച്ചുവട്ടിലെ ഖാലിദ് എന്റെ മനസ്സിലേക്ക് കടന്നു വരു മ്പോൾ നിർദ്ദനനായ ശത്രു അവനെ ആട്ടി പ്പായിച്ചുകൊണ്ടിരുന്നു. ജനാലക്കഭിമുഖ മായി കിടന്ന കസേര ഞാൻ തിരിച്ചിടു മ്പോൾ അവൻ ചെയ്ത തെറ്റ് എന്താണെന്ന് എനിക്ക് മനസ്സിലായില്ല. ''ശത്രു രാജ്യത്തെ ഒരുവൻ ശത്രു തന്നെ'' എന്ന് എന്റെ മനസ്സാ ക്ഷിയെ ഞാൻ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അപ്പോഴൊക്കെ തിരിമുറിയാത്ത ഇടവപ്പാതിയിൽ കാരാപ്പുഴയുടെ ആഴങ്ങ ളിൽ നിന്നും എന്നെ മുങ്ങിയെടുത്ത ലത്തീ ഫിന്റെ ബാപ്പയെ ഞാൻ ഓർക്കും. അതും ഒരു റഹ്മാൻ ആയിരുന്നു പിലാക്കണ്ടി മാമ്പുള്ളിയിൽ അബ്ദുറഹ്മാൻ.

പണിക്കാരുടെ പഖാനകളിൽ നിന്നും ഒറ്റപ്പെട്ട ശബ്ദം ഉയരുമ്പോൾ അറിയാതെ ജനാലയ്ക്കലേക്ക് തെന്നി വീഴുന്ന നോട്ട ത്തെ തടഞ്ഞുകൊണ്ട് അവിടെ ഞാൻ ഇന്ത്യയുടെ ഭൂപടം തൂക്കിയിട്ടു. ചിന്തകളി ലേക്ക് അനുവാദമില്ലാതെ കടന്നു വരുന്ന വർക്ക് കുറച്ചു കാലമേ നമ്മുടെ മനസ്സിൽ സ്ഥാനം ഉണ്ടാകൂ. ഇന്ത്യയുടെ ഭൂപടത്തി നപ്പുറമുള്ള പാകിസ്താനി എന്റെ മനസ്സിന്റെ അറിയാക്കോണിൽ എവിടെയോ അങ്ങനെ മാറാല പിടിച്ചു കിടന്നു. ഹസാനിയയിലെ തോട്ടത്തിലേക്കുള്ള ടൂറിസ്റ്റ് ഗൈഡിനൊപ്പം ഒരിക്കൽക്കൂടി പോകേണ്ടി വന്നപ്പോൾ,

വിധിയല്ല, മറിച്ച് ഒരുവന്റെ പ്രവൃത്തിയാണ് അവനെ മുന്നോട്ടുനയിക്കുന്നത് എന്ന എന്റെ അച്ഛന്റെ നാടൻ തത്വശാസ്ത്രത്തെ അതിന്റെ കട വെച്ച് വെട്ടി മാറ്റേണ്ടിവന്നു എനിക്ക്. പതിനഞ്ച് ഏക്കറിലെ ഈന്തപ്പന ത്തോട്ടത്തിന് നടുവിലുള്ള ഒരു പഖാന യിൽ അപ്പോൾ അവൻ ഉണ്ടായിരുന്നു. ഭിത്തിയിൽ തലതല്ലിക്കരയുന്ന ഒച്ച കേട്ടാണ് ഞാൻ അകത്ത് കയറിയത്. മാസ ങ്ങൾക്ക് മുൻപ് കൺ തേജസ്സുള്ള ആ മുഖം ആകെ കരിവാളിച്ചിരുന്നു. ഒട്ടിയ കവിളു കളിൽക്കൂടി കണ്ണീരിന്റെ ഒരു ചാൽ ഒഴു കുന്നു. ആശ്വസിപ്പിച്ചുകൊണ്‍ അരികിൽ നിന്ന ഏതോ ഒരു ആഫ്രിക്കൻ പണിക്കാ രനെ തള്ളിമാറ്റിക്കൊണ്ട് അയാൾ എന്റെ അരികിലേക്ക് വന്നു.

''സബ് ചൽ ഗയാ ഭായ് ..... സബ് സബ് ചൽ ഗയാ'' (എല്ലാം പോയി ... സഹോദരാ എല്ലാം പോയി) ആശ്വസിപ്പിക്കാനോ പിൻ തിരിയുവാനോ ആകാതെ ഞാൻ വിയ ർത്തു. നിർജീവമായി നിന്ന എന്റെ കൈ കൾ കൂട്ടിപ്പിടിച്ച് അയാൾ തന്റെ കണ്ണു കളിൽ ചേർത്തുവച്ച് വിങ്ങിക്കരഞ്ഞപ്പോൾ മുന്നിൽ നിൽക്കുന്ന പാകിസ്താനി ശത്രു വിനെ പകയോടെ നോക്കിനിന്ന എന്റെ മനസ്സാക്ഷിയെ തൽക്കാലം ഞാൻ കടി ഞ്ഞാണിട്ടു നിർത്തി. തോട്ടം കണ്ടു തിരിച്ചിറ ങ്ങിയ ടൂറിസ്റ്റുകൾക്കൊപ്പം, ദൈന്യത യോടെ കൈകൾ കൂപ്പി നിന്ന ഖാലിദിനേ യും ഞാൻ ഒപ്പം കൂട്ടി പള്ളിപ്പാട്ട് കവലയിൽ അടികൊണ്ട് അവശനായിക്കിടന്ന ഗുജ റാത്തുകാരൻ ഹുക്കുംസിങ്ങിന്റെ മുറിവിൽ മരുന്നു വച്ചു കെട്ടി വീട്ടിലേക്ക് കൊണ്ടു വന്നപ്പോൾ ചോദ്യഭാവത്തിൽ നിന്ന എന്നോട് അച്ഛൻ പറഞ്ഞ അതേ വാചക മാണ് എന്റെ മനസ്സിൽ അപ്പോൾ പൊന്തി വന്നത്.

''എന്തായാലും ഒരു മനുഷ്യനല്ലേ''

അന്നുരാത്രി ഖാലിദ് ഉറങ്ങിയില്ല. അടക്കിപ്പിടിച്ച തേങ്ങലുകളും ഇടവിട്ട ദീർഘനിശ്വാസങ്ങളും കെട്ടുപിണഞ്ഞ ഇരുട്ടിൽ എനിക്കും ഉറങ്ങാൻ കഴി യുമായിരുന്നില്ല. ഖാലിദിന്റെ സങ്കടങ്ങൾക്ക് മീതെ പനമരങ്ങളിലെ കാറ്റിന്റെ മർമ്മരം ഇടയ്ക്കിടെ ഉയർന്നുകേട്ടു.

''രഞ്ജൻ ഭായ് ....'

മയങ്ങി വന്ന കണ്ണുകൾ ഉറക്കത്തിലേക്ക് വഴുതിവീണ ഏതോ നിമിഷത്തിൽ അതിനെ മുറിപ്പെടുത്തിക്കൊണ്ട് ഖാലിദ് എന്നെ വിളിച്ചുണർത്തി. അവന്റെ കണ്ണു കൾ വീർത്ത് കലങ്ങിയിരുന്നു.

''സബ് ചൽ ഗയാ ഭായ് സബ് ചൽ ഗയാ''

പഴയ പല്ലവി തന്നെ.

''പറയൂ ഖാലിദ് എന്താണ് നിനക്ക് പറ്റി യത്'' എന്റെ ഒരു ചോദ്യത്തിനായി കാത്തി രിക്കുകയായിരുന്നു അവൻ. ഒരു പഴന്തുണി ക്കെട്ട് പോലെ അയാൾ താഴേക്ക് ഊർന്നു വീണു. കട്ടിലിൽ തല വച്ച് കൊണ്ട് അയാൾ വീണ്ടും കരഞ്ഞു.

‘‘'മേരീപത്നി.. മേരേ ബച്ചേ.. മേരി ബഹൻ... സബ് ബർബാദ് ഹോഗയാ...' (എന്റെ ഭാര്യ, മക്കൾ, സഹോദരി, എല്ലാം നശിച്ചു). അവന്റെ കുടുംബത്തിന് എന്തോ ആപത്ത് സംഭവിച്ചിട്ടുണ്ട് എന്ന് എനിക്ക് മനസ്സിലായി. പക്ഷേ കണ്ണീരിനിടയിൽ ക്കൂടി ഖാലിദ് പറഞ്ഞത് മുഴുവൻ എന്റെ ചിന്തകൾക്കും അപ്പുറത്തുള്ള ദുരന്തമാ യിരുന്നു. മഞ്ഞുറഞ്ഞ പഷ്തൂൺ താഴ്‌വ രയിലെ വാടക വീട്ടിലേക്ക് ഇരച്ചു കയറി വന്ന പട്ടാളക്കാർ മാനഭംഗം ചെയ്ത അവന്റെ ഭാര്യ.. സഹോദരി... കുട്ടികൾ... തോക്കിൻ മുനയിൽ നിസ്സഹായരായി നിന്ന മാതാപിതാക്കൾ.

കടുത്ത രോഷം എന്റെ ഉള്ളിൽക്കിടന്ന് പിടഞ്ഞു.

''നിനക്കൊന്ന് നാട്ടിൽ പോയിക്കൂടെ ഖാലിദ്?'

''നഹി ഭായ് മുഛേ നഹീം ദേഖ്നാ...' (എനിക്ക് കാണണ്ട)

''ദൈവം എല്ലാറ്റിനും ഒരു വഴി കാണിച്ചു തരും നീ മനസ്സുരുകി പ്രാർത്ഥിക്ക്'

അത് പറഞ്ഞു കഴിഞ്ഞപ്പോൾ എനി ക്ക് തന്നെ അത്ഭുതം തോന്നി ഒരിക്കൽ പ്പോലും ദൈവത്തെ കൂട്ട് പിടിക്കാത്ത ഞാൻ അങ്ങനെ ചെയ്യാൻ മറ്റൊരാളെ പ്രേരിപ്പി ക്കുക. പക്ഷേ അഞ്ചു നേരം പ്രാർത്ഥിക്കുന്ന ആ പാവങ്ങളോട് ദയ കാട്ടാത്ത ദൈവ ത്തോട് ഞാൻ എന്താണ് പ്രാർത്ഥിക്കേണ്ടത് എന്നാണ് അവൻ എന്നോട് ചോദിച്ചത്.

'ജീവിതത്തിലെ ഉയർച്ചതാഴ്ചകൾ എല്ലാം മുൻകൂട്ടി ആരോ എഴുതപ്പെട്ടതാണ് ഖാലിദ്'

'ഹം ഐസേ ആശ്വാസ് കരേംഗേ'' (തൽകാലം അങ്ങനെ ആശ്വസിക്കാം) അത് പറയുമ്പോൾ അവന്റെ മുഖത്ത് വെറുപ്പ് പ്രകടമായിരുന്നു. കടുത്ത ദൈവവിശ്വാസി യായ ഖാലിദ് റഹ്മാൻ അങ്ങനെ ഒറ്റ രാത്രി കൊണ്ട് ദൈവത്തെ തള്ളിപ്പറഞ്ഞു. പക്ഷേ മഞ്ഞുറഞ്ഞ താഴ്‌വരയിൽ നഷ്ടപ്പെട്ടു പോയ പ്രിയപ്പെട്ടവരുടെ ജീവിതം തിരികെ പിടിക്കുവാൻ അയാളെന്നിൽ അഭയം കണ്ടെത്തിയത് ഏതോ ദൈവത്തിന്റെ നിയോഗമാണെന്ന് ഞാൻ വിശ്വസിച്ചു.

'ഭായ് മേരേ ബച്ചോം സേ ബാത് കരോ ഗേ ക്യാ?' (എന്റെ മക്കളോട് ഒന്നു സംസാ രിക്കുമോ) അയാൾ ഫോൺ നീട്ടിക്കൊണ്ട് ചോദിച്ചു. ഞാൻ ചെയ്യുന്നത് രാജ്യദ്രോഹ ക്കുറ്റമല്ലേ എന്ന ചിന്ത എന്റെ ഉള്ളിൽ മിന്നി മറഞ്ഞു. എങ്കിലും മേക്കരപ്പാട്ടിലെ ബാല കൃഷ്ണപൊതുവാളിന്റെ നാടൻ തത്വ ശാസ്ത്രം എന്റെ സംശയത്തെ മുക്കി ക്കളഞ്ഞു.

'എന്തായാലും ഒരു മനുഷ്യനല്ലേ'' ഫോൺ വാങ്ങി വിറയാർന്ന ശബ്ദത്തിൽ ഞാൻ പതുക്കെ പറഞ്ഞു....

''ഹലോ'' ഒരു അപരിചിതന്റെ ശബ്ദം കേട്ടത് കൊണ്ടായിരിക്കണം മറുതലക്കലെ വിങ്ങിക്കരച്ചിൽ പൊടുന്നനെ മുറിഞ്ഞു. ഒരാളും സഹായത്തിന് ഇല്ലാതെ നെഞ്ചു രുകി കരയുന്നവർക്ക് ആശ്വാസത്തിന്റെ ഒരു പതിഞ്ഞ ശബ്ദം പോലും എത്രമാത്രം വിലപ്പെട്ടതാണെന്ന് അപ്പോൾ ഞാൻ തിരി ച്ചറിഞ്ഞു. ആ നിമിഷം മുതൽ അങ്ങോട്ട് പഷ്തൂൺ താഴ്‌വരയിലെ ചെറിയ വീട്ടിലെ സ്വീകരണമുറിയിൽ അസ്ലത്തും, മുനീറയും, ദിയയും, ദിഹയും എന്റെ വാക്കുകൾക്കായി കാതോർത്തിരിക്കുവാൻ തുടങ്ങി. പ്രതീക്ഷ യുടെ പുതിയ ശലഭക്കുഞ്ഞുങ്ങൾ മഞ്ഞു പാളികളിൽ പാറിനടക്കുന്നത് ഇങ്ങ് മരു ഭൂമിയുടെ ഓരത്തിരുന്ന് ഞാൻ കണ്ടു. മേക്കരപ്പാട്ടിലേക്ക് വിളിച്ചറിയിക്കുന്ന വിശേഷങ്ങളുടെ കൂട്ടത്തിൽ ഖാലിദും കുടുംബവും കടന്നുവന്നപ്പോൾ അമ്മയ്ക്ക് വലിയ പരിഭ്രമം ആയിരുന്നു. പക്ഷേ അച്ഛന്റെ ലോക്കൽ ഫിലോസഫി എന്റെ കൂട്ടിനുണ്ടായിരുന്നു.

''മേക്കരപ്പാട്ടിലെ സ്നേഹവും പാകി സ്ഥാനിലെ സ്നേഹവും ഒന്നുതന്നെയാണ് മോനേ'' അതായിരുന്നു അച്ഛൻ തന്ന ധൈര്യം. ആ ഒരു വിശ്വാസത്തിൽ നിസ്സ ഹായനായിനിന്ന ഖാലിദിന്റെ അച്ഛനെ മേക്കരപ്പാട്ടിലെ ബാലകൃഷ്ണപൊതു വാൾ ആശ്വസിപ്പിച്ചു.

'ക്യാ സോച് രഹേ ഹോ ഭായ്?' (എന്താണ് ആലോചിക്കുന്നത്)

ഖാലിദ് എഴുന്നേറ്റത് ഞാനറിഞ്ഞി രുന്നില്ല. അവൻ ഭിത്തിയിൽ ചാരിയിരുന്ന് എന്നെ നോക്കുകയായിരുന്നു.

'അഭീ തക് കുച് ഭീ നഹീം ഖാനാ' (ഇതു വരെ ആയിട്ടും ഒന്നും കഴിച്ചില്ലേ.)

അപ്പോൾ മാത്രമാണ് ഭക്ഷണത്തെ ക്കുറിച്ച് ഞാൻ ചിന്തിച്ചത്. എങ്കിലും ഞാൻ പറഞ്ഞു.

'കുറച്ചു കഴിയട്ടെ '

എന്നിട്ട് അവനുള്ള ഭക്ഷണം ഞാൻ വിളമ്പിക്കൊടുത്തു.

'ആപ്കാ ദൂസരാ റിസൾട്ട് ആജ് ആയേഗാ' (നിങ്ങളുടെ രണ്ടാമത്തെ ഫലം ഇന്ന് വരും)''

'ആ വരട്ടെ ... '

അതിൽ അത്ര താല്പര്യം കാട്ടാതെ ഞാൻ ജനാലയ്ക്കൽ വന്ന് നിന്നു. വെയിൽ നാളങ്ങൾ നീണ്ട് ജനൽ പടി കടന്ന് അകത്തേക്ക് വീണ് കിടപ്പുണ്ട്. രോഗം പടർന്ന് തുടങ്ങിയതിന്റെ ഇരുപത്തി യെട്ടാം ദിനമായിരുന്നു. ഫിലിപ്പൈനിക്കാ രൻ സെയിൽസ് മാൻ ജോൺ പാട്രിക് അബ്ദുള്ള ബാഷിയുടെ സൂപ്പർമാർക്കറ്റിൽ കുഴഞ്ഞുവീണത്. മുപ്പത്തിരണ്ട് ജീവന ക്കാർ ഉണ്ടായിരുന്ന സൂപ്പർമാർക്കറ്റിന് അന്ന് താഴ്‌വീണു. അതാത് ഇടങ്ങളിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന ബാക്കി മുപ്പത്തിയൊന്ന് പേരിൽ ആദ്യം രോഗം സ്ഥിരീകരിച്ചത് എനിക്കായിരുന്നു. എന്നോ ടൊപ്പം കഴിഞ്ഞിരുന്ന ഖാലിദ് എന്നിട്ടും എന്നെ വിട്ട് പോകാൻ കൂട്ടാക്കിയില്ല.

'നഹീം ... മേം ആപ്കോ ഛോട്കർ കഹീ നഹീം ജാവുംഗാ' (ഇല്ല, ഞാൻ നിങ്ങളെ വിട്ട് എങ്ങും പോകില്ല)

വൈറസുകൾ പെരുകിയ ശ്വാസകോശ വുമായി നാലുചുവരുകൾക്കുള്ളിലെഏകാ ന്തതയിൽ എന്നെ ഉപേക്ഷിക്കാതിരുന്ന ഖാലിദിന്റെ വാക്കുകളിൽ ഒട്ടും ഭയമില്ലാ യിരുന്നു. അപ്പോഴാണ് പണ്ട് പന മരങ്ങ ൾക്ക് ചുവട്ടിൽ വച്ച് കൈകൾ കൂട്ടി മുട്ടിച്ച് ചൊല്ലിയ ശ്ലോകത്തിന്റെ അർത്ഥം എനിക്ക്

പറഞ്ഞ് തന്നത്.

'ഭൂമിയിലെ നന്മയുടെ മേൽ നിങ്ങൾ നാശം വിതയ്ക്കരുത്, നിങ്ങൾ പേടിയോടെയും പ്രതീക്ഷയോടെയും ദൈവത്തോട് പ്രാർത്ഥിക്കുക, അവന്റെ അനുഗ്രഹം നന്മചെയ്യുന്നവരോടൊപ്പമാണ്' അതായിരുന്നു അവൻ പറഞ്ഞതിന്റെ സാരാംശം.

മരണമാണോ ജീവിതമാണോ മുന്നിലെന്ന് തീർച്ചയില്ലാതാകുമ്പോൾ തോന്നുന്ന ധൈര്യത്തിനപ്പുറം ഈ ചിന്തയാണ് അവനെ എന്നോട് ചേർത്ത് നിർത്തിയത് എന്ന് എനിക്ക് ബോധ്യമായി. എന്റെ ചിന്തകളെ മുറിച്ചു കൊണ്ട് വീണ്ടും കതകിൽ മുട്ട് കേട്ടു.

''ഡോക്ടർ ഹോഗാ' (ഡോക്ടർ ആയിരിക്കും) അത് പറഞ്ഞുകൊണ്ട് ഖാലിദ് എഴുന്നേറ്റ് വാതിൽ തുറന്നു.

'എപ്പടി ഇരുക്ക്'

അകത്തേക്ക് കടക്കാതെ ഡോക്ടർ അൻപുമണി ചോദിച്ചു

'മുഝേ കോയി തക് ലീഫ് നഹീം, ലേകിൻ ഭായി കോ' (എനിക്ക് കുഴപ്പമൊന്നുമില്ല പക്ഷേ ഭായിക്ക്)

ഖാലിദ് അത് പൂർത്തിയാക്കിയില്ല. ശരിക്കും എനിക്ക് ശരീരത്തിനുപരി മനസ്സിനായിരുന്നു പ്രശ്നം. 'രഞ്ജൻ... ഉങ്കളുടെ സെക്കൻഡ് റിസൾട്ടും പോസിറ്റീവ് താൻ'. ഖാലിദിന്റെ മുഖം മങ്ങി. കഴിച്ചു കൊണ്ടിരിക്കുന്ന മരുന്നുകൾ തുടരാനും പ്രത്യേകിച്ച് എന്തെങ്കിലും അസ്വസ്ഥതകൾ ഉണ്ടെങ്കിൽ ബന്ധപ്പെടാൻ ഒരു എമർജൻസി നമ്പറും പിന്നെ കുറെ ഉപദേശങ്ങളും തന്നിട്ട് ഡോക്ടറും സംഘവും പടിയിറങ്ങിപ്പോയി.

''ഇനിയും എത്ര നാൾ നമ്മളിവിടെ കഴിയേണ്ടിവരും ഖാലിദ്?'

ഒരു നനഞ്ഞ ചിരിയിൽ അവന്റെ മറുപടി ഒതുങ്ങി.

''കുറച്ചു നാൾ കഴിയുമ്പോൾ നമ്മൾ രണ്ടുപേരും ഇതുപോലെതന്നെ ഉണ്ടാകുമോ?''

അപ്പോൾ ഖാലിദിന്റെ മുഖത്തെ ചിരി മായുകയും ഇരുട്ട് കൂടുകയും ചെയ്തു. അൽറാഫീസ് മെട്രോ ക്ലിനിക്കിൽ ഇന്നലെ വൈകിട്ട് മരണമടഞ്ഞ എട്ടുപേരിൽ ഒരാൾ സൂപ്പർ മാർക്കറ്റിലെ തമിഴ് നാട്ടുകാരനായ രാജേന്ദ്ര സ്വാമി ആണെന്ന് അറിഞ്ഞതിന് ശേഷം ഞാനും മരണത്തെപ്പറ്റി ചിന്തിക്കാൻ തുടങ്ങിയിരുന്നു. അന്ന് മുഴുവൻ ഖാലിദ് ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമായിരുന്നു സംസാരിച്ചത്. മരണത്തിനും ശമനത്തിനുമിടയിലെ ഇടവേളകളിൽ ഞങ്ങൾ തളർന്നുറങ്ങി. അപ്പോഴൊക്കെ ഉള്ള ഏക ആശ്വാസം മേക്കരപ്പാട്ടിലേക്കും പഷ്തൂണിലേക്കുമുള്ള ഫോൺവിളികൾ ആയിരുന്നു. 'മോനേ മനസ്സ് തളർന്നാൽ ശരീരത്തെ രോഗം വേഗം കീഴടക്കും, ധൈര്യം കൈവിടരുത്'' ഏറ്റവുമൊടുവിൽ വിളിച്ചപ്പോൾ അച്ഛന്റെ ഉപദേശം അതായിരുന്നു മനസ്സും ശരീരവും തമ്മിലുള്ള യുദ്ധമാണ് ഒരു രോഗി അനുഭവിക്കുന്ന ഏറ്റവും വലിയ പരീക്ഷണം എന്നുകൂടി പറഞ്ഞു വച്ച അച്ഛൻ ഒരു ഉപദേശം കൂടി തന്നു. 'ആർത്തിരമ്പുന്ന കടലിലെ ഏകാകിയെപ്പോലെ ആയിരിക്കും ചില രോഗികൾ നില വിട്ടാൽ അഗാധതയിലേക്ക് കൂപ്പുകുത്തും, തിരയും ചുഴിയും മുറിച്ചു നീന്തി അവരെ രക്ഷിക്കുവാൻ മനസ്സിന്റെ ആ ധൈര്യം മാത്രം മതി''.

അടുത്ത ദിവസം ഡോക്ടർ അൻപുമണി പരിശോധനയ്ക്ക് വന്നപ്പോൾ ഞാൻ അവശനായി കിടക്കുകയായിരുന്നു. എന്റെ നില കുറച്ച് ക്രിട്ടിക്കൽ ആണെങ്കിലും ആശുപത്രികളിൽ ബെഡ് ഒഴിവില്ലാത്തതിനാൽ തൽക്കാലം റൂമിൽ തുടരാൻ നിർദേശിച്ചപ്പോൾ ഖാലിദ് പൊട്ടിത്തെറിച്ചു.

''ക്യാ മർണേ കേ ബാദ് ഹീ തും ലോഗ് ഭായ് കോ അസ്പതാൽ ലേകർ ജാവോഗേ' (മരിച്ചതിന് ശേഷമേ നിങ്ങൾ ആശുപത്രിയിൽ കൊണ്ടുപോവുകയുള്ളോ) അതു പറഞ്ഞു കൊണ്ട് അവൻ തന്റെ മൊബൈൽ ഫോൺ വലിച്ചെറിഞ്ഞു. എന്നിട്ട് അവൻ എന്റെ കൈകൾ കൂട്ടിപ്പിടിച്ച് പറഞ്ഞു

''അഗർ ഭായി കോ കുച് ഹുവാതോ ഉസ് പരിവാർ കേലിയേ മേം ഹൂംഗാ' (ഭായിക്ക് എന്തെങ്കിലും സംഭവിച്ചാൽ ആ കുടുംബത്തിന് ഞാനുണ്ട്)

പക്ഷേ അങ്ങനെ ഒരു ഉറപ്പ് ഖാലിദിന് കൊടുക്കുവാൻ എന്തുകൊണ്ടോ എനിക്ക് കഴിഞ്ഞില്ല. കിംഗ് ഫഹദ് എക്സ്പ്രസ് ഹൈവേ പതുക്കെ സജീവമാകാൻ തുടങ്ങി. അൽഖുറേഷിലേക്കും, ബുറൈദിലേക്കുമുള്ള പാതയോരങ്ങളിലെ കച്ചവട കേന്ദ്രങ്ങളിൽ തിരക്ക് ഏറിവരുന്നതായി ഡോക്ടർ അൻപുമണി ഇടയ്ക്ക് പറയുന്നത് കേട്ടു.

മരണശേഷവും അടക്കം ചെയ്യപ്പെടാൻ കാത്തുകിടക്കുന്ന മൃതദേഹങ്ങളെപ്പറ്റി ഇന്നലെ പറഞ്ഞപ്പോഴാണ് നഗരങ്ങളിലെ തിരക്കിനെ കുറിച്ചും സംസാരിച്ചത്. ജീവിതത്തിലും മരണത്തിലും അവസരങ്ങൾക്കായി ഊഴം കാത്തു നിൽക്കുന്ന ഒരേ ഒരു ജീവിവർഗം മനുഷ്യർ ആയിരിക്കുമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ അതിന്റെ നീതിശാസ്ത്രം മനസ്സിലാക്കാൻ അപ്പോൾ എനിക്ക് കഴിഞ്ഞിരുന്നില്ല.

പന്ത്രണ്ടാം ദിനം തൊട്ടടുത്ത മുറിയിൽ രണ്ടു മരണങ്ങൾ ഉണ്ടായി. ഫിലിപ്പൈനിക്കാരൻ റസാലവും, ബംഗ്ലാദേശ്കാരൻ കമാൽ അക്ബറും, മരണം തൊട്ടരികിൽ എത്തിയതിന്റെ ഭീതി ഞങ്ങളിൽ പടർന്ന് തുടങ്ങി. ഖാലിദ് വളരെനേരം പുറത്തേക്ക് നോക്കിയിരുന്നു. ഒരു നീണ്ടമൗനത്തിനു ശേഷം അവൻ പറഞ്ഞു.

''സിന്തഗി ഇതനാ ഹീ ഹെ ഭായ്'' (ജീവിതം ഇത്രയേ ഉള്ളൂ)

അതു പറഞ്ഞുകൊണ്ട് അയാൾ എഴുന്നേറ്റപ്പോൾ ശരീരം വശങ്ങളിലേക്ക് വഴുതിപ്പോയി.

''കുച്ച് അച്ചാനഹീം ലഗാ രഹാ ഹൈ ''(എന്തോ ഒരു ക്ഷീണം പോലെ)

അയാൾ ശരിക്കും വിറക്കുന്നുണ്ടായിരുന്നു.

''ഭായ് മുഝേ ഥോടാ ഗരം പാനി മിലേഗാ തോ അച്ചാ ഹോഗാ'' (എനിക്ക് കുറച്ച് ചൂട് വെള്ളം കിട്ടിയാൽ കൊള്ളാം)

അവനെ കട്ടിലിൽ കിടത്തി തല ഉയർത്തി വച്ച് ഞാൻ വെള്ളമൊഴിച്ചു കൊടുക്കുമ്പോൾ ആ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടു.

'മുഝേ മർണേ സേ നഹീം ഡർതാ.... ലേകിൻ' (എനിക്ക് മരിക്കാൻ ഭയമില്ല എന്നാലും.....)

ഒരു നിശബ്ദതയ്ക്ക് ശേഷം അവൻ പറഞ്ഞു.

''മേരീപത്നി... മേരേ ബച്ചേ.... മേരി ബഹൻ... (എന്റെ ഭാര്യ.... മക്കൾ..., സഹോദരി...) 'അയാളുടെ വാക്കുകൾ ഇടയ്ക്ക് വച്ച് മുറിഞ്ഞു. നീ മരിച്ചാൽ നിന്റെ കുടുംബത്തിന് ഞാനുണ്ട് എന്ന ഉറപ്പ് എന്നിൽ നിന്നും അവൻ പ്രതീക്ഷിക്കുന്നുണ്ട് എന്ന് എനിക്കറിയാമായിരുന്നു. ഒരു മടിയും കൂടാതെ എന്റെ കണ്ണുകളിൽ നോക്കി അങ്ങനെ ഒരു ഉറപ്പ് തരുമ്പോൾ അവന്റെ മനസ്സിൽ മേക്കരപ്പാട്ടിലെ ബാലകൃഷ്ണപ്പൊതുവാൾ പറഞ്ഞ മനുഷ്യൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് എനിയ്ക്ക് ബോധ്യമുണ്ടായിരുന്നു. രാത്രി അവൻ തികച്ചും അസ്വസ്ഥനായിരുന്നു. ഞങ്ങളുടെ സാമ്പിൾ പരിശോധനക്ക് എടുത്ത് മൂന്ന് ദിവസം കഴിഞ്ഞാണ് പിന്നീട് ഡോക്ടർ വന്നത്. അന്ന് പതിവിലും നേരത്തെ വന്ന് കതകിൽ മുട്ടി.

'ഡോക്ടർ ആയാ' (ഡോക്ടർ വന്നു)

ഖാലിദ് ഞെട്ടിയുണർന്നു. പക്ഷേ അയാൾ എഴുന്നേൽക്കാൻ പറ്റാത്തത്ര ദുർബലമായിരുന്നു.

'രഞ്ജൻ യൂ ആർ നെഗറ്റീവ്''

ഒരു മുഖവുരയും ഇല്ലാതെ പറഞ്ഞ് കൊണ്ട് വാതിൽ തുറന്നു.

'ക്യാ യഹ് സച്ച് ഹൈ ഡോക്ടർ സാബ്?' (സത്യമാണോ ഡോക്ടർ?.)

ഖാലിദ് അവിശ്വസനീയതയോടെ ചോദിച്ചു.

'യെസ്'

'യാ അള്ളാ'

അയാൾ മുകളിലേക്ക് നോക്കി കണ്ണുകളടച്ചു. ഒറ്റനിമിഷം കൊണ്ട് അയാളുടെ ദൈവം തിരികെ വന്നു. പക്ഷേ എനിക്ക് വലിയ ആവേശം തോന്നിയില്ല. മരണത്തോട് സമരസപ്പെട്ട എന്റെ മനസ്സ് മേക്കരപ്പാട്ടിലും പഷ്തൂണിലും കറങ്ങി നടക്കുകയായിരുന്നു.

'രഞ്ജൻ യു ഹാവ് ടു വെക്കേറ്റ് ഹിയർ റൈറ്റ് നൗ, നിങ്ങൾ മറ്റൊരിടത്ത് ക്വാറന്റെൻ മുടിയണം.'

'ഇവനെ ഒറ്റയ്ക്കാക്കി എനിക്ക് വരാൻ പറ്റുമെന്ന് തോന്നുന്നില്ല ഡോക്ടർ'

'വഹ് കോയി മുസീബത് നഹി ഹേ ഭായ്' (അത് ഒരു പ്രശ്നമല്ല.)

ഖാലിദ് നിസ്സംഗതയോടെ പറഞ്ഞു.

'അതും മട്ടുമല്ലെ, ദാറ്റ് ഈസ് ദ പ്രോട്ടോകോൾ ഓഫ് ട്രീറ്റ്മെന്റ്' ഡോക്ടർ തിടുക്കം കൂട്ടി.

'ഇതുവരെ ഞങ്ങൾ ഒരേ മുറിയിൽ കഴിഞ്ഞതും ഇതേ പ്രോട്ടോകോൾ അനുസരിച്ചായിരുന്നോ ഡോക്ടർ'

‘സോറി ഐ ഹാവ് നോ ടൈം ടു ആർഗ്യൂ' ഡോക്ടറുടെ സ്വരം കനത്തു. ‘’

‘’ഭായ് ആപ് ഇഥർ സേ ജാവോ ആപ്കാ ജാനാ സരൂരി ഹെ. വഹീ ദോനോം കേലിയേ അച്ചാ ഹെ’’ (ഭായ് താങ്കൾ ഇവിടെനിന്നും പോകണം പോയേ പറ്റൂ അതാണ് നമുക്ക് രണ്ടുപേർക്കും നല്ലത്.) അത് പറയുമ്പോൾ ഖാലിദിന്റെ കൺകോണുകളിലെ നനവ് ഞാൻ കണ്ടു.

അങ്ങനെ, മരണമാണോ ജീവിതമാണോ മുന്നിൽ എന്ന് നിശ്ചയമില്ലാതെ തുടർന്ന യാത്രയുടെ ഒരു തിരിവിൽ വച്ച് ഖാലിദിനെ തനിച്ചാക്കി ഞാൻ തിരികെ നടന്നു. അവശനായ അയാൾ ഭിത്തിയോടു ചേർന്ന് നിന്ന് കൊണ്ട് എനിക്ക് നേരെ കൈകൂപ്പി. മനസ്സിൽ നെറികേടിൽ പൊതിഞ്ഞ ഒരു സങ്കടം ഉടക്കിവലിച്ചു കൊണ്ടിരുന്നു. രോഗിയായ എന്നോടൊപ്പം കൂടി ഒടുവിൽ അത് അവന് തന്നെ പകർന്നു കൊടുത്തിട്ട് രക്ഷപ്പെട്ട ചതിയൻ എന്ന് ഏറ്റവും കുറഞ്ഞത് എന്റെ അച്ഛനെങ്കിലും പറയും എന്ന് എനിക്ക് അറിയാമായിരുന്നു.

‘‘തമ്പി ഇന്ത പ്രച്ചനം, യാരുടെയും തപ്പ് അല്ലെ ഇതിൽ നന്ദ്രി നന്ദ്രികേട് ഒന്നുമില്ലെ' ഡോക്ടർ എന്നെ ആശ്വസിപ്പിച്ചു.

രോഗമുക്തരായ വിദേശികളെ താൽക്കാലികമായി പാർപ്പിക്കുന്ന ഷെൽട്ടർ ഹോമിൽ ആയിരുന്നു പിന്നീടുള്ള പതിനാല് ദിവസം ഞാൻ കഴിഞ്ഞത്. ഇതിനിടയിലുള്ള എന്റെ ചിന്ത മുഴുവനും അവശനായിക്കണ്ട ഖാലിദിനെ കുറിച്ചായിരുന്നു. എനിക്കുവേണ്ടി എറിഞ്ഞുടച്ച മൊബൈൽ ഫോണിലേക്ക് അസ്ലത്തും, ഫിദയും, ദിഹയും ഫാത്തിമയും വിളിച്ചിട്ടുണ്ടാകും എന്ന ചിന്ത എന്നെ വേട്ടയാടിക്കൊണ്ടിരുന്നു. അത്യാസന്ന ഘട്ടത്തിൽ ബന്ധപ്പെടാൻ ഇന്ത്യയുടെ ഭൂപടത്തിന് ചുവട്ടിൽ കുറിച്ചിട്ടിരുന്ന എമർജൻസി നമ്പറിൽ അവൻ എങ്ങനെയായിരിക്കും വിളിച്ചിട്ടുണ്ടാവുക എന്നതും എന്നെ അലട്ടിക്കൊണ്ടിരുന്നു.

അവസാന ടെസ്റ്റും നെഗറ്റീവായി ഡിസ്ചാർജ് ചെയ്ത ദിവസം ഷെൽട്ടർ ഹോമിന് പുറത്ത് ഡോക്ടർ അൻപുമണി എന്നെ കാത്ത് നിൽപ്പുണ്ടായിരുന്നു. കഴിഞ്ഞ കുറേ നാളുകളായി പുറംലോകത്തെ കാഴ്ചകൾക്ക് മുന്നിൽ വൈറസ് വിരിച്ചിട്ട കറുത്ത മൂടുപടം അഴിഞ്ഞു വീണിട്ടും എന്റെ കൺമുന്നിലെ കാഴ്ചകൾക്ക് തീരെ തെളിച്ചം ഇല്ലായിരുന്നു.

‘വരുങ്കൾ, ഒരിടത്തുക്ക് സെല്ലലാം’. അത് പറഞ്ഞു ഡോക്ടർ കാറിൽ കയറി. നാഷണൽ ഹൈവേക്ക് സമാന്തരമായ സബ്‌വേയിലേക്ക് വണ്ടി തിരിഞ്ഞപ്പോൾ ഞാൻ ചോദിച്ചു.

‘ഖാലിദ്?’

‘അതുക്ക് മുന്നാടി വേറേ ഇടത്തക്ക് സെല്ലവേണ്ടും’

വാണിഭ കേന്ദ്രങ്ങളെല്ലാം സജീവമായിരിക്കുന്നു. യാത്രയിലുടനീളം ഡോക്ടർ നിശബ്ദനായിരുന്നു. എന്റെ പല ചോദ്യങ്ങൾക്ക് മുന്നിലും അദ്ദേഹം അസഹിഷ്ണുത കാട്ടിയപ്പോൾ ഞാൻ പിന്നെ സംസാരിച്ചില്ല. സബ് വേയിൽ നിന്നും വലത്തേക്ക് തിരിഞ്ഞ്, അൽ ഹാത്തും ജുമാമസ്ജിദിന് സമീപം വണ്ടി നിന്നു. മസ്ജിദിന് പിന്നിൽ കടലോളം പരന്നുകിടക്കുന്ന മീസാൻ കല്ലുകളിൽ വൈകുന്നേരത്തെ വെയിൽ നാളങ്ങൾ നിശ്ചലമായി കിടപ്പുണ്ട്. ഏതാനും വാരകൾ പിന്നിട്ട് ഞങ്ങൾ ചെന്ന് നിന്നത് പുതുതായി മൂടപ്പെട്ട ഒരു ഖബർ സ്ഥാനിന് സമീപമായിരുന്നു.

‘യൂ ആർ യതീയിസ്റ്റ് ഓർ തീയിസ്റ്റ്?’ ഡോക്ടർ സംശയത്തോടെ ചോദിച്ചു.

‘എനിക്കറിയില്ല ഡോക്ടർ’

‘എപ്പടി ആനാലും ഇങ്കേ ജപം സെയ്യുങ്കൾ'

കൂന കൂട്ടിയ പുതുമണ്ണിന്റെ ഇരുപുറങ്ങളിലും ഉറപ്പിച്ച കരിങ്കല്ലിൽ മരണപ്പെട്ടയാളിന്റെ വിവരങ്ങൾ എഴുതിവെച്ചിരിക്കുന്നു. അതിന്റെ മലയാള പരിഭാഷ ഇങ്ങനെയായിരുന്നു.

ഖാലിദ് റഹ്മാൻ
ജനനം 25.08.1981
മരണം 30.05.2020

എരിഞ്ഞു തീരാറായ പകലിന്റെ മുനമ്പിൽ ഇരുട്ടു പരന്ന് തുടങ്ങിയിട്ടും മീസാൻ കല്ലുകളെ വിട്ടുപോകാൻ എനിക്ക് കഴിഞ്ഞില്ല.

**2021–ലെ വായനാക്കുറിപ്പ് മത്സരം**
**ഒന്നാം സ്ഥാനം**

# ധർമ്മപുരാണം

**രാഹുൽ ആർ**
അസിസ്റ്റന്റ്




ഖണ്ഡശഃ പ്രസിദ്ധീകരണനാൾ മുതൽ ഒട്ടേറെ വിമർശനങ്ങളേറ്റു വാങ്ങിയ കൃതിയാണ് ധർമ്മപുരാണം. ഖസാക്കിന്റെ ഇതിഹാസത്തിനു ശേഷം ശ്രീ ഒ.വി വിജയൻ അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ രചിച്ച ധർമ്മപുരാണം, വിയറ്റ്നാം യുദ്ധം, ശീതയുദ്ധം തുടങ്ങി ആ കാലഘട്ടത്തിലെ ഒട്ടുമിക്ക രാഷ്ട്രീയ സംഭവവികാസങ്ങളെയും വ്യംഗ്യാർത്ഥത്തിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. അശ്ലീലവും രതിയും ഒരു മറയുമില്ലാതെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു. ശരീരങ്ങളുടെ നഗ്നതയും, ശവശരീരങ്ങളെ പോലും വെറുതെ വിടാത്ത പേക്കൂത്തുകളും നോവലിൽ ഉടനീളെ കാണാം.'ധർമ്മപുരി' എന്ന് പേരുള്ള അധർമ്മികളുടെ ദേശവും, ധർമ്മപുരിയുടെ പരമാധികാരിയായ പ്രജാപതിയും അയാളുടെ പതിറ്റാണ്ടുകൾ നീളുന്ന ഭരണത്തിനു കീഴിൽ ധർമ്മപുരിയിൽ അരങ്ങേറുന്ന സംഭവവികാസങ്ങളുമാണ് നോവലിന്റെ ഇതിവൃത്തം. അന്ധമായ ഉപഭോക്തൃ സംസ്കാരവും ചൂഷണവും നോവലിൽ

വളരെ ഭീകരമായി തന്നെ ചിത്രീകരിച്ചിരിക്കുന്നു.മുതലാളിത്തത്തിന്റെ പരിണിത ഫലമായി ഉള്ളവനും ഇല്ലാത്തവനും തമ്മിൽ അനുദിനം വർദ്ധിച്ചുവരുന്ന അന്തരം നമുക്ക് നോവലിൽ കാണാം. അധികാരസ്ഥാനത്തുള്ളവർ ലാവണ്യയെ പോലുള്ള സാധാരണക്കാരെ ചവച്ചുചണ്ടിയാക്കിതുപ്പുമ്പോൾ വിഴുപ്പലക്കുന്ന ശുഭ്രകൻ അവന്റെ ഭാര്യയെ സ്വകാര്യമായി പ്രാപിക്കാനായി വീട്ടിലുള്ളവരെ വിറ്റൊഴിവാക്കുകയാണ്. പ്രജാപതി അയാളുടെ സചിവരിലൊരുവന്റെ ഭാര്യയെ പ്രാപിക്കുമ്പോൾ തന്നെ അയാളുടെ പത്നി വിദേശ നിർമിത 'മധുരപലഹാരങ്ങൾക്കു' വേണ്ടി അന്താരാഷ്ട്ര ചരക്കു സംഘടനയിലെ അംഗങ്ങളുമായി കിടക്ക പങ്കിടുന്നു. ഒരിക്കലും അടങ്ങാത്ത മനുഷ്യന്റെ ദുരയെ ഇത്തരത്തിലുള്ള ഒന്നിലധികം സന്ദർഭങ്ങളിലൂടെ നമുക്ക് കാണാൻ സാധിക്കും. ഭരണം നില നിർത്താനായി ഇല്ലാത്ത ശത്രുവിനോട് യുദ്ധം പ്രഖ്യാപിക്കുന്നുണ്ട് പ്രജാപതി. യുദ്ധങ്ങളെ ദുഃഖങ്ങൾ എന്നാണ് ധർമ്മ പുരാണത്തിൽ വിശേഷിപ്പിക്കുന്നത്. യുദ്ധങ്ങളുടെ ആത്യന്തികമായ ഫലവും ദുഃഖം തന്നെയല്ലെ? അനാദികാലം മുതലേ നിലനിൽക്കുന്ന മഹാപർവ്വതത്തിനും പുഴകൾക്കും അതിരുകൾ നിശ്ചയിച്ച് പട്ടാളക്കാരെ കാവൽ നിർത്തുന്നതിന്റെ നിരർത്ഥകത നമുക്കിവിടെ കാണാം. അത് വെളിപ്പെടുന്നത് കപിലവസ്തുവിൽ നിന്ന് സർവ്വവും ത്യജിച്ച് സത്യാന്വേഷണത്തിനായി വരുന്ന സിദ്ധാർത്ഥനിലൂടെയാണ്. ആരാണ് സിദ്ധാർത്ഥൻ? പേര് സൂചിപ്പിക്കുന്ന പ്രകാരം ഗൗതമബുദ്ധൻ തന്നെയാണ് നോവലിൽ സിദ്ധാർത്ഥൻ. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നമ്മെ നയിക്കുന്ന ഗുരുപരമ്പരകളിൽ ഒരു കണ്ണി. അദ്ദേഹത്തിന്റെ വരവോടുകൂടെ ധർമ്മപുരാണത്തിനൊരു ആദ്ധ്യാത്മിക ഭാവം കൈവരുന്നു. പ്രജാപതിയുടെ ഭരണത്തിന്റെ ഇരുണ്ട താളുകളിൽ നിന്നും സിദ്ധാർത്ഥനിലേക്കെത്തുമ്പോൾ വായനക്കാരനും ആ മഹനീയമായ ഗുരുസാമീപ്യം അനുഭവപ്പെടുന്നു. 'യിന്നും' 'യാങ്ങും' പോലെ പ്രജാപതിയിൽ നിന്ന് സിദ്ധാർത്ഥനിലേക്കും, തിരിച്ചും വായന നീളുമ്പോൾ കറുത്തഫലിതങ്ങളിൽ ആരംഭിക്കുന്ന ധർമ്മപുരാണം സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പൊരുൾ തേടിപ്പോകുന്നത് കാണാം. സിദ്ധാർത്ഥനിലൂടെ യുദ്ധങ്ങളുടെ അർത്ഥമില്ലായ്മ മനസിലാവുന്ന പരാശരൻ, ലാവണ്യ, മന്ദാകിനി തുടങ്ങിയവർ ദുഃഖങ്ങൾക്കെതിരെ പോരാടുകയും പരാജയപ്പെടുകയും ചെയ്യുന്നു. സത്യത്തിന്റെ കാവലാളായ ഗോസായിയമ്മാവനെ വരെ കൊല ചെയ്യുന്ന ധർമ്മപുരിയിൽ ഒടുവിൽ സിദ്ധാർത്ഥനും തോറ്റുപിന്മാറുന്നു.

ധർമ്മപുരാണത്തെ കാലാതീതമാക്കുന്നത് എത്രമാത്രം ഇന്നത്തെ രാഷ്ട്രീയ അന്തരീക്ഷവുമായി ഈ കൃതിചേർന്നു കിടക്കുന്നു എന്നതാണ്. പ്രജാപതിയുടെ മലത്തിൽ കാണുന്ന പുഴുവിനെ ഉഗ്രസർപ്പമായി കൊട്ടിഘോഷിക്കുന്ന സചിവൻമാരും, വിചാരണയ്ക്ക് മുന്നേ തന്നെ ആൾക്കൂട്ടം രാജ്യദ്രോഹിയായി പ്രഖ്യാപിക്കുന്ന ജാൽക്കാരുവും, ഭരണകൂടത്തിന് ദാസ്യപ്പണി ചെയ്യുന്ന മാധ്യമങ്ങളും തുടങ്ങി നിരവധി നിരവധി ഘട്ടങ്ങളിൽ ഇതൊക്കെ തന്നെയല്ലേ ഇവിടെ സംഭവിക്കുന്നത് എന്ന് വായനക്കാരനെ ആശ്ചര്യപ്പെടുത്തുന്നു. ദുഷിച്ചുനാറിയ ഒരു വ്യവസ്ഥയിൽ നിസ്സഹായതയോടെ അതിന്റെ ഭാഗമായി തുടരുന്ന നമ്മൾ ഓരോരുത്തരെയും ധർമ്മപുരാണം വൈകാരികമായിവേട്ടയാടിക്കൊണ്ടിരിക്കും.



2020-ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം
ലേഖനം 1-ാം സ്ഥാനം

# കോവിഡ് 19 സ്ത്രീകളിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ



**ഷീല ടൈറ്റസ്**
അണ്ടർ സെക്രട്ടറി

ആഗോളതലത്തിൽ മനുഷ്യ ജീവിതത്തെ കീഴ്മേൽ മറിച്ചുകൊണ്ട് നോവൽ കൊറോണ വൈറസ് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിലാകമാനം ഏകദേശം 58,90,000 ആളുകളെ കൊറോണ വൈറസ് ബന്ധിച്ചതായും തന്മൂലം ഉളവാക്കുന്ന കോവിഡ് രോഗബാധയെ തുടർന്ന് ഏകദേശം 13,93,500 ആളുകൾ മരണപ്പെട്ടതായും വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ 2020 നവംബർ 24 ലെ കണക്കുകൾ പറയുന്നു. അനേകം കുടുംബങ്ങൾ ദാരിദ്ര്യവും സാമ്പത്തികഭാരവും കഷ്ടപ്പാടുകളും കൊണ്ട് ദുരിതത്തിലായിരിക്കുന്നു. രോഗബാധയുടെ ആദ്യനാളുകളിൽ ഇന്ത്യ മുഴുവനായും ഏറെ ദിവസങ്ങൾ അടഞ്ഞു കിടന്നു. ആബാലവൃദ്ധം ജനങ്ങൾ വീട്ടകങ്ങളിൽ അടയ്ക്കപ്പെട്ടു. തത്സംബന്ധമായി ഉടലെടുത്ത പല പ്രശ്നങ്ങൾക്കും ഇന്നും പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. കടന്നുപോയ കാലം ജനമനസ്സുകളിലേല്പിച്ച മുറിവുകൾ ഇന്നും ഉണങ്ങിയിട്ടില്ല.

കോവിഡ് 19 മഹാമാരി സാമൂഹികമായും സാമ്പത്തികമായും മാനസികമായും വളരെയേറെ നഷ്ടങ്ങളാണ് വരുത്തിവച്ചത്. അത് സ്ത്രീകളിൽ ഉളവാക്കുന്ന പ്രത്യാഘാതങ്ങളും മാനസിക പ്രശ്നങ്ങളും ആഗോളതലത്തിൽ ചർച്ചാവിഷയമായ സംഗതിയാണ്. മാനസിക സംഘർഷത്തിലായിരിക്കുന്നവരെ സംബന്ധിച്ച് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നടത്തിയ സർവ്വേയിൽ ഇത് സ്ത്രീകളെയാണ് കൂടുതൽ ബാധിക്കുന്നത് എന്ന് കണ്ടെത്തുകയുണ്ടായി. കോവിഡ് 19 ന്റെ പ്രത്യാഘാതമെന്നോണം ഉളവാകുന്ന മാനസിക സംഘർഷം 10% പുരുഷന്മാരെ ബാധിക്കുമ്പോൾ 27% സ്ത്രീകളെയാണ് ഇത് ബാധിക്കുന്നത്. ആഹാരത്തെപ്പറ്റിയുള്ള കരുതൽ, വീട്ടുജോലി, കുടുംബാംഗങ്ങളുടെ ആരോഗ്യസംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകൾ ഏർപ്പെടുന്ന വേതനരഹിത ജോലി അവരെ കടുത്ത സംഘർഷത്തിൽ എത്തിക്കുന്നതായാണ് കണ്ടെത്തൽ.

ലോക്ഡൗൺ കാലത്തും കൊറോണയെ പ്രതിരോധിക്കാനായി ക്വാറന്റീനിൽ കഴിയുന്ന അവസ്ഥയിലും ഒന്നും ചെയ്യാനില്ലെന്ന ചിന്തയും പുറംലോകത്തിൽ എത്തിപ്പെടാനുള്ള സ്വാതന്ത്ര്യമില്ലായ്മയും പല സ്ത്രീകളെയും അസ്വസ്ഥാക്കിയിട്ടുണ്ട്. വീട്ടിലിരിക്കുന്നത് അലസമായി സമയം ചെലവഴിക്കാനുള്ള പ്രവണതയായി വളർന്നു. ക്രിയാത്മകമായി എന്തെങ്കിലും ചെയ്യാൻ കഴിയാതെ ബോറടിയാണെന്ന് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ കോപം, കലഹം, പിണക്കം മുതലായവ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.



അവനവന്റെ ഉള്ളിലെ വിരസതയും നിഷ്ക്രിയത്വവുമാണ് അക്രമങ്ങളിലേയ്ക്ക് വഴി തിരിച്ചുവിടുന്നത് എന്നാണ് മനശാസ്ത്രജ്ഞരുടെ അഭിമതം. ഇത് പൊതുവായ കാര്യമാണെങ്കിലും സ്ത്രീകളെ സംബന്ധിച്ച് കൊറോണക്കാലം പലരിലും ഭീതിയും ഭയാശങ്കയും ജനിപ്പിക്കുന്നതോ വർദ്ധിപ്പിക്കുന്നതോ ആയിരുന്നു. കുടുംബാംഗങ്ങളുടെ ആരോഗ്യപരിപാലനത്തിനും ജാഗ്രതയ്ക്കുമായി ഏറെ പണിപ്പെട്ടതും സ്ത്രീകളാണ് എന്ന കാര്യത്തിൽ തർക്കമില്ല. വീട്ടമ്മമാരുടെ ജാഗ്രതക്കൂടുതൽ കൊണ്ട് 80% പേരും കുടുംബാംഗങ്ങൾക്ക് കൊറോണ ബാധിക്കുമോ എന്ന് പേടിക്കുന്നവരാണ്. ആരെങ്കിലും ഒന്നു തുമ്മിയാലോ ചുമച്ചാലോ ശരീരോഷ്മാവ് അല്പം കൂടിയതായി തോന്നിയാലോ വൈറസ് പിടികൂടിയെന്ന് അവർ വെറുതെ വേവലാതിപ്പെടുന്നു. സാമൂഹ്യമാധ്യമങ്ങൾ സസൂക്ഷ്മം പരിശോധിച്ച് കൊറോണ വരാതിരിക്കാനുള്ള പ്രതിരോധ വഴികളെക്കുറിച്ച് അന്വേഷിക്കുന്നു. കേട്ടറിവ് വച്ച് വീട്ടിൽ തയ്യാറാക്കാവുന്ന പൊടിക്കൈകൾ പ്രയോഗിക്കുന്നു. കൊറോണയെ സംബന്ധിച്ചു പുറത്തുവരുന്ന വാർത്തകൾ നിരന്തരം കണ്ടും കേട്ടും ആധി, വിഷാദം, കോപം തുടങ്ങിയ നെഗറ്റീവ് വികാരങ്ങളെ വിളിച്ചുവരുത്തി. വൈകിയിട്ടാണെങ്കിലും ഗ്രാമീണ മേഖലകളിലും കൊറോണ വൈറസ് അതിക്രമിച്ചു കയറിയപ്പോൾ അടിക്കടി ആംബുലൻസുകൾ സൈറൺ മുഴക്കി പാഞ്ഞുപോകുന്നതും രോഗികളെ കോവിഡ് ചികിത്സാകേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതും തിരികെ കൊണ്ടുവരുന്നതുമായ കാഴ്ചകൾ ചങ്കിടിപ്പോടെ നോക്കിക്കണ്ടു. ശരീരത്തിൽ ചെറിയ ചൂട് അനുഭവപ്പെട്ടാലും എനിക്ക് കോവിഡാണ്; ആശുപത്രിയിലൊന്നും കൊണ്ടുപോകണ്ട; വീട്ടിൽ കിടന്ന് മരിക്കണം എന്ന് നിർബന്ധം പിടിക്കുന്ന മുത്തശ്ശിമാർ; ബാൽക്കണിയിൽ നിന്നുള്ള ആകാശക്കാഴ്ചകൾ കണ്ടുമടുത്ത് പൊതുസ്ഥലങ്ങളിൽ കളിക്കാൻ പോകണമെന്ന് വാശിപിടിക്കുന്ന കുട്ടികൾ ഇവരെയെല്ലാം കൊറോണപ്പിടിത്തത്തിൽ നിന്ന് കരുതലോടെ കാക്കേണ്ടതും അമ്മമാരുടെ ചുമതലയിൽ വന്നു. നിത്യവൃത്തിക്ക് പണമില്ലാതെ ഭർത്താക്കന്മാർ വീട്ടിൽ മുരടിച്ചിരിക്കുമ്പോൾ അന്നം മുട്ടാതെ ദിവസങ്ങൾ എങ്ങനെ തള്ളിനീക്കുമെന്ന് വ്യാകുലപ്പെടുന്ന സ്ത്രീകൾ .... അന്യനാടുകളിൽ അകപ്പെട്ടുപോയ ഉറ്റവരെയോർത്ത് ചുടുനിശ്വാസമുതിർത്ത അമ്മമാർ... ഇവരിൽ കോവിഡ് ഏല്പിച്ച ആഘാതങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ല.

കേരളത്തിലെ വനിതകൾ സാക്ഷരതയിൽ മുന്നിലാണെങ്കിലും സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ അവരിൽ അടിച്ചേല്പിക്കുന്ന ചുമതലകളും കർത്തവ്യങ്ങളും നിരവധിയാണ്. ഇത് സ്ത്രീകളുടെ ശാരീരിക മാനസിക ആരോഗ്യത്തെ സാരമായി ബാധിക്കുന്നുവെന്നാണ് കണ്ടെത്തൽ. പകർച്ചവ്യാധി പടർന്നു പിടിച്ചപ്പോൾ നേരിടേണ്ടിവന്ന ദാരിദ്ര്യം, ഒറ്റപ്പെടൽ, പുരുഷാധിപത്യ അടിച്ചമർത്തൽ, ലൈംഗിക പീഡനം, ഗാർഹിക കലഹങ്ങൾ തുടങ്ങിയവ സ്ത്രീകളുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിച്ച ഘടകങ്ങളാണ്.



യന്ത്രം പോലെ തിരിഞ്ഞുകൊണ്ടിരിക്കുന്ന നിത്യജീവിതത്തിൽ കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുന്നതിനോ വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനോ ആർക്കും സമയം കിട്ടിയിരുന്നില്ല. ധന സമ്പാദനത്തിനുള്ള വ്യഗ്രത, കൂടുതൽ ഉയരങ്ങളിലെത്താനുള്ള അശ്രാന്ത പരിശ്രമം, മുഴുവൻ സമയ പഠനം ഇതെല്ലാം ജന ജീവിതത്തെ തിരക്കുള്ളവരാക്കി മാറ്റിയിരുന്ന അവസ്ഥയിലാണ് കൊറോണ വൈറസ് മഹാമാരിയായി ദുരന്തം വിതച്ച് കടന്നുവന്നത്. അതോടെ ടാർജറ്റുകൾ, ദൈനംദിന ഓഫീസ് കാര്യങ്ങൾ, പഠനം, യാത്രകൾ.. എല്ലാം മന്ദീഭവിച്ചു. വാതിലടച്ച് വീട്ടിലിരിക്കേണ്ടി വന്നതും മുഖാവരണമില്ലാതെ പുറത്തിറങ്ങാൻ കഴിയാത്തതും സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള പെരുമാറ്റങ്ങളും ഓൺലൈൻ മുഖാന്തരമുള്ള പഠനവും ആരാധനകളും മനുഷ്യ ജീവിതത്തെ മറ്റൊരു തലത്തിലേയ്ക്ക് നയിക്കുന്നതായി. അടച്ചിടൽ കുടുംബങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഭാര്യയും ഭർത്താവും ജോലി ചെയ്യുന്ന ഭവനങ്ങളിൽ നിലനിന്നിരുന്ന ദൈനംദിന താളം തെറ്റി. വ്യക്തിപരമായ വിഷയങ്ങൾ വീട്ടിലിരുന്ന് ചർച്ച ചെയ്യുവാൻ ചിലർക്കെങ്കിലും കഴിയാതെയായി. സൗഹൃദക്കൂട്ടായ്മകൾക്കു വേണ്ടിയുള്ള പൊതുസ്ഥലങ്ങളും ഹോട്ടൽ, തിയേറ്റർ എല്ലാം അടഞ്ഞുകിടന്നു. ഓഫീസ് വീട്ടിലെത്തുന്ന സംസ്കാരമായ വർക്ക് ഫ്രം ഹോം സ്ത്രീകളായ ഉദ്യോഗസ്ഥരുടെ ജോലിഭാരം വർദ്ധിപ്പിച്ചു. ഭാര്യയും ഭർത്താവും വീട്ടിലിരുന്ന് ഓഫീസ് ജോലി ചെയ്യുമ്പോൾ കുട്ടികളുടെ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ കഴിയാത്തതും സ്ത്രീകളിൽ മാനസികപിരിമുറുക്കം സൃഷ്ടിച്ചു. ദേഷ്യവും നിരാശയും കൊടികുത്തി വാണിടത്ത് 43.5 ശതമാനത്തോളം പേർ പങ്കാളികളോട് കലഹിച്ചതായാണ് കണക്കുകൾ പറയുന്നത്.

കോവിഡ് കാലത്ത് വീട്ടിലിരിക്കുമ്പോൾ സ്ത്രീകളുടെ ഗൃഹജോലിഭാരം വർദ്ധിച്ചു. ഭാരതീയ സ്ത്രീകൾ ഓഫീസ് ജോലികൾക്കു പുറമേ ദിവസവും 6 മണിക്കൂർ സമയം വേതന രഹിത ജോലി ചെയ്യുന്നതായി ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ പഠനങ്ങളിൽ പറയുന്നു. പുരുഷന്മാരാകട്ടെ ഇക്കാര്യത്തിൽ ഒരു മണിക്കൂർ താഴെ സമയമണ് ഉപയോഗിക്കുന്നത്. ആഗോളതലത്തിൽ സ്ത്രീകൾ ആകെ മണിക്കൂറിൽ 76.2% പ്രതിഫലമില്ലാത്ത വീട്ടുജോലികളിലും കുടുംബാംഗങ്ങളുടെ ആരോഗ്യപരിപാലനത്തിനും സമയം ചെലവഴിക്കുന്നു. കൊറോണ വ്യാപനസമയത്ത് 300 മില്യൺ കുട്ടികൾക്ക് ക്ലാസ്സ് റൂം പഠനം നഷ്ടപ്പെട്ടതായാണ് യുനെസ്കോയുടെ നിരീക്ഷണം. വീട്ടിലിരിക്കുന്ന കുട്ടികളുടെ പാലനവും അവരുടെ പഠനകാര്യങ്ങളിലുള്ള ശ്രദ്ധയും സ്ത്രീകളുടെ ജോലിഭാരം വർദ്ധിപ്പിച്ചു. 'Time to care' റിപ്പോർട്ടിൽ സ്ത്രീകളും പെൺകുട്ടികളും കൂലിയില്ലാത്ത, ഗൃഹപരിപാലനജോലികൾക്കായി ഓരോ ദിവസവും 3.26 ബില്യൺ മണിക്കൂറുകൾ മാറ്റിവയ്ക്കുന്നതായും ഇന്ത്യൻ സാമ്പത്തികരംഗത്ത് ഇത് ഓരോ വർഷവും 19 ലക്ഷം കോടി രൂപ സംഭാവന ചെയ്യുന്നതായും പറയപ്പെടുന്നു.

കോവിഡ് 19 ന്റെ അതിവ്യാപനത്തിൽ തൊഴിലിടങ്ങൾ പലതും അടഞ്ഞു കിടന്നു. പലർക്കും തൊഴിൽ നഷ്ടപ്പെടുകയോ കുറയുകയോ ചെയ്തു. അക്കാരണത്താൽ തന്നെ സാമ്പത്തിക വരുമാനം നന്നേ കുറഞ്ഞു. ഇത് സ്ത്രീകളിൽ കടുത്ത മാനസിക സമ്മർദ്ദത്തിന് കാരണമായി. ദിവസക്കൂലിക്ക് ജോലി ചെയ്യുന്നവർക്കും ചെറുകിട ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കുമാണ് ഈ സാഹചര്യം ഏറെയും പ്രശ്നങ്ങൾ സൃഷ്ടിച്ചത്. നഷ്ടപ്പെട്ട ജോലി തിരികെ ലഭിക്കുമോ എന്നും അല്ലെങ്കിൽ മറ്റൊരു തൊഴിൽ മേഖല കണ്ടെത്താനാകുമോ എന്നുമുള്ള ആശങ്ക സ്ത്രീകളിൽ മാനസിക സംഘർഷം വർദ്ധിപ്പിച്ചതായി പഠനങ്ങൾ തെളിയിക്കുന്നു.

പൊതുജന സമ്പർക്കമുള്ള മേഖലകളിൽ ജോലി ചെയ്യുന്നവരും പൊതുഗതാഗത സൗകര്യങ്ങളെ ആശ്രയിക്കുന്നവരുമായ സ്ത്രീകൾ രോഗബാധ ഉണ്ടാകുമോ എന്ന സംശയത്തിലാണ്. വീട്ടിൽ ചെറിയ കുഞ്ഞുങ്ങളോ പ്രായമായ മാതാപിതാക്കളോ ഉള്ളവരെയാണ് ഈ ഉത്ക്കണ്ഠ കൂടുതലായി ബാധിക്കുന്നത്. 80 % സ്ത്രീകളിലും രോഗം ബാധിക്കുമെന്ന നെഗറ്റീവ് ചിന്ത ഉണ്ടായതായി കണക്കാക്കുന്നു. ജോലിക്കു പോകാതിരുന്നാൽ നിത്യവൃത്തിക്ക് വിഷമിക്കേണ്ടിവരുമെന്നതിനാൽ അക്കാര്യത്തിലും പൊറുതിമുട്ടുന്നത് സ്ത്രീകളാണ്. വീടുവയ്ക്കുന്നതിനോ ചെറുവാഹനം വാങ്ങുന്നതിനോ വായ്പ എടുത്തവരിൽ പലരും തൊഴിൽ നഷ്ടപ്പെട്ടതിന്റെ സാമ്പത്തിക ഞെരുക്കത്തിൽ തുക തിരികെ അടയ്ക്കുവാൻ കഴിയാതെ വിഷമവൃത്തത്തിലായി. വളരെ സൂക്ഷ്മമായി കണക്കു നോക്കി പണം ചെലവഴിച്ചവരുടെ കാര്യമാണ് ആകെ ദുരിതത്തിലായത്. കുട്ടികളുടെ പഠനം ഓൺലൈൻ വഴി ആണെങ്കിലും കൃത്യമായി ഫീസ് അടയ്ക്കാതിരുന്നാൽ പഠനം നഷ്ടപ്പെടുമെന്ന ഭീതിയിൽ രോഗാവസ്ഥയിലും വീട്ടുജോലി അന്വേഷിച്ചിറങ്ങിയ സ്ത്രീകളും നമുക്ക് ചുറ്റിലുമുണ്ട്.

ബാങ്കുകൾ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചുവെങ്കിലും പണമടയ്ക്കാൻ കഴിയുന്നവർ അതു ചെയ്യുന്നത് സാമ്പത്തിക ബാധ്യത കുറയ്ക്കുമെന്ന അഭിപ്രായവും ഉയർന്നുവന്നിരുന്നു. ലോൺ തുക തവണകളായി അടയ്ക്കുവാൻ സാമ്പത്തികസ്ഥിതി ഉണ്ടായിട്ടും ബാങ്കുകാരുടെ നയം മുതലെടുത്ത് പണം അടക്കേണ്ട എന്ന് ഭർത്താവ് പിടിവാശി കാണിച്ച് അതിന്റെ പേരിൽ ഉണ്ടായ കലഹത്തെത്തുടർന്ന് അയാൾ വീടുവിട്ടിറങ്ങിപ്പോയത് യുവതിയായ ഭാര്യയിൽ ഏല്പിച്ച മാനസിക സംഘർഷവും കോവിഡിന്റെ പശ്ചാത്തലത്തിൽ തന്നെയായിരുന്നു.

കുട്ടികളുടെ പഠനം പൂർണ്ണമായും ഓൺലൈൻ മാധ്യമത്തിൽ ആയതോടെ അതിനുവേണ്ട ഉപാധികളായ സ്മാർട്ട് ഫോൺ, ലാപ്ടോപ്പ് തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് മാതാപിതാക്കളിൽ പലരും നന്നേ കഷ്ടപ്പെട്ടു. ഇവയുടെ അഭാവത്തിൽ മക്കളുടെ വിദ്യാഭ്യാസം പാടേ തകർന്നുപോകും എന്ന വേവലാതിയും പല അമ്മമാരെയും ബാധിച്ചിരുന്നു.

രോഗം പടർന്നുപിടിച്ചപ്പോൾ പല വീടുകളിലും കുംടുംബാംഗങ്ങൾക്കാകമാനം രോഗം പിടിപെട്ടു. കൗമാരക്കാരായ കുട്ടികളെ നിർബന്ധമായും ക്വാറന്റീനിലോ ഐസൊലേഷനിലോ പ്രവേശിപ്പിക്കേണ്ടതായി വന്നു. സ്ഥലപരിമിതി മൂലം കുടുംബാംഗങ്ങൾ പല സ്ഥലങ്ങളിലുള്ള ചികിത്സാകേന്ദ്രങ്ങളിൽ എത്തപ്പെട്ടതും അമ്മമാരിൽ ആശങ്ക ഉളവാക്കിയിരുന്നു. ഈ ഘട്ടത്തിൽ കുടുംബങ്ങളിൽ നിന്ന് അകറ്റി മാറ്റപ്പെട്ട കുട്ടികളിൽ ഭയവും ആശങ്കയും നിരാശയും വർദ്ധിച്ചത് സ്വാഭാവികം. അവരെ ആശ്വസിപ്പിക്കാനോ അടുത്തു ചെല്ലുവാനോ പരിചരിക്കാനോ കഴിയാതെ വന്ന അമ്മമാരുടെ ഹൃദയവേദന ആരറിയാൻ... അതുപോലെതന്നെയായിരുന്നു അസുഖം മൂലം വീടുകളിൽ നിന്ന് മാറ്റിപ്പാർപ്പിക്കപ്പെട്ട സ്ത്രീകളുടെ അവസ്ഥയും.

വൈറസ്ബാധ പടർന്നുപിടിച്ചപ്പോൾ കടുത്ത മാനസിക സംഘർഷം മൂലം ആത്മഹത്യചെയ്ത സ്ത്രീകളുടെ എണ്ണം ആഗോളതലത്തിൽ വർദ്ധിച്ചതായി ഇതു സംബന്ധിച്ച പഠനങ്ങളിൽ പറയുന്നു. ഒറ്റപ്പെടലിന്റെയും നിരാശയുടെയും സാമ്പത്തിക ഞെരുക്കത്തിന്റെയും അവസ്ഥയിലാണ് ഇവർ സ്വയം ജീവനെ

ടുക്കാൻ തുനിയുന്നത്. രോഗം വരുമോയെന്ന ഭയത്തെ അതിജീവിക്കുവാൻ കഴിയാതെ ആത്മഹത്യ ചെയ്ത സ്ത്രീകളും കുറവല്ലായിരുന്നു. രോഗം വന്നുപോയവരിലും നിർവ്വചിക്കപ്പെടാൻ കഴിയാത്ത മാനസികാവസ്ഥയിൽ ആത്മഹത്യ ചെയ്യുന്ന പ്രവണത വർദ്ധിച്ചതായി നിരീക്ഷണമുണ്ട്. പല കാരണങ്ങളാൽ ഓൺലൈൻ പഠനം മുടങ്ങിയതിന്റെ പേരിൽ സ്കൂൾ-കോളേജ് ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾ കേരളത്തിലും ആത്മഹത്യ ചെയ്തത് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തതാണല്ലോ.

വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിട്ടതോടെ ഓൺലൈൻ വഴിയായി നടത്തപ്പെട്ട പഠനസമ്പ്രദായത്തിനും പരിമിതികൾ ഏറെയാണ്. സഹപാഠികളെ നേരിട്ടു കാണുന്നതിനോ കളിക്കുന്നതിനോ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനോ കഴിയാതെ വന്നു. പഠനത്തിൽ മികച്ചനിലവാരം പുലർത്തിയിരുന്നവരിൽ പലർക്കും അതിന്റെ മികവ് പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ കുറഞ്ഞു. പരീക്ഷകൾ മാറ്റിവയ്ക്കുമോ തുടർപഠനം തടസ്സപ്പെടുമോ എന്നെല്ലാമുള്ള ആശങ്കകളും കൗമാരക്കാരായ പെൺകുട്ടികളെ സാരമായി ബാധിച്ചു. മാതാപിതാക്കളുടെ രോഗാവസ്ഥയിലോ ക്വാറന്റീനിലോ പഠനത്തിനിടെ വീട്ടുജോലികൾ ചെയ്യുന്നതിനും പല പെൺകുട്ടികളും ബാധ്യസ്ഥരായിത്തീർന്നതും നിരാശാജനകമായ മാനസികാവസ്ഥയിലായിരുന്നു.

ലോക്ഡൗൺ കാലത്ത് പലേടത്തും വീടിന്റെ നാലുചുവരുകൾക്കുള്ളിൽ പെണ്ണിനെ കാത്തിരുന്നത് പീഡനത്തിന്റെയും അപമാനത്തിന്റെയും കൊടിയ ക്രൂരതകളായിരുന്നു. ഇക്കാലത്താണ് കിടക്കമുറിയിൽ കൊടും വിഷമുള്ള പാമ്പിനെക്കൊണ്ട് കടിപ്പിച്ച് ഭാര്യയെ മരണത്തിലേയ്ക്ക് തള്ളിവിട്ട്, ജീവിതം സുഖകരമാക്കാൻ ശ്രമിച്ച ഭർത്താവിനെ ലോകം അറിഞ്ഞത്. മദ്യം ലഭിക്കാത്തതിന്റെ പക ഭാര്യമാരോട് വീട്ടുന്ന ഭർത്താക്കന്മാരും കുറവല്ലായിരുന്നു. കഴിഞ്ഞ 7 മാസങ്ങൾക്കുള്ളിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടത് 2668 ഗാർഹിക പീഡന കേസുകളാണ്.

കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ടും കേരളത്തിൽ സ്ത്രീപീഡന സംഭവങ്ങൾ ഉണ്ടായത് ഏറെ അപലപിക്കപ്പെട്ടു. കോവിഡ് ചികിത്സാകേന്ദ്രത്തിലേയ്ക്ക് കൊണ്ടുപോകുന്ന വഴി ആംബുലൻസിൽ വച്ചും രോഗവിമുക്തി സർട്ടിഫിക്കറ്റ് വാങ്ങാൻ ചെന്നയിടത്തുമെല്ലാം യുവതികൾ പീഡിപ്പിക്കപ്പെട്ടതു സംബന്ധിച്ച പ്രശ്നങ്ങൾ നാം അറിഞ്ഞതാണല്ലോ. ഇവിടെയും സ്ത്രീകളുടെ മനസിന് ആഘാതം സൃഷ്ടിക്കുന്ന വന്യതയും ക്രൂരതയുമാണ് പ്രദർശിപ്പിക്കപ്പെട്ടത്.

ഗർഭിണികളായ സ്ത്രീകളെയും കോവിഡ് ആശങ്കകൾ കഠിനമായ മാനസിക സംഘർഷങ്ങൾക്ക് അടിമകളാക്കി. പ്രസവം, ഗർഭസ്ഥശിശുവിന്റെ ആരോഗ്യം തുടങ്ങിയവയെക്കുറിച്ച് സാധാരണ ഉണ്ടാകുന്ന ഉത്കണ്ഠയിൽ നിന്ന് ഇത് മൂന്നിൽ രണ്ടു ഭാഗം വർദ്ധിച്ചതായി സർവ്വേകൾ വെളിപ്പെടുത്തുന്നു. സാധാരണഗതിയിൽ ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെയായി സമ്പർക്കത്തിൽ കഴിയുന്നത് ഗർഭിണികളിൽ പിരിമുറുക്കം കുറയ്ക്കുന്നതായാണ് കാണുന്നത്. എന്നാൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ ശാരീരിക അകലം പാലിക്കപ്പെടേണ്ടതിനാൽ സന്ദർശനങ്ങളും സമ്മാനങ്ങളും മാറ്റിവയ്ക്കപ്പെട്ടു. വിദേശരാജ്യങ്ങളിലും മറ്റും അകപ്പെട്ടവർക്ക് ഉറ്റവരിൽ നിന്നുള്ള സാന്ത്വനങ്ങളും പരചരണങ്ങളും നഷ്ടപ്പെട്ടതും കോവിഡ്കാലത്തെ പോരായ്മയായി മാറി. ഗൗരവകരമായ മാനസിക പ്രശ്നങ്ങൾ പലതും കൗമാരത്തിൽ തുടങ്ങി പ്രായപൂർത്തിയാകുമ്പോഴുംആവർത്തിക്കപ്പെടുമെന്നതിനാൽ ഗർഭിണിയായിരിക്കുമ്പോഴും കുഞ്ഞിനെ വളർത്തുന്ന ഘട്ടത്തിലും സ്ത്രീകൾ മാനസിക രോഗത്തിന് അടിമപ്പെടുന്നതിനുള്ള സാദ്ധ്യത കൂടുതലാണെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. നിരന്തരമായ സങ്കടവും അരക്ഷിതത്വവും താല്പര്യക്കുറവും മൂലം വിഷാദരോഗങ്ങൾ ഉണ്ടാകുന്നതിനുള്ള സാധ്യതയും ഈ ഘട്ടത്തിൽ വർദ്ധിച്ചിരുന്നു.

ആർഭാടപൂർവ്വം നടത്തേണ്ടിയിരുന്ന വിവാഹങ്ങൾ പലതും കോവിഡ് കാലമായതിനാൽ മാറ്റിവയ്ക്കുകയോ ലളിതമായി നടത്തുകയോ ചെയ്തതിലൂടെ യുവതികൾ സ്വപ്നം കണ്ടിരുന്ന, ജീവിതത്തിലെ സുപ്രധാനമായ ഒരു സംഭവം അതിന്റെ



ലാളിത്യം കൊണ്ട് ആളും ആരവവും ഇല്ലാതെ ശ്രദ്ധിക്കപ്പെടാതെ പോയോ എന്ന് വധുക്കൾ നിരാശപ്പെട്ടിരിക്കാം.

സ്ത്രീകളിലുളാകുന്ന മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് മറ്റു കുടുംബാംഗങ്ങൾക്ക് വീട്ടുജോലികളിൽ അവരെ സഹായിക്കാവുന്നതേയുള്ളൂ. രോഗ ഭീതി വിട്ടൊഴിഞ്ഞ് യോഗ, പ്രാർത്ഥന, ധ്യാനം, വ്യായാമം തുടങ്ങിയവയിലൂടെ മാനസിക സംഘർഷത്തിന് അയവു വരുത്താം. സന്തോഷം പകരുന്ന കാര്യങ്ങളായ പാട്ട്, വര, വായന, സ്പെഷ്യൽ പാചകം തുടങ്ങിയവയെല്ലാം സ്ത്രീകൾ ശീലമാക്കാം. തൊഴിൽ മേഖല നഷ്ടപ്പെട്ട വനിതകൾ തളർന്നുപോകാതെ പുതിയ മേഖലകൾ കണ്ടെത്തി സാമ്പത്തിക നഷ്ടത്തിൽ നിന്ന് കരകയറാം. കൊറോണയെ ഭയക്കാതെ ജാഗ്രതയോടെ നേരിടാം. സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന തെറ്റായ സന്ദേശങ്ങളെ അവഗണിക്കണം. ഓൺലൈൻ, ഗൂഗിൾ മീറ്റ് മുതലായവയിലൂടെ ബന്ധുക്കളുമായും സുഹൃത്തുക്കളുമായും ബന്ധപ്പെട്ട് വ്യക്തിബന്ധഅകലം കുറയ്ക്കാം. ഇപ്പോൾ മിക്കവാറും ഇടങ്ങളിൽ കോവിഡ് ബാധിതരെ സ്വഗൃഹത്തിൽ തന്നെ ഐസൊലേറ്റ് ചെയ്ത് പാർപ്പിക്കുന്നുണ്ട്. അവരെ ഒറ്റപ്പെടുത്താതെ ആഹാര സാധനങ്ങളും അവശ്യ വസ്തുക്കളും ബന്ധുക്കളോ അയൽക്കാരോ നൽകുന്നത് സ്ത്രീകൾക്ക് ആശ്വാസം പകരും. ഭവനത്തിൽ തന്നെ കിടപ്പുരോഗികൾക്കോ ആരോഗ്യം കുറഞ്ഞവർക്കോ കൊറോണ ബാധിച്ചുപോയാൽ ഉണ്ടാകുന്ന പ്രതിസന്ധികൾ മുൻകൂട്ടി അറിഞ്ഞ് അവതരണം ചെയ്യുന്നതിനുള്ള കരുത്ത് സ്ത്രീകൾ ആർജ്ജിക്കണം. ഇതിനെല്ലാം ആരോഗ്യപ്രവർത്തകരും സർക്കാരിന്റെ മാനസികാരോഗ്യ പദ്ധതികളും സജീവമായി ഒപ്പമുണ്ട്. അവർ നൽകുന്ന സഹായങ്ങൾ തുറന്ന മനസ്സോടെ സ്വീകരിക്കുവാൻ വനികതൾ തയ്യാറാകണം.

കൊറോണ വ്യാപനവുമായി ബന്ധപ്പെട്ട അടച്ചിടൽ കാലത്ത് ജനമനസ്സുകളുടെ വേദനകളും സ്പന്ദങ്ങളും ഉൾക്കൊണ്ട് ആരോഗ്യ പരിപാലനത്തിനും ജീവസന്ധാരണത്തിനും വേണ്ടി സംസ്ഥാന സർക്കാർ ഭാഗത്തുനിന്നുണ്ടായ നടപടികൾ ലോക ശ്രദ്ധ പിടിച്ചുപറ്റിയതാണ്. കൊറോണ മഹാമാരി ജനങ്ങളിൽ പ്രത്യേകിച്ച് സ്ത്രീകളിൽ മാനസിക സംഘർഷങ്ങൾ സൃഷ്ടിച്ച സാഹചര്യത്തിൽ സർക്കാർ ആശ്വാസം ക്ലിനിക്കുകൾ വഴി കൗൺസിലിംഗും ചികിത്സയും എത്തിക്കുന്നു. മാനസിക സംഘർഷത്തിലുള്ളവരുടെ പ്രയാസങ്ങൾ കേൾക്കാനും അന്വേഷിക്കാനും കൗൺസിലർമാരുടെ സഹായം ലഭ്യമാക്കി. സ്ത്രീകളുൾപ്പെടെ നിരവധി പേർ ഈ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

ഈ കാലവും കഴിഞ്ഞുപോകും..... സാമ്പത്തികവും വ്യക്തിപരവുമായ പ്രതിസന്ധികൾ ഏൽപിച്ച മുറിവുകൾ ചിലപ്പോൾ അവശേഷിക്കാം. തൊഴിൽ നഷ്ടങ്ങളുടെ ദുഃഖം ഏറുകയുമാകാം. പക്ഷേ ഇതെല്ലാം അതിജീവിക്കുവാൻ സ്ത്രീകൾ ആത്മവിശ്വാസത്തോടെ മുന്നേറണം.

2020-ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം
കഥ 2-ാം സ്ഥാനം

# പനിനീർചെമ്പകത്തിന്റെ മണമുള്ള പകലുകൾ

**എം. കെ. രാജൻ**
ഇൻഫർമേഷൻ അസിസ്റ്റന്റ്



സായാഹ്ന വെയിലിന്റെ ഒരു ചീള് ജാലകപ്പഴുതിലൂടെ ഓഫീസ് മുറിയിലേയ്ക്ക് നീണ്ടു വന്നു. പിന്നീടത് മേശപ്പുറത്തെ കണ്ണാടിയിൽ തട്ടിത്തെറിച്ച് അനുപമയുടെ മുഖത്ത് ചിതറി വീണു. ഫയൽക്കൂമ്പാരത്തിനുള്ളിൽ നിന്നും അനുമ തലയുയർത്തി നോക്കി. ചുമരിലെ ക്ലോക്കിൽ സൂചി അഞ്ചിലേയ്ക്ക് നീങ്ങുന്നു.

പുറത്തു വരാന്തയിലൂടെ തിടുക്കപ്പെട്ട് പോകുന്നവരുടെ കാലൊച്ചകൾ.... ബസ്സിന്റെയും ട്രെയിനിന്റെയും നേരത്തിനൊപ്പിച്ച് ജീവിതത്തിന്റെ സമയസൂചി ക്രമപ്പെടുത്തിയവർ...അവരുടെ സഞ്ചാര വേഗങ്ങളിൽ ആഹ്ലാദത്തിന്റെ നുരപ്പ് തിങ്ങിപ്പെരുക്കുന്ന വൈകുന്നേരങ്ങൾ.. വരാന്തയിലേയ്ക്ക് തുളുമ്പി വീഴുന്ന മൊബൈ

ലിന്റെ റിംഗ്ടോണുകളിൽ തുടിയ്ക്കുന്ന ഉത്സാഹത്തിന്റെ ഈണങ്ങൾ....

കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം എന്ന കുഞ്ഞുണ്ണി മാഷ്ടെ കവിത അവൾ വെറുതേ ഓർത്തു. ഇമ്പ മുണ്ടാകുന്നില്ലെങ്കിൽ പിന്നെ അവിടം എന്താണ്?..

വീട്ടിലിപ്പോൾ കലഹമൊഴിഞ്ഞ നാളു കളില്ലല്ലോ എന്നവൾ ഭീതിയോടെ ഓർത്തു. എല്ലാവരും വീട്ടിലേയ്ക്കെത്താൻ തിടുക്കം കൂട്ടുന്നവരാണ്. അങ്ങയെല്ലാത്തവരുമില്ലേ? സത്യത്തിൽ വീട് വിടുമ്പോഴാണ് സ്വസ്ഥത കിട്ടുന്നത് എന്ന് തോന്നിയിട്ടുണ്ട് .

ചിലർക്കെങ്കിലും വീട് ഒരു നരക മാണ്.

ഓഫീസിന്റെ മുറ്റത്ത് വിലകൂടിയ കാറിൽ വല്ലപ്പോഴും തന്നെ ഇറക്കിവിട്ടു പോകുന്ന മാഡത്തിന്റെ ജെന്റിൽമാനായ ഹസ്ബന്റിന്റെ ശരിയ്ക്കുള്ള സ്വഭാവം മറ്റാർക്കും അറിയില്ലല്ലോ ? പുറമേ കാണു ന്നതു പോലെയൊന്നുമല്ല ആളുകളും അവരുടെ ജീവിതവും.

ചെറിയ പ്രായത്തിൽ ജോലി കിട്ടു മ്പോൾ അനുപമയുടെ സ്വപ്നങ്ങൾ ഇതൊ ന്നുമായിരുന്നില്ല. ഒരു നാട്ടിൻപുറത്തു കാരിയുടെ മനസ്സുമായി നഗരത്തിൽ വണ്ടി യിറങ്ങിയിടത്തു നിന്നും കാലം ഇപ്പോൾ എത്രമാത്രം മുന്നോട്ടു പോയിരിക്കുന്നു. തീരുമാനമാണ് പ്രധാനം. ജീവിതത്തിൽ കൃത്യമായ സമയത്തെടുക്കുന്ന ശരിയായ തീരുമാനമാണ് വിധി നിർണ്ണയിക്കുന്നത്. വർണ്ണക്കാഴ്ചയുടെ കിട്ടുകളിൽ പെട്ടു പോയാൽ ഒരു പക്ഷേ ഇടറിവീണേക്കാം. അനുപമയുടെ ജീവിതത്തിൽ സംഭവി ച്ചതും അതാണ്.

നഗരഹൃദയത്തിൽ വലിയ വീട്, സർ ക്കാർ ഓഫീസിൽ ഉയർന്ന പദവിയുള്ള ജോലി. ഇതെല്ലാം കേട്ടപ്പോൾ ഒരു ശരാശരി പിതാവിന്റെ മാനസികാവസ്ഥയിലേ യ്ക്ക് അനുപമയുടെ അച്ഛനും എത്തിയിട്ടു ണ്ടാകും. മകളുടെ ഭാവി സുരക്ഷിതവും സന്തുഷ്ടവുമെന്നും അവരെല്ലാം കരുതി യിട്ടുമുണ്ടാകും. ആ വിചാരങ്ങളൊന്നും തിരുത്താൻ ഇതുവരെ തുനിഞ്ഞിട്ടുമില്ല.

ആരും ഒന്നുമറിയേണ്ടെന്നു കരുതി മൂടിവെച്ച് മൂടിവെച്ച് കൂടുതൽ കൂടുതൽ കെട്ടുകൾ പിണഞ്ഞ ഒരവസ്ഥയിലാണ് താനെന്ന് അനുപമയ്ക്കിപ്പോൾ നല്ല ബോധ്യമുണ്ട്.

സൊസൈറ്റി സ്റ്റോറിൽ നിന്നും വാങ്ങിയ പലഹാരപ്പായ്ക്കറ്റുകൾ ബാഗി ലേയ്ക്ക് ഒച്ചയോടെ തിരുകിവെച്ച് ഓഫീസ് അറ്റന്റന്റ് പോകാനുള്ള അനുമതി യ്ക്കായി അനുപമയുടെ കാഴ്ചയിലേയ്ക്ക് തലനീട്ടി.

"ങ്ഹും പൊയ്ക്കൊള്ളൂ... ഞാനട ച്ചോളാം.... കൊറച്ചൂടെ കഴിഞ്ഞേ ഞാനെ റങ്ങൂ....'

അവർ പുറത്തേയ്ക്കിറങ്ങി വരാന്ത യോളം നടന്ന് തിരിച്ചുവന്ന് മറന്നുവെച്ച എന്തോ ഒന്നുകൂടി എടുത്ത് ധൃതിയിൽ പുറത്തേയ്ക്ക് നടന്നു.

പാളയത്തു നിന്നോ മ്യൂസിയം സ്റ്റോ പ്പിൽ നിന്നോ ബസ്സിൽ കയറിയാൽ അര മണിക്കൂർ കൊണ്ട് വീടെത്തും. പലപ്പോഴും എന്തെങ്കിലുമൊക്കെ കാരണങ്ങൾ കണ്ടെത്തി താമസിച്ചിറങ്ങാൻ നോക്കും.

വ്യായാമത്തിനെന്നപോലെ കുറച്ചു നേരം നടന്നാൽ അത്രയും നേരം കൂടി വീട്ടിൽ നിന്നൊഴിഞ്ഞു നിൽക്കാം. ഓഫീ സുവളപ്പിലെ നിരനിരയായുള്ള വൃക്ഷ ക്കൂട്ടങ്ങൾക്കു നടുവിലെ പാതയിലൂടെ സ്ത്രീകളാരും നടക്കുന്നതു കണ്ടിട്ടില്ല. അല്ലായിരുന്നെങ്കിൽ കുറേനേരം അങ്ങനെ പോയിക്കിട്ടുമായിരുന്നു.

"മാഡം പോവാറായില്ലേ....?'

പെറ്റീഷൻ കമ്മിറ്റി സെക്ഷനിലെ പാർവ്വതി ശങ്കറാണ്. 2009 ബാച്ചിൽ വന്ന കുട്ടി.

ഓഫീസിലെ കോഫീ ഹൗസിലെ ഒരു ചായകുടിയ്ക്ക് ഇടയിലാണ് ആദ്യം പരിചയപ്പെടുന്നത്. തൊട്ടപ്പുറത്തെ മേശ യ്ക്ക് ചുറ്റുമിരുന്ന് ചായ കുടിയ്ക്കുന്ന പുതുതായി ജോയിൻ ചെയ്തവർ, അവ രുടെ ഒച്ചയും ബഹളവുമൊക്കെ ഉദ്ദേശിച്ച് സൂസി മാഡമാണ് പറഞ്ഞത്.

'ഇപ്പൊ വരുന്ന പിള്ളേർക്കെല്ലാം എന്ത് തലക്കനാ'

ശരിയാ-ഇവർക്കൊന്നും ഒര് മനുഷ്യ പ്പറ്റും ഇല്ലല്ലോന്ന് തോന്നും. കണ്ടാല് അറ്റ്ലീസ്റ്റ് ഒന്ന് ചിരിക്ക്യോം കൂടിയില്ല.

"ഓ.. എല്ലാവരും അങ്ങയൊന്നുമല്ല...'

അങ്ങനെ പറഞ്ഞിരിക്കുമ്പോഴാണ്

ആ കുട്ടി വന്നു പരിചയപ്പെടുന്നത്....

ചിറ്റാരിമംഗലത്തല്ലേ...മാഡം...?'

"ങ്ഹും...അവിടെ ആണോ...കുട്ടീടെ വീട്...?'

"എന്റെ അമ്മ വീട് ചിറ്റാരിമംഗലത്താ... അമ്പലത്തിന്റടുത്ത്....'

"ഓ....അറിയും....'

അന്നു മുതൽക്കാണ് ആ കുട്ടിയെ ശ്രദ്ധിക്കാൻ തുടങ്ങിയത്.

സർക്കാർ ജോലി കിട്ടിക്കഴിഞ്ഞാൽ പിന്നെ ശരീരഭാഷയൊക്കെയങ്ങ് മാറ്റുകയാണ് പലരും പ്രമോഷൻ ആകുന്നതിനൊപ്പം കനവും വീര്യവും കൂടിക്കൂടി സ്വയം സൃഷ്ടിച്ചെടുക്കുന്ന അഹങ്കാരത്തിന്റെ പീഠത്തിലേയ്ക്ക് കാലുകൾ കയറ്റിവെച്ചിരിക്കുകയാണ് പലരുടെയും പതിവ്.

അത്തരം അല്പത്തരങ്ങളൊന്നും ബാധിക്കാത്ത നല്ലൊരു കുട്ടി എന്ന് അന്നേ തോന്നിയിരുന്നു. അതു കൊണ്ടാണ് അന്നു മുതൽ അവൾ അനുപമയുടെ അടുത്ത സുഹൃത്തായത്. തലമുറകൾക്കിടയിൽ രൂപപ്പെട്ട സ്നേഹത്തിന്റെ ഒരു പാലം.

"മാഡം... ഇതെന്തിരിപ്പാണ്. പോവാറായില്ലേ?'

ഒരു നനുത്ത ചിരിയുമായി പാർവ്വതിശങ്കർ വാതില്പടിയും കടന്ന് അനുപമയുടെ സമീപം വന്നു. അനുപമ തലയുയർത്തി നോക്കിയിട്ടു പറഞ്ഞു.

"മറ്റന്നാള് വെയ്ക്കേണ്ട ഒരു റിപ്പോർട്ടാ ... പാർവ്വതി എറങ്ങ്യോ...?'

"ങ്ഹും ഇന്റർസിറ്റി...അഞ്ചരയ്ക്ക് എടുക്കും.... പിന്നെ വഞ്ചിനാടാ ഒള്ളത് അതിന് പോയാ ഒര്പാട് ലേറ്റാകും വീട്ടിലെത്താൻ...ദാ...മാഡം ചോദിച്ച ബുക്ക്...'

അവൾ ബുക്ക് നീട്ടി

അനുപമ അതു മറിച്ചു നോക്കി.

The Story of Ship wrecked sailor

കപ്പൽച്ചേതം വന്ന നാവികന്റെ കഥ മാർക്വിസിന്റെ നോവലാണ്.

പാർവ്വതി വായിച്ചോ ... ഇത് "?

ഊം.... ഒറ്റയിരിപ്പിന്.... ശ്വാസം പോലും വിടാതെ അയാൾ കടലിൽ നിന്നും രക്ഷപ്പെടുന്നതു വരെ ശരിക്കും നമ്മളും കടലിൽ പെട്ടതുപോലെ തോന്നും'

"എന്റെ കഥപോലെയില്ലേ ... പാർവ്വതീ ഇത്?'

അന്നേരം മറുപടിയില്ലാതെ പാർവ്വതി ശങ്കർ ജാലകത്തിലൂടെ വെറുതേ പുറത്തേയ്ക്കു നോക്കി. ചലിച്ചു തുടങ്ങിയ കാറിന്റെ ചക്രങ്ങൾക്കിടയിൽ ഒരു ആഫ്രിക്കൻ ഒച്ച് ഞെരിഞ്ഞു. തിരിഞ്ഞു നോക്കുമ്പോൾ അനുപമയുടെ നിറഞ്ഞ കണ്ണുകൾ.

"മാഡം....എന്താണിത്...?

"ഓ ഒന്നുമില്ല കുട്ടീ... ചിലപ്പോൾ തോന്നും ഞാനും ഒരു കടലിൽപ്പെട്ടതു പോലെ... സങ്കടക്കടലിൽ...'

"ഏയ് മാഡം . എന്തായിത്..?'

അവൾ അനുപമയുടെ ചുമലിൽ കൈത്തലം അമർത്തി. അപ്പോൾ ഒരാശ്വാസമെന്നോണം അനുപമ ആ കൈകളിൽ ഒന്നുകൂടി അമർത്തിപ്പിടിച്ചു.

"സാരമില്ല.... ഞാൻ പോട്ടെ... ഭൂമിയിൽ സങ്കടങ്ങളില്ലാത്ത മനുഷ്യരുണ്ടോ, മാഡം...?'

വാതില്പടിയോളം ചെന്ന് തിരിഞ്ഞു നോക്കിയിട്ട് പുറത്തെ നീളൻ വരാന്തയിലെ വെയിൽച്ചാലിലൂടെ നടന്നവൾ റെയിൽ വേസ്റ്റേഷനിലേയ്ക്ക് ലക്ഷ്യം വെച്ചു.

വിചാരിക്കാത്ത ആളുകളായിരിക്കും ചിലപ്പോൾ നമുക്ക് സാന്ത്വനത്തിന്റെ വിരൽത്തുമ്പുകൾ നീട്ടുന്നത്. വിചാരിക്കാത്ത ഇടങ്ങളാവും ചിലനേരം നമുക്ക് ആശ്വാസത്തിന്റെ തുരുത്തുകളായി മാറുന്നതും.

അങ്ങനെ ഒരാളാണിപ്പോൾ പാർവ്വതി

അങ്ങനെ ഒരിടമാണിപ്പോൾ ഓഫീസ്.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ കാന്റീനിൽ നിന്നോ ഭരാജി'യുടെ സ്നാക് ബാറിൽ നിന്നോ കഴിക്കുന്ന ചായയിലും സ്നാക്സിലും വിശപ്പിനെ തളച്ചിടും. നേരു പറഞ്ഞാൽ ഇപ്പോൾ വീട്ടിൽ പാചകം പതിവില്ല.

അദ്ദേഹം ഊബറിൽ നിന്നും ഇഷ്ടപ്പെട്ട ഫുഡ് ഓർഡർ ചെയ്തു വരുത്തിക്കഴിക്കും. അലമാരയിൽ ഒരു അറനിറയെ മുന്തിയതരം മദ്യക്കുപ്പികൾ അടുക്കിവെച്ചിട്ടുണ്ടാകും എപ്പോഴും .

രാവിലെ മദ്യത്തിന്റെ കുമിഞ്ഞ ഗന്ധത്തിനിടയിൽ നിന്നും തറയിൽ ചിതറിയ ഭക്ഷണാവശിഷ്ടങ്ങൾ തൂത്തു മാറ്റുമ്പോൾ

ഓക്കാനം വരും. ചിലപ്പോൾ അതിനും ചീത്ത കേൾക്കണം. 'ആർക്കാടീ നീ ...ഈ സമ്പാദിച്ചു കൂട്ടണെ?'

എന്ന ചോദ്യമാണ് എപ്പോഴും. ഒന്നോർത്താൽ ശരിയാണ്. ആണും പെണ്ണുമായി ഒരെയാരു മകൻ മാത്രം. തമിഴ്നാട്ടിലെ തിരുവാരൂർ ഇപ്പോഴവൻ ഹൗസ് സർജൻസി ചെയ്യുകയാണ്. ഇതെല്ലാം കണ്ടിട്ടാകാം അവന് വീട്ടിലേയ്ക്ക് വരണമെന്ന വിചാരം പോലുമില്ല. വന്നാൽത്തന്നെ മൂന്നുപേരും മൂന്നു തുരുത്തുകളിൽ ഒറ്റപ്പെട്ടു പോയതു പോലെയാണ്.

ഒരു പെൺകുട്ടിയും കൂടി ഉണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ ഇങ്ങനെയൊന്നുമാകുമായിരുന്നില്ല ജീവിതം. അനുപയ്ക്കൊരു കൂട്ടെങ്കിലുമാകുമായിരുന്നു.

ചുറ്റും മതിലുകൾ തീർത്ത ഈ വീടാണ് ഏറ്റവും വലിയ കാരാഗൃഹമെന്ന് അനൂപമയ്ക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

വാതില്ക്കൽ താക്കോൽക്കൂട്ടത്തിന്റെ കലമ്പൽ കേട്ടു.

നോക്കുമ്പോൾ കീ റൂമിലെ മുരളിയാണ്, മുണ്ടക്കയംകാരൻ.

"മാഡം എറങ്ങുമ്പോൾ വിളിച്ചാ മതി ഞാനടച്ചോളാം'

"ഇല്ല, താമസമില്ല. മുരളി. പൂട്ടിക്കോളൂ ഞാനെറങ്ങ്വാ'.

ഫയലുകൾ ഭദ്രമായി കെട്ടിവെച്ച് ബാഗുമെടുത്ത് വരാന്തയിലേയ്ക്കിറങ്ങുമ്പോൾ പിന്നിൽ വാതിലടയ്ക്കുന്ന ശബ്ദം കാറ്റിലൂടെ അലച്ചു വന്നു.

ഹനുമാൻ കോവിലിനടുത്തു നിന്നും ഒരു ഓട്ടോയിൽ കയറി പാർവ്വതിശങ്കർ റെയിൽവേ സ്റ്റേഷനിൽ എത്തുമ്പോൾ മൂന്നാമത്തെ പ്ലാറ്റ്ഫോമിൽ തിങ്ങിനിറഞ്ഞ ബോഗിയുമായി ഇന്റർസിറ്റി ചലിച്ചു തുടങ്ങിയിരുന്നു. അങ്ങനെയാണ് അഞ്ചാമത്തെ പ്ലാറ്റ്ഫോമിൽ പിടിച്ചിട്ടിരുന്ന വഞ്ചിനാടിന്റെ എഞ്ചിൻ ബോഗിയുടെ തൊട്ടടുത്ത, ഞാനിരുന്ന കമ്പാർട്ടുമെന്റിൽ വന്നു കയറുന്നത്.

ഞാനന്നേരം വിന്റോ സൈഡിലിരുന്ന് ഒരു പുസ്തകം വായിക്കുകയായിരുന്നു. പാർവ്വതിയോടൊപ്പം കമ്പാർട്ട്മെന്റിലേയ്ക്ക് കിതപ്പിന്റെ ഒരല തുടിച്ചിറങ്ങി. ഇരുന്നപാടെ അത്ഭുതത്തോടെ എനിയ്ക്കു നേരെ മിഴികൾ തുറിച്ചു.

"ഇത്... ഇത്... ഈ പുസ്തകം മാർക്വിസിന്റേതല്ലേ ?'

"ങ്ഹും.... കപ്പൽച്ചേതം വന്ന നാവികന്റെ കഥ "

"സർപ്രൈസായിരിക്കുന്നു...'

"എന്ത്യേ...?'

"ഈ പുസ്തകം ഞാനിപ്പോൾ നമ്മുടെ അനുപമ മാഡത്തിന് കൊടുത്തതേയുള്ളു...'

"പനീർ ചെമ്പകമല്ലേ...?'

"പനീർ ചെമ്പകമോ?'

"ങ്ഹാ.. അവരെ അങ്ങനെയാ വിളിക്കുന്നോ. പനീർ ചെമ്പകംന്ന്... പണ്ട് ഓഫീസിൽ വരുമ്പോൾ എന്നും മുടിയിൽ ഒരു പനിനീർച്ചെമ്പകം ഉണ്ടാകും...'

"എന്നിട്ട്...?

"ആ പൂവിന്റെ മണോംപിടിച്ച് ആരൊക്കെയോ പിന്നാലെ കൊറച്ചു കാലം നടന്നു.

"എന്നിട്ടോ?'

"മണം ബാക്കിയായി, അല്ലാണ്ടെന്താ...'

"ശരിയാ ഞാനൊക്കെ വരുമ്പം ആ മാഡത്തിനെ കാണാൻ എന്തഴകായിരുന്നു. നല്ലോണം മുടീം ഒക്കെയായി പക്ഷെ അവരുടെ ലൈഫ്...സങ്കടാ...'

"ആ സൈലൻസ് കാണുമ്പോ എനിയ്ക്കും തോന്നിട്ടൊണ്ട് "

"നമ്മൾക്കൊന്നും ഇമാജിൻ ചെയ്യാൻ പറ്റാത്തത്ര. സഫറ്ചെയ്യണൊണ്ട്. ഓർക്കുമ്പം... ചെലപ്പം... വെഷമം തോന്നും....'

ആ സംസാരം അങ്ങനെ നീട്ടിക്കൊണ്ടു പോകാൻ താല്പര്യമില്ലാതെ പാർവ്വതി ഒരു ദീർഘനിശ്വാസത്തിലേയ്ക്ക് ഹൃദയതാളം ക്രമീകരിച്ച് പിന്നിലേയ്ക്ക് ഓടി മറയുന്ന കാഴ്ചകളിലേയ്ക്ക് മിഴിപ്പൂക്കളെറിഞ്ഞു.

അടയാളം പിടിച്ചിരുന്ന പേജുകൾ തുറന്നു ഞാൻ വായനയിലേയ്ക്കു കടക്കുകയും മെല്ലെ ഉറക്കത്തിനു കീഴടങ്ങുകയും ചെയ്തു.

ഇതിനിടയിൽ ട്രെയിൻ കായംകുളം സ്റ്റേഷനിൽ എത്തിയതും പാർവ്വതിശങ്കർ ഇറങ്ങിപ്പോയതും ഞാൻ അറിഞ്ഞിരുന്നില്ല.

പിറ്റേന്ന് ഞായറാഴ്ചയായിരുന്നു.

പത്രവായന കഴിഞ്ഞ് വെറുതെ ഇരിക്കുമ്പോൾ, മൊബൈലെടുത്ത് വാട്സാപ്പ് തുറന്നു. ഗുഡ്മോണിംഗ് മെസ്സേജുകളുടെ പ്രവാഹം.

ഓഫീസിലെ ചെങ്ങാതികൾ' എന്ന ഗ്രൂപ്പിലാണത് കണ്ടത്.

ആദരാഞ്ജലികൾ എന്നെഴുതിയതിനു മുകളിൽ അനുപമ മാഡത്തിന്റെ ചിത്രം?

ഒരു നിമിഷം തരിച്ചിരുന്നു പോയി.

ഞാൻ കുറച്ചുനേരം ആ ചിത്രത്തിലേയ്ക്കു തന്നെ നോക്കിയിരുന്നു. ദൈവമേ അങ്ങനെ സംഭവിച്ചിട്ടുണ്ടാകരുതേ എന്ന് ഉള്ളിൽ നിന്നൊരു പ്രാർത്ഥന തിളച്ചുയർന്നു....

ഗ്രൂപ്പിന്റെ അഡ്മിനായ ക്രിസ്റ്റഫറിനെ ഞാൻ ഫോൺ ചെയ്തു. റിങ് ചെയ്യുന്നുണ്ട്. പക്ഷെ എടുക്കുന്നില്ല. അടുത്ത റിങ്ങിന് ഫോണെടുത്ത ക്രിസ്റ്റഫറും നിശ്ശബ്ദനായിപ്പോയി.

അല്പ നിമിഷങ്ങൾക്കകം ക്രിസ്റ്റഫർ എന്നെ തിരിച്ചു വിളിച്ചു.

“ശരിയാണ്...ഇന്നലെ...രാത്രീല്...സ്യൂയിസൈഡായിരുന്നു...'

“എന്താ.... എന്തായിരുന്നു കാരണം ?'

“ഇല്ല...ആർക്കും ഒന്നുമറിയില്ല...'

തിങ്കളാഴ്ച ഓഫീസിലെത്തുമ്പോൾ ദു:ഖം കനത്തുകെട്ടിയ പാട പോലെ അവിടമാകെ വ്യാപിച്ചു കിടന്നു. ഡ്രൈവേഴ്സ് റൂമിന്റെ പരിസരത്ത് കൂട്ടം കൂടി നില്ക്കുന്ന ആളുകൾ...രണ്ടു മൂന്നു വണ്ടികൾ മരണവീട്ടിലേയ്ക്കുപോകാൻ തയ്യാറായി കിടക്കുന്നു.

ഞാൻ പെറ്റീഷൻ കമ്മിറ്റി സെക്ഷനിലേയ്ക്കു നടന്നു. തുറന്നിട്ട ജനാലയിലൂടെ നോക്കി. ഒതുക്കിപ്പിടിച്ച ദു:ഖഭാരവുമായി സീറ്റിലിരിക്കുന്ന പാർവ്വതി ശങ്കർ. പലരും പോകാനായി വരാന്തയിലേയ്ക്കു ഇറങ്ങിത്തുടങ്ങുന്നു.

“പോകുന്നില്ലേ മാഡത്തിന്റെ വീട്ടിലേയ്ക്ക്?'

“ഇല്ല...പോകുന്നില്ല. പോകാൻ... തോന്നണില്ല..'

“എന്തായിരുന്നു... കാരണം... അറിഞ്ഞോ... എന്തെങ്കിലും....'

“ങ്ഹും... കാരണം...?ഇനി ഇപ്പ എന്തിനാ അതൊക്കെ അറിഞ്ഞിട്ടും പറഞ്ഞിട്ടും...അവര് പോയില്ലേ... നമ്മളൊക്കെ ഫേസ് ബുക്കിലും വാട്സാപ്പിലും ഒക്കെ നൂറായിരം ഗുഡ്മോണിംഗും മഹത്വചനങ്ങളുംക്കെ വിളമ്പും നേരെ കണ്ടാല് ഒന്ന് ചിരിക്കോം കൂടിയില്ല. അടുത്തടുത്ത സീറ്റുകളിലൊക്കെ ഇരിക്കുമ്പോളും നമ്മളൊക്കെ ഒത്തിരി അകലെയാ...ഒത്തിരിയൊത്തിരിയകലെ...സത്യത്തിൽ നമ്മളൊന്നും ആരേം അറിയൂല്ല..ആരേം...'

സെക്ഷനിലാകെ വല്ലാത്തൊരു നിശ്ശബ്ദത പരന്നു. ഇത്രയും പറയുമ്പോൾ പാർവ്വതിയുടെ കണ്ണുകൾ നിറഞ്ഞ് കവിളിലൂടെ ചാലിട്ടൊഴുകുന്നുണ്ടായിരുന്നു.

നമ്മൾക്കെല്ലാം അറിയേണ്ടത് മരിക്കാനുണ്ടായ കാരണം മാത്രമാണ്. ജീവിക്കാനൊരു കാരണമുണ്ടാക്കാൻ ഒട്ടും ശ്രമിക്കാറുമില്ല. പാർവ്വതിയോട് അങ്ങനെയൊന്നും ചോദിക്കേണ്ടിയിരുന്നില്ല എന്നെനിക്കു ഖേദം തോന്നി.

അതുകൊണ്ട് ദയവായി നിങ്ങളാരും ഈ സംഭവത്തെക്കുറിച്ച് പാർവ്വതി ശങ്കറിനോട് ഒന്നും ചോദിക്കരുത്.

ഞാൻ സെക്ഷനിൽ നിന്നും പുറത്തിറക്കി.

മൂന്നാം നിലയിലെ വരാന്തയിലൂടെ മെല്ലെ നടക്കുമ്പോൾ, പശമുക്കിയുടുത്ത കോട്ടൻ സാരി ഉലയുന്ന ശബ്ദം കേട്ട് നോക്കി.

എന്നെ കടന്ന് ഒരു സ്ത്രീ വരാന്തയുടെ അറ്റത്തേയ്ക്ക് നടന്നകലുന്നു. തിരിഞ്ഞു നിന്ന് ഞാൻ സൂക്ഷിച്ചു നോക്കി.

മെല്ലെ ഒന്നു ചിരിച്ച് നടന്നകലുന്ന അനുപമമാഡം.

അന്നേരം ഈർപ്പം നിറഞ്ഞ ഒരു കാറ്റ് അവിടമാകെ നിറഞ്ഞു. ആ കാറ്റിന് പനിനീർ ചെമ്പകത്തിന്റെ മണമുണ്ടായിരുന്നു.

# ഡോ. അമർത്ത്യാ സെന്നിന്റെ ക്ഷേമസങ്കൽപ്പവും കേരളവികസന മാതൃകയും



ജി. ഓമനശീലൻ



കാലത്തെ പിന്നോട്ടടിപ്പിക്കുന്ന ജാതിവെറിയും അസഹിഷ്ണുതയുമല്ല, നാടിനെ മുന്നോട്ട് നയിക്കുന്ന നവീനാശയങ്ങളുടെ പ്രായോഗിതയാണ് ബഹുസ്വരതയുടെ ഈ നാടിനാവശ്യം. പട്ടിണി സമൂഹത്തിന്റെ ശാപമാണ്. അതില്ലാതാക്കാൻ സാമൂഹ്യ പുരോഗതിയിലധിഷ്ഠിതമായ പുരോഗമനപരമായ പരിഷ്ക്കാരങ്ങൾ നാട്ടിലുണ്ടാകട്ടെ

ദേശീയ പ്ലാനിംഗ് കമ്മീഷന് പകരം നിലവിൽ വന്ന വിദഗ്ദ്ധ സമിതിയായ നീതി ആയോഗിന്റെ ഏറ്റവും പുതിയ കണക്കനുസരിച്ച് രാജ്യത്തെ ഏറ്റവും കുറവ് ദാരിദ്യം ഉള്ള സംസ്ഥാനം കേരളമാണ്. 2015-16 സ്ഥിതി വിവര കണക്കനുസരിച്ചുള്ള 4-ാം ദേശീയ കുടുംബാരോഗ്യ സർവ്വെയുടെ ഫലമാണ് ഇപ്പോൾ പുറത്തു വന്നിരിക്കുന്നത്. 2019-20 ലെ സർവ്വേയുടെ പ്രാഥമിക കണക്കും ഇതിനൊപ്പം നൽകിയിട്ടുണ്ട്. നേടിയിട്ടുള്ള പുരോഗതി വ്യക്തമാക്കാൻ വേണ്ടിയാണ് ഇത് നൽകിയിരിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിവയിലെ മികവ് അടിസ്ഥാനമാക്കിയാണ് ആ സൂചിക തയ്യാറാക്കുന്നത്. നീതി ആയോഗ് തയ്യാറാക്കിയ ബഹുതല ദാരിദ്ര്യസൂചിക അനുസരിച്ച് യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി), ഓക്സ്ഫഡ് പോവർട്ടി ആന്റ് ഹ്യൂമൻ ഡെവലപ്മെന്റ് ഇനിഷിയേറ്റീവ് എന്നീ അന്തർദേശീയ സ്ഥാപനങ്ങൾ ചേർന്നുള്ള ഒരു പൊതു രീതി




ശാസ്ത്രത്തിലൂടെയാണ് ദാരിദ്ര്യസൂചിക നിർണ്ണയിക്കുന്നത്. പോഷകാഹാരം, കുട്ടികളുടേയും കൗമാരക്കാരുടേയും മരണ നിരക്ക്, ഗർഭകാല പരിചരണം, സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ ഹാജർ, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നിങ്ങനെ 12 ഘടകങ്ങൾ കണക്കിലെടുത്താണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. കേരള വികസന മാതൃകയ്ക്ക് ലഭിച്ച വലിയ അംഗീകാരമാണ് കേന്ദ്ര സർക്കാരിന്റെ ഈ കണക്കുകൾ. ദാരിദ്യവും ദുരിതങ്ങളും ഇല്ലാതാക്കാൻ സർക്കാർ സ്വീകരിക്കുന്ന നയങ്ങളും പദ്ധതികളും ഏറ്റവും ശരിയായതും ശാസ്ത്രീയവും ആണെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു.

## എന്താണ് ദാരിദ്ര്യം?

ഒരു വ്യക്തിക്ക് ശാരീരികമായി നിലനിൽക്കുന്നതിനാവശ്യമായ വരുമാനം ഇല്ലാതിരിക്കുന്ന അവസ്ഥയാണ് ദാരിദ്ര്യം എന്ന് പറയുന്നത്. വിവിധ സാമൂഹ്യ ശാസ്ത്രജ്ഞരുടെ പഠനത്തിലും കമ്മിറ്റികളുടെ പഠന റിപ്പോർട്ടുകളിലും ദാരിദ്ര്യം സംബന്ധിച്ച മാനദണ്ഡം എന്തെന്ന് പറഞ്ഞിട്ടുണ്ട്. എൻ. രാഥ്, വി. എം. ദണ്ഡേക്കർ എന്നിവർ പോഷകാഹാരത്തിന്റെ ലഭ്യത അടിസ്ഥാനമാക്കിയും ലക്കഡാവാല കമ്മിറ്റി ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിലും സി. രംഗരാജൻ കമ്മിറ്റിയും സുരേഷ് ടെൻഡുൽക്കർ കമ്മിറ്റിയും ചെലവിന്റെ അടിസ്ഥാനത്തിലുമാണ് ദാരിദ്ര്യത്തെ അളക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ വ്യക്തിക്ക് ആഹാരവും, പോഷകാഹാരവും മാത്രം മതിയോ? അവിടെയാണ് നോബൽ സമ്മാന ജോതാവായ ഡോ. അമർത്യാസെന്നിന്റെ നിരീക്ഷണത്തിന്റെ പ്രസക്തി നിലകൊള്ളുന്നത്.

## മാനവിക വികസനം

വികസനത്തിന് മാനുഷിക മുഖം വേണമെന്നാണ് ഡോ. സെൻ പറയുന്നത്. അതെങ്ങനെ സ്വായത്തമാക്കാം. നമ്മുടെ രാജ്യം അണ്വായുധശേഷി നേടിയിട്ടും, സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ സുരക്ഷ, സമത്വം എന്നിവയുടെ കാര്യത്തിൽ ഇപ്പോഴും പിന്നോക്കമാണ് എന്നത് വിസ്മരിക്കത്തക്കതല്ല. അപ്പോൾ ഈ വിഷയങ്ങളിൽ സജീവമായ സർക്കാർ ശ്രദ്ധ ഉണ്ടാകണമെന്നാണ് ഇതിന് പരിഹാരമായി അദ്ദേഹം നിർദ്ദേശിക്കുന്നത്. അതായത് ഭരണ നിർവ്വഹണം കാര്യക്ഷമമാകണം എന്നത് തന്നെ. 1991 മുതൽ നാം ഉദാരവൽക്കരണ നയങ്ങളിലേക്ക് പോയി. ഇതിന്റെ പ്രത്യാഘാതങ്ങൾ നേരിടാൻ ശക്തമായ ഒരു സാമൂഹ്യ സുരക്ഷാ വലയം രാജ്യത്ത് ഉണ്ടാകണമായിരുന്നുവെന്നും ഡോ. സെൻ നിരീക്ഷിക്കുന്നു. അവിടെയാണ് കേരള വികസന മാതൃകയുടെ പ്രസക്തി. പട്ടിണി, ദാരിദ്ര്യം, ക്ഷാമം തുടങ്ങിയ സാധാരണക്കാരന്റെ പ്രശ്നങ്ങളെ സാമ്പത്തിക ശാസ്ത്രത്തിന്റെ കേന്ദ്ര ബിന്ദു ആക്കിയ ഡോ. സെന്നിന് കേരള വികസന മാതൃക സ്വീകാര്യമായതിന്റെ കാരണം മറ്റൊന്നല്ല. താരതമ്യേന ചെറിയ സംസ്ഥാനമായ കേരളം ഈ

കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനവും, അതിന്റെ വിജയവുമാണ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയതിനു പിന്നിലെന്ന് നീതി ആയോഗിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

## സാമൂഹ്യ വിവേചനം

ജാതി, മതം, പ്രാദേശികത, സ്ത്രീ - പുരുഷ വ്യത്യാസം, സാമൂഹ്യനില തുടങ്ങി സമൂഹത്തിൽ ജനങ്ങളെ വിവേചനം ചെയ്യാൻ പരമ്പരാഗതമായി ഉപയോഗിക്കുന്ന സാമൂഹ്യവ്യവസ്ഥിതികളിലും ആചാരങ്ങളിലും മാറ്റം ഉണ്ടാകേണ്ടത് അനിവാര്യമാണ്.1936-ൽ ലാഹോറിൽ സംഘടിപ്പിച്ച ജാട്ട്-പത്-തോഡക് മണ്ഡലിന്റെ വാർഷിക സമ്മേളനത്തിന് വേണ്ടി ഭരണഘടനാ ശിൽപി ഡോ. ബി.ആർ. അംബേദ്കർ തയ്യാറാക്കിയ ജാതി ഉൻമൂലനം എന്ന പ്രസംഗത്തിൽ ഇന്ത്യയിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയെ കുറിച്ചാണ് സൂചിപ്പിക്കുന്നത്. 'നിങ്ങൾ ഏത് ദിശയിലേക്ക് തിരിഞ്ഞാലും നിങ്ങളുടെ വഴി മുടക്കുന്ന നികൃഷ്ട ജീവിയായി ജാതി ഉണ്ടാകും. ഈ ജീവിയെ കൊല്ലാതെ നിങ്ങൾക്ക് രാഷ്ട്രീയവും,സാമ്പത്തികവുമായ പരിഷ്ക്കാരങ്ങൾ സാധ്യമല്ല' എന്നാണ് അദ്ദേഹം പറയുന്നത്. ഇതിനു പരിഹാരമായി സമൂഹത്തിലെ ജാതി വേർതിരിവിനെ അരക്കിട്ടുറപ്പിച്ചിരിക്കുന്ന വ്യവസ്ഥിതികൾ മാറണമെന്നാണ് അംബേദ്കർ പറയുന്നത്. ഇതിന് പ്രസംഗം പോരാ പ്രവൃത്തി വേണമെന്നാണ് തന്റെ അഭിപ്രായമെന്നും അദ്ദേഹം പറയുന്നു. സമൂഹത്തിൽ ദാരിദ്ര്യവും, വിവേചനവും അനുഭവിക്കുന്നത് അടിസ്ഥാന വിഭാഗങ്ങളാണെന്ന തിരിച്ചറിവാണ് ഈ നിരീക്ഷണത്തിനാധാരം. മുതലാളിത്ത ലോകത്തിന് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയെന്ന പോലെയാണ് ഈ ഗ്രന്ഥം ഇന്ത്യയെ സ്വാധീനിക്കുന്നതെന്നാണ് ദളിത് - ഗവേഷകനും എഴുത്തുകാരനുമായ ആനന്ദ് തെൽതുംഡെ വിശേഷിപ്പിച്ചത്.

## സാമൂഹ്യ പുരോഗതി

സമൂഹത്തിൽ അടിസ്ഥാന വിഭാഗങ്ങളെ ഉദ്ധരിക്കുമ്പോഴാണ് യഥാർത്ഥ സാമൂഹ്യമാറ്റം ഉണ്ടാകുന്നത്. അതിന് അവശ വിഭാഗങ്ങളെ അവർക്കർഹതപ്പെട്ടവണ്ണം നാടിന്റെ സാമ്പത്തികാവകാശികളാക്കി മാറ്റണം. അതിന് ആവശ്യമായ ഘടകങ്ങൾ നിരവധിയാണ്. അവരുടെ കൂട്ടായ്മയും പോരാട്ടങ്ങളും വിദ്യാഭ്യാസത്തിനോ, ജോലിക്കോ ആയിരിക്കില്ല ഭക്ഷണത്തിനായിരിക്കും. ആരും വിശന്നിരിക്കാൻ പാടില്ല എന്ന സന്ദേശം നാം ഉൾക്കൊണ്ടത് അതുകൊണ്ടാണ്. ദരിദ്രവിഭാഗങ്ങളെ ചേർത്തുപിടിക്കുന്ന ഭരണസംവിധാനത്തിനു മാത്രമേ അവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് യഥാവിധി പ്രവർത്തിക്കാനാവൂ. ഒപ്പം ഭരണ തീരുമാനങ്ങളെടുക്കുന്നതിന് അവർ പങ്കാളികളാകുന്ന സാമൂഹ്യ രാഷ്ട്രീയ മാറ്റം ഉണ്ടാകുകയും വേണം. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സമ്പത്തുണ്ടാക്കുന്നതിന് തടസ്സമായി നിൽക്കുന്ന രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥിതിയിൽ മാറ്റം വരുത്തണം. അതായത് സാമ്പത്തിക പ്രവർത്തനങ്ങളിൽ കൂടുതലായി ദരിദ്രർ ഏർപ്പെടുന്നതു വഴി മാത്രമേ അവർക്ക് ശക്തിയാർജ്ജിക്കാനാവൂ. ഇതിന് ഭരണരംഗത്തെ കാര്യക്ഷമത വർധിപ്പിക്കുന്നതും അഴിമതി ഇല്ലാതാക്കുന്നതും വളരെ പ്രധാനമാണ്.

സാമ്പത്തിക ശാസ്ത്രത്തിന്റെ ജൈവപരമായ സമീപനം ആവിഷ്ക്കരിക്കണമെന്ന ഏറെക്കാലത്തെ ആവശ്യം അടുത്ത കാലത്താണ് സർക്കാരുകൾ തിരിച്ചറിഞ്ഞിരിക്കുന്നത്. ഇതിന്റെ ഘടകങ്ങൾ നമ്മുടെ ശാരീരികഘടകങ്ങൾക്കൊപ്പം കാലാവസ്ഥ, തൊഴിൽ പ്രാമുഖ്യം പോഷകാഹാരത്തിന്റെ ലഭ്യത എത്രമാത്രം വരുമാനം ഭക്ഷണത്തിനായി ഉപയോഗിക്കുന്നുവെന്നതിനെയൊക്കെ ആശ്രയിച്ചിരിക്കുന്നു.

ദരിദ്രർക്ക് സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കാനാവശ്യമായ പ്രധാന നയങ്ങളും പരിഹാര മാർഗങ്ങളും പല പഠന റിപ്പോർട്ടുകളിലും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക, കമ്പോള പ്രവർത്തനങ്ങൾ ദരിദ്രർക്ക് ഗുണകരമാക്കുക, വരുമാനം കിട്ടുന്ന ആസ്തികൾ സൃഷ്ടിക്കുക, സമ്പത്തിന്റെ മുൻഗണന അടിസ്ഥാനമാക്കിയുള്ള വിതരണം, വിദ്യാഭ്യാസ പുരോഗതി, ഭരണ പങ്കാളിത്തത്തിലൂടെ ദരിദ്രരെ ശക്തി

യാർജിപ്പിക്കുകതുടങ്ങിയവ അവയിൽ ചിലതാണ്.

**സാമൂഹ്യസുരക്ഷിതത്വം**

ജനങ്ങളുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിന് പ്രതികൂലമായി രോഗങ്ങൾ, ദുരിതങ്ങൾ, സാമ്പത്തിക തകർച്ച, പ്രകൃതിക്ഷോഭം, അപകടങ്ങൾ തുടങ്ങിയവ തരണം ചെയ്യാൻ ദരിദ്രരെ പ്രാപ്തരാക്കണം. അതാണ് സുരക്ഷിതത്വം. നമുക്ക് പലതരം ആസ്തികളുണ്ട്. മാനവികം, പ്രകൃതിവിഭവം, ഭൗതികം, ധനം, മറ്റ് സാമൂഹ്യ ഘടകങ്ങൾ എന്നിവയാണ് അവ. ഈ ഘടകങ്ങൾ ലഭ്യമാക്കി നമ്മുടെ പ്രതികൂല സാഹചര്യങ്ങളേയും ദുരിതങ്ങളേയും അഭി മുഖീകരിക്കാൻ സാഹചര്യമുണ്ടാക്കണം. ഇതിന് ആരോഗ്യ ഇൻഷ്വറൻസ്, വാർദ്ധക്യകാല പെൻഷൻ, മറ്റ് പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം, തൊഴിൽദാന പദ്ധതികൾ, സാമൂഹ്യപദ്ധതികൾ, മൈക്രോ ഫിനാൻസ്, ക്യാഷ് ട്രാൻസ്ഫറുകൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനോടൊപ്പം ഭക്ഷ്യക്ഷാമവും പരിഹരിക്കാനായാൽ അത് ഏതൊരു മൂഹത്തിനും ശരിയായ രീതിയിൽ ഒരു ചാക്രിക സംവിധാനം പോലെ ഒന്ന് മറ്റൊന്നിനെ ആശ്രയിച്ച് പരസ്പര ബന്ധിതമായി സമ്പദ്ഘടനയെ ചലിപ്പിക്കാൻ കഴിയും. അങ്ങനെ സംസ്ഥാനത്ത് സുസ്ഥിര വികസനം സാധ്യമാകുകയും ചെയ്യും.

**കേരളം**

ഉയർന്ന സാമ്പത്തിക നീതി കൈവരിച്ച സംസ്ഥാനമാണ് കേരളം. ഇവിടെ അതിസമ്പന്നർ ഇല്ലെന്ന് തന്നെ പറയാം. സമഗ്ര ഭൂപരിഷ്ക്കരണവും, സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കിയുള്ള നിയമ നിർമ്മാണങ്ങളും, വിദ്യാസമ്പന്നരായ ജനങ്ങളുടെ പൊതുബോധവും നമ്മുടെ സാമൂഹ്യ നിർമ്മിതിയിൽ വലിയ സ്വാധീനമാണ് ചെലുത്തുന്നതെന്ന് കാണാൻ കഴിയും. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ശരിയായ പ്രയോഗവും, സ്ത്രീ സൗഹൃദമായ അന്തരീക്ഷവും, അവരുടെ ശാക്തീകരണവും, സംരംഭങ്ങളും, സാർവ്വത്രിക വിദ്യാഭ്യാസ സമ്പ്രദായവും, ശക്തമായ ആരോഗ്യ രംഗവും കേരള വികസനത്തിന്റെ ശുഭ ദിശാസൂചകങ്ങളായാണ് വർത്തിക്കുന്നത്. ഏതു പൊതുപ്രവർത്തനങ്ങളിലും, ജനങ്ങളുടെ ശ്രദ്ധയും പ്രതികരണങ്ങളും കേരളത്തിന്റെ കരുത്താണ്. ഭരണ വർഗത്തെ ശരിയായ ദിശയിൽ നയിക്കാൻ ഇത് അത്യന്താപേക്ഷിതമാണ് സമൂഹത്തിലെ ഇല്ലായ്മയും കഷ്ടതകളും അനുഭവിക്കുന്നവരെ ചേർത്തു നിർത്തി അവർക്ക് താങ്ങും തണലുമായി മാറാൻ ശബ്ദിക്കുന്ന യുവതയുടെ സംരക്ഷണ കവചം കേരളത്തിന്റെ ശക്തിയാണെന്ന് പ്രളയത്തിലും മഹാമാരിക്കാലത്തും നാം കണ്ടതാണ്. ലാഭേച്ഛ ഇല്ലാത്ത ഈ പ്രവർത്തനങ്ങളാണ് മാനവികമെന്ന് നാം പറയുന്നത്. ഈ മാനവിക വികസനത്തിനധിഷ്ഠിതമായ ഒരു സാമൂഹ്യ നിർമ്മിതി അതാണ് ഡോ. സെൻ ലക്ഷ്യമാക്കിയതും കേരളത്തിൽ നടപ്പിലാക്കി വരുന്നതും. കേരള വികസനത്തെപറ്റി മലയാളത്തിന്റെ പ്രശസ്ത കവി ഇടശ്ശേരിയുടെ മഹത്തായ ചിന്തകൾ നമുക്ക് ഇവിടെ ചേർത്തുവയ്ക്കാം. കേരള ഭൂമിയുടെ വികസനത്തിന് വേണ്ടി എല്ലാവരും അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒരുമയോടെ പ്രവർത്തിക്കണമെന്നാണ് അദ്ദേഹം തന്റെ കവിതയിലൂടെ ആഹ്വാനം ചെയ്യുന്നത്.

> 'വീരതയിനിമേൽ സൃഷ്ടിക്കത്രേ
> കൊത്തി നുറുക്കാനല്ല, വിസ്തൃത
> ഭാരതഭൂവിനൊരനുബന്ധം മഴു
> വാലല്ലിയിവിടെ മെനഞ്ഞീടുന്നു.
> കേരളമേ, വികസിക്കുക നീ പുതു-
> തായൊരു ജീവിതമാധുര്യത്തെ-
> പ്പാരിന് നൽകാൻ

കാലത്തെ പിന്നോട്ടടിപ്പിക്കുന്ന ജാതിവെറിയും അസഹിഷ്ണുതയുമല്ല, നാടിനെ മുന്നോട്ട് നയിക്കുന്ന നവീനാശയങ്ങളുടെ പ്രായോഗിതയാണ് ബഹുസ്വരതയുടെ ഈ നാടിനാവശ്യം. പട്ടിണി സമൂഹത്തിന്റെ ശാപമാണ്. അതില്ലാതാക്കാൻ സാമൂഹ്യ പുരോഗതിയിലധിഷ്ഠിതമായ പുരോഗമനപരമായ പരിഷ്ക്കാരങ്ങൾ നാട്ടിലുണ്ടാകട്ടെ. അങ്ങനെയായാൽ അപ്രതീക്ഷിത പ്രകൃതി ദുരന്തങ്ങളെയും, മഹാമാരികളേയും നേരിട്ട നവീന കേരള മാതൃകയ്ക്ക് കൂടുതൽ അംഗീകാരങ്ങൾ ഇനിയും ലഭിക്കുമെന്നുറപ്പ്. അതിന് മാനവികതയിലധിഷ്ഠിതമായ സാമൂഹ്യശാസ്ത്ര പഠനങ്ങൾ നമുക്ക് ശക്തിയാകട്ടെ.

# ഭാസ്കരപിള്ളയുടെ
## ഒരു ദിവസം



**കെ. ഷൂജ**
ഇൻഫർമേഷൻ അസിസ്റ്റൻറ്

അന്ന് പതിവ് തെറ്റിച്ചു കൊണ്ട് ഭാസ്കരപിള്ള രാവിലെ ഉണർന്നിട്ടും എഴുന്നേൽക്കാതെ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. രണ്ടാമത്തെ പ്രാവശ്യവും നിർമ്മല വന്ന് തട്ടിവിളിച്ചപ്പോഴാണ് അദ്ദേഹമെഴുന്നേറ്റത്. സമയം എട്ടുമണിയായല്ലോ ഇന്നൽപ്പം വൈകിയെന്നോർത്തുകൊണ്ട് മുഖം കഴുകി ഭാര്യ നൽകിയ ചായ മെല്ലെ ചുണ്ടോടടുപ്പിച്ചു. നാളെ മുതൽ തന്റെ ദിനചര്യയാകെ മാറുകയാണെന്നോർത്തപ്പോൾ സന്തോഷമാണോ സന്താപമാണോ എന്നറിയില്ല. ഇതുവരെ അനുഭവിക്കാത്ത നിർവചിക്കാൻ കഴിയാത്ത എന്തോ ഒന്ന് അയാളെ പൊതിഞ്ഞു. തന്റെ ഓഫീസ്, പിന്നെ സഹപ്രവർത്തകർ, തന്റെ മുന്നിൽ ഓരോ ആവശ്യത്തിനായിവന്നുപോകുന്നവർ.

'ഒരു ചായകുടി കഴിഞ്ഞു പോരേ ഭാസ്കരേട്ടാ അടുത്ത ജോലി' എന്ന് സ്നേഹഭാഷയിൽ ചോദിക്കുന്ന ദിവാകരൻ.

'എന്താ സാറെ സമയം വൈകുന്നത് കാണുന്നില്ലേ?'

ഞാൻ ഓഫീസ് വിട്ട് ഇറങ്ങുന്നതു വരെ സ്വന്തം കവിത പാടി രസിക്കുന്ന സോമൻ, എന്നും ബസ്റ്റോപ്പ് വരെ ബൈക്കിന്റെ പുറകിൽ ഇരുന്ന് യാത്ര ചെയ്യുമ്പോൾ ഓഫീസിലെ അല്ലറ ചില്ലറ കുശുമ്പും രഹസ്യ സംഭാഷണങ്ങളും തന്റേതാകുന്ന ഭാഷയിൽ അല്പം അതിശയോക്തി കലർത്തി വിളമ്പി സംതൃപ്തിയടയുന്ന അഖിലൻ, എന്നെ കൊണ്ട് ബസ്റ്റോപ്പിൽ വിട്ടതിനുശേഷമേ കക്ഷി വീട്ടിലേക്ക് പോകാറുള്ളൂ. ഇവരെല്ലാം എനിക്ക് നാളെ മുതൽ അന്യമാവുകയാണോ?

പിന്നെയും പിന്നെയും അയാളുടെ ചിന്തകൾ ചിതറിമറിഞ്ഞുകൊണ്ടിരുന്നു.

'എന്താ ഭാസ്കരേട്ടാ ഇത്ര ആലോചിക്കാൻ ഇന്നും കൂടി ഓഫീസിൽ പോയാൽ മതിയല്ലോ, നാളെ മുതൽ ഇഷ്ടംപോലെ ഉറങ്ങാം, ആലോചിക്കാം റെസ്റ്റെടുക്കാം' നിർമ്മല അടുക്കളയിൽ അദ്ദേഹത്തിന്റെ ഓരം പറ്റി നിന്നുകൊണ്ട് പറഞ്ഞു. പിന്നെ കിലുക്കാംപ്പെട്ടി പോലെ ചിരിച്ചു. അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല.

'കുളിച്ചോളൂട്ടോ ഞാൻ കഴിക്കാൻ എടുത്തുവയ്ക്കാം'

എന്നും രാവിലെ ഞാൻ ഓഫീസിൽ പോകുന്നതു വരെയുള്ള ജോലികൾ നിർമ്മലയും കൃത്യമായി ചെയ്തിരുന്നു. ഇനി അവൾക്കും ധൃതി പിടിച്ചുള്ള പണികളെല്ലാം സാവധാനം ചെയ്തു തീർത്താൽ മതിയല്ലോ.

മുപ്പതു വർഷത്തെ സർവ്വീസ് ജീവിതം! എന്തൊക്കെ അനുഭവങ്ങൾ! വേദനകൾ, കുറ്റപ്പെടുത്തലുകൾ. ചെയ്ത ജോലിയിൽ

ആത്മസംതൃപ്തിയോടെ പടിയിറങ്ങുമ്പോഴും എവിടെയൊക്കെയോ ഇനിയും ബാക്കി വച്ച കുറെ കാര്യങ്ങൾ ഉള്ളതു പോലെ.

'ഒരിക്കൽ സർവ്വീസിൽ പ്രവേശിച്ചാൽ മറ്റൊരു ദിവസം ഇറങ്ങിപോകേണ്ടിവരും. ഇത് നമ്മുടെ തറവാടൊന്നുമല്ലല്ലോ.' ഒരിക്കൽ ദിവാകരൻ പറഞ്ഞത് ഓർമ്മ വന്നു.

'ശരിയാണ് എന്റെ തറവാടൊന്നുമല്ലല്ലോ' ഭാസ്ക്കരപിള്ളയും അതുതന്നെ ഓർത്തുകൊണ്ട് കുളിക്കാൻ തയ്യാറെടുത്തു. വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ നിർമ്മല അല്പം ശകാരഭാഷയിൽ പറഞ്ഞു.

'ഭാസ്കരേട്ടാ ഇന്നെങ്കിലും ആ കാറിൽ ഒന്ന് പൊയ്ക്കൂടെ ഓഫീസിൽ... അവസാന ദിവസമല്ലേ ബസ്സിൽ നല്ല തിരക്കായിരിക്കും. തിരികെ വരുമ്പോൾ കൈയിൽ പിടിക്കാൻ എന്തെങ്കിലും കാണൂന്നേ...'

അയാളൊന്നു ചിരിച്ചു ആ ചിരിയുടെ മറവിൽ അയാളുടെ മനസ്സിലെന്തായിരുന്നുവെന്ന് പാവം നിർമ്മലയ്ക്ക് അറിയില്ലല്ലോ. അദ്ദേഹം യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ അവൾ വീണ്ടും അടുക്കളയിൽ പാത്രങ്ങളും പാചകങ്ങളിലുമായി മത്സരം തുടങ്ങി.

തിരക്കില്ലാത്തൊരു ബസ്സ് അടുത്തു നിർത്തി. ഭാഗ്യത്തിന് ഒരു സൈഡ് സീറ്റ് ഒപ്പിച്ചു. അയാൾ അന്നൊരു ദിവസം അങ്ങനെയൊരു യാത്ര ആഗ്രഹിച്ചിരുന്നു. ഓടിത്തുടങ്ങിയ വണ്ടിയിൽ പുറത്തേയ്ക്ക് നോക്കിയിരുന്നപ്പോൾ എന്നും കാണാറുള്ള കെട്ടിടങ്ങളും മരങ്ങളും വയലുകളും ആദ്യം കാണുന്നതു പോലെയാണ് അനുഭവപ്പെട്ടത്.

ഇതുവരെയും ഇതിന്റെ ഭംഗിയൊന്നും താൻ ആസ്വദിച്ചിട്ടില്ലെന്ന് തോന്നി. ഓഫീസിലെ തിരക്കും വീടും പിന്നെ യാത്രയ്ക്കിടയിൽ ചിന്തകളിൽ എന്തെങ്കിലും വാരി വലിച്ചിടും.

കണ്ടക്ടർ വന്നപ്പോൾ ടിക്കറ്റ് എടുക്കാൻ പേഴ്സെടുത്തു. 'വേണ്ട സാറെ പുറകിലെടുത്തു' ആരാണ് എന്നറിയാൻ തെല്ല് ആകാംക്ഷ തോന്നി. അത് തന്റെ ഓഫീസിലെ ക്ലാർക്കായിരുന്നു.

'ഓ താനായിരുന്നോ! ഇതു വേണ്ടിയിരുന്നില്ല'

'കുഴപ്പമില്ല സാറെ ഒരു ദിവസമല്ലെയുള്ളൂ'

ഏകദേശം ഒരു വർഷമായിക്കാണും എന്റെ ഓഫീസിൽ ആകാശ് വന്നിട്ട്. വടക്ക് എവിടെയോ ആണ് വീട്. കൃത്യമായി ചോദിച്ചിട്ടില്ല. ഒരു മാസം കൊണ്ട് പിശുക്കൻ ആകാശ് എന്നൊരു ചെല്ലപ്പേര് സഹപ്രവർത്തകർ ഫ്രീയായി കൊടുത്തപ്പോഴും ആള് കേട്ട ഭാവം നടിച്ചില്ല. പലപ്പോഴും ആകാശിനോട് കുടുംബത്തെക്കുറിച്ച് ചോദിക്കണമെന്ന് തോന്നിയിട്ടുണ്ട്. പല കാരണങ്ങളാൽ അതു നടന്നിട്ടില്ല. മുമ്പിൽ ഫയൽ കൊണ്ടു വന്നാൽ തന്നെ മുഖത്തു പോലും നോക്കാതെയാണ് പലപ്പോഴും ഒപ്പു വയ്ക്കുന്നത്.

'നോക്കണ്ട സാറെ ഞാൻ പിശുക്കനാണെങ്കിൽ അതിന് കാരണവും ഉണ്ട് വീട്ടിലെ പ്രാരാബ്ധങ്ങൾ എന്നെ പഠിപ്പിച്ചതാണ്. ഇങ്ങനെ എന്നെ മാത്രം ആശ്രയിക്കുമ്പോൾ ഒരു കുടുംബം മുഴുവൻ നോക്കണ്ടേ... ആൾക്കാർക്ക് എന്തും പറയാമല്ലോ.. എന്നു കരുതി 'സാറിന് ടിക്കറ്റ് എടുത്തത് തിരികെ തരാനല്ല, എന്റെ ഒരു സന്തോഷം! '

പുറത്ത് വെയിലിന്റെ ചൂട് ഉള്ളിലേക്ക് അരിച്ചെത്താൻ തുടങ്ങി ബസിന്റെ ഷട്ടർ അല്പം താഴ്ത്തി... ഒന്നിളകിയിരുന്നു. ഭാസ്കരൻ പിള്ള ആകാശിനെ കുറിച്ചോർത്തു. ഓരോ മനുഷ്യനും ഓരോ പ്രശ്നങ്ങളിൽപ്പെട്ട് വിവശനാണ് മറ്റുള്ളവരുടെ മുന്നിൽ ചിരിയും വിതറി നടക്കുമ്പോൾ മറ്റാരും അതിലിടപെടാനുള്ള സാഹചര്യവും ഇല്ല.

'സാറെ ഇറങ്ങുന്നില്ലെ? സ്റ്റോപ്പെത്തി!'

ആകാശ് തട്ടി വിളിച്ചു. സ്റ്റോപ്പിലിറങ്ങുമ്പോൾ അയാൾ അടുത്തു കൂടി.

'ഒരു ഓട്ടോ വിളിച്ചാലോ?'

'വേണ്ടടോ ഒന്നു നടക്കണം അത് ഇന്ന് നിന്നോടൊപ്പമാകട്ടെ. ഇതെന്റെ ഇന്നലെ വരെ തോന്നാത്ത ഒരാഗ്രഹമാണ്.'

'ശരി സാർ ഞാനും കൂടാം.'

അയാൾ വാചാലനായി എന്തേ ഇത്രയും നാൾ എനിക്ക് ഇങ്ങനെയൊന്നും തോന്നിയിട്ടില്ല. സ്വയം ചോദിച്ചുപോയി.

'സാറെ ഇന്ന് പോവ്വാണ് അല്ലെ?'

മണിച്ചേട്ടൻ തന്റെ ചായക്കടയിൽ നിന്ന് തല പുറത്തേക്ക് നീട്ടി ചിരിച്ചു

കൊണ്ട് ഉറക്കെ ചോദിച്ചു.

'അതെ എന്ന് തലയാട്ടി.'

'ഒരു ചായ കുടിച്ചാലോ'

'വേണ്ട മണി, വൈകുന്നേരമാകട്ടെ'

തന്റെ സ്ഥിരം ചായക്കടയിൽ നോക്കി ഭാസ്കരപിള്ള ചിരിച്ചു. ആരൊക്കെയോ അയാളെ നോക്കുന്നുണ്ടായിരുന്നു.

'സാറെ റിട്ടയർ ചെയ്യുമ്പോൾ ഒരു പ്രശ്നവും ഇല്ല എന്ന് പറയുന്നത് വെറുതെയാണ് അല്ലെ പറയാൻ കഴിയാത്തൊരു ഭാരം ആർക്കും ഉണ്ടാകും അല്ലെ' കുറച്ചു നേരം കഴിഞ്ഞു മാത്രമാണ് അയാൾ സംസാരിച്ചത്.

'അങ്ങനെയൊന്നുമില്ല ആകാശേ അതൊക്കെ വെറും തോന്നലുകളാണ്. എല്ലാവരും എല്ലാം മറക്കും സാഹചര്യത്തിനനുസരിച്ച് ഒഴുകാൻ ഓരോ മനുഷ്യനും അവനറിയാതെ തന്നെ പഠിച്ചുകൊള്ളും.'

പിന്നെ കുറച്ചു നേരം രണ്ടു പേരും ഒന്നും മിണ്ടിയില്ല. ഓഫീസ് ഗേറ്റ് കടക്കുമ്പോൾ സഹപ്രവർത്തകർ അടുത്തുവന്നു ചിരിച്ചു മടങ്ങി. കുശലം പറഞ്ഞുകൊണ്ട് പിന്നെയും കുറച്ചുപേർ അവിടെ നിന്നു. കുറച്ചു കഴിഞ്ഞ് അവരോട് യാത്ര പറഞ്ഞു നടന്നു.

'സാറെ ഇന്ന് നാലുമണിക്കാണ് യാത്രയയപ്പ് പരിപാടി... സാറ് വൈകരുതേ ഗംഭീരമാക്കണമെന്നാണ് ഓഫീസ് സ്റ്റാഫിന്റെ തീരുമാനം.'

പുഞ്ചിരിയുമായി അടുത്തു കൂടിയ സെക്രട്ടറി മധുവിനോട് അതെയെന്ന് തലയാട്ടി മുന്നോട്ട് നടന്നു.

ക്യാബിനകത്തേക്ക് കയറാൻ നേരം സഹപ്രവർത്തക സൗദാമിനി വാതിൽക്കൽ നിൽക്കുന്നു. എന്നും താമസിച്ചു മാത്രം വരുകയും എന്തെങ്കിലും കാരണം പറഞ്ഞ് നേരത്തേ പോവുകയും ചെയ്യുന്ന സൗദാമിനിയെ കണ്ടപ്പോൾ അത്ഭുതം തോന്നിപ്പോയി.

എത്രയെങ്കിലും തവണ മരിച്ച ഒരേ പേരിലുള്ള അമ്മാവൻ!

പെയ്യാത്ത മഴയിലെ വെള്ളപ്പൊക്കവും വൈകിവന്ന ബസ്സും സൗദാമിനിയെ വിട്ടു പിരിയാതെ നിൽക്കും. കള്ളം പറഞ്ഞ് ഹാജർ പുസ്തകം തേടി ഒപ്പിട്ട് മടങ്ങുമ്പോൾ ഉള്ളിലെ ദേഷ്യം അടക്കിപ്പിടിച്ചതെത്ര നാളുകൾ.

'സാറ് എന്താണ് ഓർക്കുന്നത് എന്നെനിക്കറിയാം'

'ഞാൻ ഇനി വൈകില്ല സാറ് പോയാൽ എനിക്ക് പ്രമോഷനാ..... അതിന്റെ ഉത്തരവാദിത്തം കൃത്യമായും ചെയ്യും. '

മുഖത്ത് ചിരി വരുത്തിക്കൊണ്ട് സൗദാമിനി പറഞ്ഞു.

ആ വാക്കുകളിൽ പറയാതെ പറയുന്ന ചിലതുണ്ട്. ഇവരോടൊക്കെ എന്തുപറയാനാ ഇത്രയും നാൾ താമസിച്ചു വന്നത് മറന്നുകൊണ്ട് യാദൃശ്ചികമായി താമസിച്ചുവരുന്നവരെ പരമാവധി ബുദ്ധിമുട്ടിക്കും അല്ലെങ്കിലും ഞാനെന്തിനാ ഇതിലൊക്കെ തലയിടുന്നത്...

അടുക്കും ചിട്ടയുമുള്ള തന്റെ മേശപ്പുറത്തുള്ള ഓരോ ഫയലും പരിശോധിച്ചു തന്റെ അവസാനഫയലും ഒപ്പുവച്ചുമാറ്റി വച്ചു. അറിയാതെ ആ മുറിയെല്ലാം കണ്ണോടിച്ചു. മണിക്കൂറുകൾ മാത്രം തന്നെ വഹിക്കുന്ന ആ നാലുചുവരുകൾക്കു നടുവിൽ ഇരിക്കുമ്പോൾ ആ മുറിയുടെ ശ്വാസതാളം അയാൾ സൂക്ഷ്മമായി അനുഭവിക്കുന്നതു പോലെ! നാളെ മാറ്റിയിടേണ്ട കലണ്ടർ ഒന്ന് കണ്ണോടിച്ചു. നവംബർ 30! ഒട്ടുനേരം കൈയിൽ പേനയില്ലാതെ ഫയൽ മണമില്ലാതെ ഒന്നു നിവർന്നിരുന്ന് ദീർഘശ്വാസം എടുത്തു. ഓഫീസ് സമയം കണ്ണൊന്നു ചിമ്മുകപോലും ചെയ്യാത്ത ഭാസ്കരൻ പിള്ള ആദ്യമായി ഒന്നു മയങ്ങി തുറന്നിട്ട ജാലകത്തിലൂടെ അകത്തേക്ക് വന്ന കാറ്റിന് കൈതപ്പൂവിന്റെ മണമായിരുന്നു. അത് മുറിയാകെ ചുറ്റി നടന്നു. ഇന്നലെവരെയുണ്ടായിരുന്ന ഗന്ധം അയാൾ ഇത്രയും ആസ്വദിച്ചിട്ടില്ല. നിർമ്മലയും അത് പറയാറുണ്ട്.

'ഭാസ്കരേട്ടന് കൈതപ്പൂവിന്റെ മണമാണ്' ഡ്രസ്സിലൊക്കെ മണമിങ്ങനെ തങ്ങി നിൽക്കുമ്പോൾ അവൾ ചോദിക്കും. 'കൈതപ്പൂവ് എല്ലാ സീസണുകളിലും ഉണ്ടാകും അല്ലെ ഭാസ്കരേട്ടാ?'

'അറിയില്ല പക്ഷെ എന്റെ മുറിയിൽ എന്നും മണമുണ്ടാവും. '

'സാറെ ഭക്ഷണം കഴിക്കേണ്ടേ? സമയം ഒന്നര കഴിഞ്ഞു. '

ദിവാകരൻ വന്നു വിളിച്ചു.

'ഇന്ന് ഞങ്ങളുടെ വക ഭക്ഷണമാണ്'

'വേണ്ട ദിവാകരാ ഇന്നെനിക്ക് ആകാശി നൊപ്പം കഴിക്കണം ഞാനും അവനും പുറ ത്തുപോകുന്നു'.

ആകാശിനോട് അനുവാദം ചോദിക്കാ തെയാണ് അങ്ങനെ പറഞ്ഞതെങ്കിലും അത് നിരസിക്കില്ലാ എന്നുറപ്പുണ്ടായിരുന്നു. എന്തോ അരുതാത്തത് കേൾക്കുംപോലെ കൂടെ നിന്നവർ പരസ്പരം നോക്കി. അതൊ ന്നും ശ്രദ്ധിക്കാതെ ആകാശിനേയും കൂട്ടി പുറത്തേക്കിറങ്ങുമ്പോൾ ആകാശിന്റെ കണ്ണിൽ നീരുപൊടിയുന്നുണ്ടായിരുന്നു. ഹോട്ടൽ മുറിയുടെ ഒരുവശത്ത് ഒഴിഞ്ഞു കിടന്ന മേശയ്ക്കു ചുറ്റും ഇരിക്കുമ്പോൾ ആകാശ് പറഞ്ഞു.

'സാറെ ആരും എന്നോട് ഇത്രയും അടുപ്പം കാണിച്ചിട്ടില്ല. സാറ് മാത്രമാണ് ഇത്രയും അടുത്ത് ഇടപഴകിയത്. പക്ഷെ ഇന്നുകൂടെ കഴിഞ്ഞാൽ പിന്നെ......'

വാക്കുകൾ പാതിവഴിയിൽ മുറിഞ്ഞു പോയി. തന്റെ മുന്നിലിരിക്കുന്ന ചെറുപ്പ ക്കാരനെ നോക്കിയപ്പോൾ ഇത് വർഷങ്ങ ൾക്കു മുമ്പുണ്ടായിരുന്ന ഭാസ്കരപിള്ള യല്ലേ എന്നു തോന്നി. പ്രാരാബ്ധങ്ങൾക്കു ള്ളിൽ നട്ടം തിരിഞ്ഞ എല്ലാറ്റിൽ നിന്നും ഒഴിഞ്ഞു നിന്നിരുന്ന ഭാസ്കരൻപിള്ള. സാന്ത്വനിപ്പിക്കാൻ ആരുമില്ലാതെ ചെറു ത്തുനിൽപ്പിന്റേയും സഹനത്തിന്റെയും വഴിയിൽ ഒറ്റപ്പെട്ട അവസ്ഥ. ഇതുതന്നെ യല്ലേ ഈ ചെറുപ്പക്കാരനും.

നാലുമണിയോടുകൂടി ആരംഭിച്ച യാത്രയയപ്പ് യോഗത്തിൽ അയാളോട് ഇതുവരെ മിണ്ടാത്തവരും അറിയാത്ത വരും അദ്ദേഹത്തെക്കുറിച്ച് ആഴത്തിൽ സംസാരിച്ചു. സർവ്വീസ് ജീവിതത്തിൽ ഒരിക്കൽ പോലും കേൾക്കാത്ത മധുര വാക്കുകൾ വിരമിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കിയുള്ളപ്പോൾ അന്തരീക്ഷ ത്തിൽ ചിലച്ചുകൊണ്ടിരുന്നു. സേവനങ്ങ ളുടെ പട്ടികയിൽ സൗദാമിനിയുടെ വക നിഷ്കളങ്കനും ഓഫീസിന്റെ നികത്താൻ കഴിയാത്ത വ്യക്തിത്വം എന്നൊക്കെ പ റഞ്ഞപ്പോൾ ഞെട്ടിപ്പോയി. മണിച്ചേട്ടന്റെ ചായ ഒന്നുകിട്ടിയെങ്കിൽ എന്നാഗ്രഹിച്ച തിൽ തെറ്റില്ല.

'എന്നാ ഈ കസേര ഒന്നു ഒഴിഞ്ഞു തരിക.'

തമാശരൂപേണയും അല്പം കാര്യമാ യും ചോദിച്ചിരുന്ന കേശവൻ എന്റെ വിര മിക്കൽ അനുശോചനമാണോ എന്നു തോ ന്നിപ്പിക്കും വണ്ണം വലിയൊരു പ്രസംഗം കാച്ചിവിട്ട് എന്റെ മുഖത്തേക്ക് നോക്കി നിർ വൃതി പൂണ്ടു. ഞാൻ കേശവന്റെ മുഖത്തേ ക്ക് നിർവികാരമായി നോക്കിയിരുന്നു.

'ഇത്രയും നല്ലവനാണോ ഞാൻ' അതെ ഈ ഒരു ദിവസത്തെ ഞാൻ അങ്ങനെ യാണ്. ഞാനൊന്നു കണ്ണോടിച്ചു ഒന്നും മിണ്ടാനാവാതെ ഒരു കോണിൽ എന്നെയും നോക്കിയിരിക്കുന്ന ദിവാകരനും സോമ നും. ഇവർക്ക് എന്തെങ്കിലും പറയാമായി രുന്നില്ലേ!

ഇവരല്ലേ എന്നെ അറിയാവുന്നവർ ഇവരോളം എന്നെ സ്വാധീനിച്ചവർ, സ്നേഹിച്ചവർ പിന്നെആരാ?

സെന്റ് ഓഫ് കഴിഞ്ഞ് പുറത്തിറങ്ങി എല്ലാവരും കൈതന്ന് പിരിഞ്ഞു. തിരികെ മുറിയിൽ കയറിയപ്പോൾ കൈതപ്പൂവിന്റെ മണം മുറിയിൽ തങ്ങിനിന്നു.

ഇതുവരെ അത് പൂത്തുനിൽക്കുന്ന സ്ഥലം ഭാസ്കരൻ പിള്ള കണ്ടിട്ടേയില്ല. വല്ലാത്ത ഉന്മാദം തന്നെ!

എന്നും തന്നെ തേടിവരുന്ന കാറ്റിനോ ടൊപ്പം അനുവാദമില്ലാതെ കൂട്ടുവരുന്ന ഈ ഗന്ധം അയാളിഷ്ടപ്പെട്ടിരുന്നു. ഭാസ്ക രൻപിള്ള തന്റെ ഡയറിയെടുത്ത് ഇങ്ങനെ യെഴുതി.

'എല്ലാവർക്കും നന്ദി, ഇന്നലെവരെ എന്നോടൊപ്പം ഉണ്ടായിരുന്ന കൈതപ്പൂ മണത്തിനും... '

പേന തിരികെ തന്റെ പോക്കറ്റിൽ തിരുകി ഇറങ്ങിനടന്നു. അപ്പോൾ അയാൾ അനുഭവിച്ചത് സ്വാതന്ത്രമാണോ ശൂന്യ തയാണോ എന്നറിയില്ല. എങ്കിലും ഒരി ക്കൽകൂടി ഓഫീസിലേക്ക് തിരിഞ്ഞു നോക്കി പിന്നെ വേഗത്തിൽ ബസ് സ്റ്റോപ്പ് ലക്ഷ്യംവച്ച് നടക്കാൻ തുടങ്ങി.


കുറച്ചുനേരം അയാളോടൊപ്പം കൈതപ്പൂമണവും അനുഗമിച്ചു. എവിടെ വച്ചോ അതും വിടപറഞ്ഞുപോയി.

**2021-ലെ വായനാക്കുറിപ്പ് മത്സരം**
**രണ്ടാം സ്ഥാനം**

# അഗ്നിസാക്ഷി
## (ലളിതാംബിക അന്തർജ്ജനം)

**പ്രീത സി.എസ്**
കമ്പ്യൂട്ടർ അസിസ്റ്റന്റ്






നാട്ടാചാരങ്ങളെ വെല്ലുവിളിച്ചു കൊണ്ട്; എന്നാലോ ചെയ്യേണ്ട കാര്യങ്ങൾ പിഴയില്ലാതെ ചെയ്തു തീർത്തു കൊണ്ടിരുന്ന ഒരു കുടുംബത്തിന്റെ കഥയാണ് 'അഗ്നിസാക്ഷി'.ഒരു ഇല്ലത്തിന്റെ ഇട്ടാവട്ടത്തു മാത്രം ഒതുങ്ങിനിന്ന സ്ത്രീകളുടെ കുടുംബജീവിതം ഹോമിക്കേണ്ടി വന്ന ഒരു സ്ത്രീയുടെ കഥയാണിത് എന്നും ഇതിനെ വിശേഷിപ്പിക്കാം. തന്റെ കുലത്തിലെ മഹിമകളെക്കുറിച്ചു മാത്രമല്ല അവയിൽ കുടുബജീവിതം താറുമാറാക്കുന്ന പോരായ്മകളും ഉണ്ട് എന്ന് ലളിതാംബിക അന്തർജ്ജനം തന്റെ അഗ്നിസാക്ഷി എന്ന നോവലിലൂടെ വ്യക്തമാക്കുന്നു. ബ്രാഹ്മണ സമൂഹത്തിൽ സ്ത്രീകൾക്ക് അന്യമായിരുന്ന ഉന്നതവിദ്യാഭ്യാസം നേടിയ പക്വതയാർന്ന ഒരു സ്ത്രീയുടെ കുടുംബ കഥയാണ് അഗ്നിസാക്ഷിയെന്ന ഈ നോവൽ. വിദ്യാഭ്യാസത്തിന്റെ ഊഷ്മളത പ്രതിധ്വനിക്കേണ്ടിടത്തും തങ്ങളുടെ ആചാരരീതികളിൽത്തന്നെ ഉൾപ്പെട്ട് സ്വന്തമായി പടുത്തെടുത്ത ഒരു കുടുബജീവിതത്തിന്റെ കഥയാണിത്. അവകാശികളില്ലാതെ മരിച്ചു വീഴുന്നവർക്ക് കൊള്ളിവക്കാൻ ഒരു ആൺ തുണ ഇല്ലത്തുണ്ടായാൽ അതിൽ കവിഞ്ഞൊരു സങ്കൽപം അവർക്ക് തലമുറകളെ ക്കുറിച്ചില്ല. ദൈവത്തിന്റെ കരുതൽ ഉള്ള ഒരു കുടുംബം തങ്ങൾക്കുണ്ടായി എന്ന്

വിശ്വസിച്ച് അതിൽ അവർ ആഹ്ളാദി ക്കുന്നു. അങ്ങനെ ഒരവസ്ഥ ഏറ്റെടു ക്കേണ്ടി വന്നപ്പോൾ അസ്വാഭാവികമായി കുടുംബജീവിതം വേരറ്റു പോയ ഒരു പാവം ബ്രാഹ്മണന്റെയും കൂടി കഥയാണിത്.

ഭാര്യ വേണോ പാട്ടിയുടെ ആത്മാ വിന്റെ മോക്ഷം വേണോ എന്ന ഒഴിച്ചു കൂടാൻ പറ്റാത്ത രണ്ടവസ്ഥകളിൽ മുറുകി പിണഞ്ഞ് ഇതിൽ ഏതാണ് താൻ അടുത്ത നിമിഷം ഏറ്റെടുക്കേണ്ടതെന്ന വേലിയേറ്റ ത്തിലകപ്പെടുമ്പോഴും തന്റെ കുടുബ ജീവിതം അനുഭവിച്ചു മരിക്കാൻ കഴിയാത്ത പാട്ടിയുടെ ആത്മാവാണു മുഖ്യം എന്ന വഴിത്താരയിൽ ആ പാവം ഒരു നീറ്റലോടെ എത്തുന്നു. ഭാര്യയോട് അകന്നു കഴിയാൻ അന്നു മുതൽ വിധിക്കപ്പെട്ട ആ പാവം മനുഷ്യനും, ആചാരങ്ങളുടെ കെട്ടിൽ പെട്ടു പോയ ഒരു തന്തുവാണ്. എങ്ങനെ യൊക്കെയാണെങ്കിലും ഭാര്യയെ അവളുടെ വീട്ടിൽ ഭദ്രമായി എത്തിച്ച് അതിൽ അല്പം സമാധാനം കണ്ടെത്തുവാൻ അദ്ദേഹം ശ്രമിക്കുന്നു. വിദ്യാസമ്പന്നയായ ഒരു സ്ത്രീയുടെ വികാരങ്ങളെ ആ ഇല്ലത്തെ യാഥാസ്ഥിതികത്വം തെല്ലു വൈരാഗ്യത്തോടു കൂടിയാണ് നോക്കി ക്കാണുന്നത് പാട്ടിയുടെ മരണം നടന്ന് അധികനാൾ ആകുംമുമ്പേ സഹോദര നോടൊപ്പം സ്വന്തം വീട്ടിലേക്കുപോയ ദാമ്പത്യമണം മാറാത്ത ആ യുവതിയെ വീണ്ടും കൈക്കൊള്ളാൻ പ്രായത്തിൽ മുതിർന്നവരൊന്നും തയ്യാറല്ലായിരുന്നു. ഇതിന്റെ മധ്യത്തിൽ മൂത്തവർ ചൊല്ലി ത്തരുന്നതല്ലാതെ അതിനെ മറികടന്ന് ഒന്നും പ്രവർത്തിക്കാൻ ശീലമില്ലാത്ത പാവം യുവാവ് താൻ കാരണം വേർപാ ടിന്റെ വൈധവ്യത്തിലകപ്പെട്ടവളെ മരി ക്കുന്നതുവരെ പ്രാണനുതുല്യം സ്നേ ഹിച്ചു എന്ന് ഈ നോവലിലൂടെ അന്തർ ജ്ജനം സാക്ഷ്യപ്പെടുത്തുന്നു. മന്ത്രങ്ങൾ ഉരുവിട്ടും ആചാരങ്ങൾ മുറതെറ്റാതെ പാലിച്ചും അദ്ദേഹം ഭൂമിയിലലിയുമ്പോഴും താൻ കെട്ടിയ മിന്ന് നിധി പോലെ സൂക്ഷി ക്കുന്നതായി കഥാകൃത്ത് സൂചിപ്പിച്ചി രിക്കുന്നു.

വിദ്യാസമ്പന്നയായ യുവതിയാകട്ടെ സമൂഹത്തിന്റെ പരാധീനതകളിൽ ആകൃ ഷ്ടയായി തന്റെ ആദർശങ്ങളാണ് വലുത് എന്ന മട്ടിൽ ഭർത്താവിനെ മാത്രം ഓർത്തു കൊണ്ടാണെങ്കിലും അവളുടെ ദേശത്ത് ഇറങ്ങി പ്രവർത്തിക്കാനും തുടങ്ങി. സ്ത്രീക്ക് വിട്ടുവീഴ്ചാമനോഭാവങ്ങളില്ലാത്തതിനാൽ തകർന്നുപോയ ഒരു പാവം മനുഷ്യന്റെ "വികാരോജ്വലമായ" കുടുംബകഥയാണ് അഗ്നിസാക്ഷി എന്ന നോവൽ. അവർ നേടി യെടുക്കുകയും വിശകലനം ചെയ്യുകയും ചെയ്തുകൊണ്ടിരുന്ന അവരുടെ മാത്രം ആദർശങ്ങൾ മാറ്റിവക്കാൻ തയ്യാറാകാത്തു കാരണം അവരുടെ കുടുംബജീവിതം എന്നെന്നേക്കുമായി അവർക്ക് നഷ്ടപ്പെട്ടു. ഭർത്താവിന് അവളെ വിളിച്ചുകൊണ്ടു വരാൻ തിടുക്കത്തോടെുള്ള ആവേശമു ണ്ടെങ്കിലും കുടുംബത്തിലെ മറ്റംഗങ്ങൾ അതിനുവേണ്ടി അയാളോട് വഴങ്ങുന്നില്ല. അവളാണെങ്കിലോ ഭർത്താവ് വീട്ടിൽ വന്ന് വിളിക്കാതെ ഇനി അങ്ങോട്ടേ ക്കില്ല എന്ന നയത്തിനടിമ. ഒരിക്കലും കൂടിച്ചേരാതെ ആയുസ്സിന്റെ അവസാനം വരെ ഹോമിക്കപ്പെട്ടു ജീവിച്ച രണ്ട് ജീവിത ങ്ങൾ. ഇവയെല്ലാം നമ്മുടെ സമൂഹത്തിൽ ഏതു കുലത്തിൽപ്പെട്ടവർക്കും ഉള്ള പാഠ മാണ്. ക്രമമായും ചിട്ടയായും ഉള്ള ആചാരങ്ങൾ ഓരോ സംഭവ്യതയുടെയും കണക്കിന്റെ ശരികളാണ്. അവ കുടുംബ ജീവിതത്തിന്റെ വാതായനങ്ങളാണ്. പക്ഷെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്തില്ലെങ്കിൽ അതൊക്കെ നന്മക്കു പകരം തിന്മ നൽകാൻ കഴിവുള്ള ഉറപ്പുള്ള ഗോപുരങ്ങളും.

ഒരു ചെറിയ യാത്ര മതി, ചെറിയ വാക്കു കൾ മതി ഇറങ്ങിപ്പോന്ന വീട്ടിൽ കുടുംബ ബന്ധങ്ങൾ വീണ്ടും തളിരിടാൻ. ആ യാത്രയും വാക്കുകളും സമൂഹത്തിൽ ഏതു കുലത്തിലായാലും സ്ത്രീയെ ബാധിക്കുന്ന ഘടകമാണ് എന്ന ഭൂമിയുടെ ഉത്ഭവം മുതലുള്ള പ്രത്യയശാസ്ത്രമാണ് ഈ നോവലിൽ പ്രതിധ്വനിക്കുന്നത്. തങ്ങ ളുടെ ആചാരങ്ങൾ വ്യക്തമായി അറിയുന്ന പച്ചപരിഷ്കാരിയായ സ്ത്രീ ഒട്ടും താഴാൻ മനസ്സില്ലാതെ മുന്നോട്ട് പോയതുകൊണ്ട് അവിടെവച്ച് നല്ല കുടുംബജീവിതം അസ്തമിക്കുന്നു എന്നതാണ് ഈ നോവലി ലൂടെയുള്ള സമൂഹസത്യം. അതിന് ഉത്തമ ഉദാഹരണങ്ങളാണ് അന്തർജ്ജനം തന്റെ നോവലിലൂടെ വരച്ചു കാട്ടിയ കഥാപാത്ര ങ്ങളായ ഉണ്ണി നമ്പൂതിരിയും സുഭദ്ര തമ്പുരാ ട്ടിയും. ഒരുപക്ഷെ അവർക്ക് ഒറ്റക്ക് ഭർത്താ

വിന്റെ വീട്ടിൽ വീണ്ടും കയറിച്ചെല്ലാൻ മനസ്സനുവദിച്ചില്ലെങ്കിൽ തന്നെ വിദ്യയിൽ ആളാക്കി വളർത്തിയെടുത്ത സഹോദരനെ ഒപ്പം കൂട്ടാമായിരുന്നു അവിടേക്കുള്ള യാത്രയിൽ. അവരുടെ ആത്മാഭിമാനത്തിന്റെ ച്യുതി അവർ ഒട്ടും അനുവദിച്ചില്ല.

സ്ത്രീ എത്ര സമത്വം പുരുഷനോടൊപ്പം ആഗ്രഹിച്ചാലും സ്ത്രീ തന്റെ അഭിമാനം ത്യജിക്കേണ്ട സാഹചര്യം വന്നാൽ ത്യജിച്ച് തന്റെ പുരുഷന്റെ അഭിമാനം മൂല്യച്യുതി വരാതെ സൂക്ഷിക്കണം എന്ന സന്ദേശമാണ് പരോക്ഷമായി കവയിത്രി ഈ നോവലിലൂടെ അർത്ഥമാക്കിയിരിക്കുന്നത് എന്ന് ആ കുടുംബത്തിനു വന്നുപെട്ട അവസ്ഥ നോക്കി നമുക്ക് അനുമാനിക്കാം. ഈ സന്ദേശം അനുഭവപുഷ്ടമായി ഏറ്റെടുത്ത് ജീവിക്കാൻ എന്നെ പ്രേരിപ്പിച്ചു എന്നതും ഇതിന്മേൽ വാസ്തവികമായി ഒരു സത്തയുണ്ട് എന്നതിനു തെളിവാണ്. ആചാരം എന്നത് ഒരു നന്മയാണ് അത് തടസ്സമല്ല ഒന്നിനും അതുമൂലം തടസ്സമുണ്ടാകുന്നിടത്ത് ഒരു ശകുനിയുണ്ട് എന്ന സത്യം നൂറ്റാണ്ടു യുദ്ധം മുതൽ നമുക്കറിവുള്ള കാര്യവുമാണ്.

# ക്ഷണികജീവിതം



**മിനിമോൾ എൻ**
ഓഫീസ് അറ്റൻഡന്റ്

മൗനം അതത്രേ നല്ലത് ആര്
നമുക്കേകിയീ നിർവ്വചനം
അറിയുന്നു ഞാനതിൻ പൊരുൾ
നേരിന്റെ പൊരുൾ
തിരയുന്നു ഞാൻ
എനിക്കായ് ചൊരിയുന്ന സാന്ത്വന-
വീചികളിലലിയുന്നു ഞാൻ
പിന്നിട്ട ദശാബ്ധത്തിൽ
തിരയുന്നതെന്തിനായ്
കവലകൾ വഴിപിരിയുമ്പോൾ
ഭീതിയേകും മനസ്സുമായ് എങ്ങു നാം ഗമിപ്പൂ...
അറിയില്ലെന്നാലും പോകുന്നു
ഞാൻ മുൻപേപോയവർ തൻ
പാദം തേടി.
എനിക്കായ് തീർത്തൊരു
ഏകാന്തമാം കൂടാരത്തിൽ
നിറമുള്ള സ്വപ്നജാലകം
തുറന്നെന്നെ കാട്ടുവാൻ
വിധിപോലെ വന്നൊരു കാഴ്ച വസ്തു പോൽ
ശുഭപ്രതീക്ഷ തൻ വെളിച്ചമായ്
സ്വയം തീർത്തൊരു വല്മീകത്തിൽ
പോയ ജന്മപാപഭാരവും പേറി
നാളുകൾ താങ്ങുന്നു
മുഴങ്ങുന്നു മണിനാദം
മുഴങ്ങുന്നു ശാന്തിമന്ത്രം
ശാന്തി മാത്രം വിദൂരം.

**2020-ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം**
**കഥ മൂന്നാം സ്ഥാനം**

**പ്രസാദ് വി**
ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്

# വീതം വയ്പ്



ട്രെയിൻ നമ്പർ 06432 തിരുവനന്തപുരത്തു നിന്നും ആലപ്പുഴ വഴി ഗുരുവായൂർ വരെ പോകുന്ന ഇന്റർസിറ്റി എക്സ്പ്രസ്സ് പ്ലാറ്റ്ഫോം നം.3ൽ നിന്നും ഉടൻ പുറപ്പെടുന്നതാണ്.. പാസഞ്ചേഴ്സ്, പ്ലീസ് നോട്ട്... അനൗൺസ്മെന്റ് കേട്ടപ്പോഴാണ് ഞാൻ കംപാർട്ടുമെന്റിലേക്ക് മൊത്തത്തിൽ കണ്ണോടിച്ചത്. എല്ലാ സീറ്റിലും ആളുകൾ നിരന്നു കഴിഞ്ഞു. ഇന്ന് വെള്ളിയാഴ്ച ആണല്ലോ എന്നോർത്തു....തിരക്കു കൂടും... നോക്കിയപ്പോൾ ചിലരൊക്കെ ഗുരുവായൂരമ്പലം പോകുന്നവരാണെന്ന് തോന്നി. കല്യാണത്തിനും കുഞ്ഞൂണിനുമൊക്കെ പോകുന്നവരായിരിക്കും കൂടുതൽ വിവിധ ആശുപ്രതികളിൽ നിന്നും ചികിത്സ കഴിഞ്ഞ് മടങ്ങുന്നവരും കൂട്ടത്തിൽ ഉണ്ടായിരുന്നു. D2-വിൽ സ്ഥിരമായി വെള്ളിയാഴ്ച യാത്ര ചെയ്യുമായിരുന്നെങ്കിലും ഇന്നെന്തോ ഒന്നും എഴുതാൻ കഴിയുന്നില്ല. ഇങ്ങനെ വീണു കിട്ടുന്ന യാത്രകളാണല്ലോ സർക്കാർ സേവകരുടെ സാഹിത്യരചനകൾ.

അമ്മയുടെ മടിയിലിരുന്ന് മോണ കാട്ടി ചിരിക്കുന്ന വിരുതൻ എല്ലാവരുടേയും ഓമനയാണെന്ന് പലരുടേയും നോട്ടത്തിൽ നിന്നും മനസിലാക്കാം. ആരും അവന് അപരിചിതരായിരുന്നില്ല. കണ്ണേറു തട്ടാതെ കവിളിലിട്ടിരിക്കുന്ന കറുത്ത കുത്ത് അവന്റെ ഭംഗിക്ക് മാറ്റ് കൂട്ടി. പേരില്ലാത്ത... മതമോ ജാതിയോ എന്തെന്നറിയാത്ത നിഷ്കളങ്കമായി ചിരിക്കാനറിയുന്ന ഇവനെപ്പോലെ...താനെന്താണ് ചിന്തിക്കുന്നത്...? എന്റെ ചിന്തകൾക്ക് ഇന്നെന്താണ് പ്രസക്തി? വെറുതെ ചിന്തിച്ചതല്ല. ജാതിയോ മതമോ നോക്കാതെ പ്രണയിച്ചവളെ തന്നെ വിവാഹം കഴിക്കണമെന്നാഗ്രഹിച്ചിട്ട് കിട്ടിയോ...? കിട്ടി, ഒരു സമൂഹം മുഴുവൻ തന്നെ ഒറ്റപ്പെടുത്തി, പിറന്ന നാട്ടിൽ നിന്നും ഓടിയൊളിക്കേണ്ടി വന്നില്ലേ...എന്നിട്ടും വെറുതേ വിട്ടോ... ആയുധധാരികളായി വന്നവർ അച്ഛനെയും അമ്മയെയും ജീവച്ഛവമാക്കിക്കളഞ്ഞില്ലേ... കവിളെല്ല് പൊട്ടി, ഇടതു കണ്ണിന്റെ കാഴ്ചയുമില്ലാതെ അച്ഛനെത്ര നാൾ...! അടിവയറ്റിനേറ്റ അക്രമിയുടെ ചവിട്ട് അമ്മയെ കിടപ്പിലാക്കിയില്ലേ...

ഓഫീസു കഴിഞ്ഞുള്ള വെള്ളിയാഴ്ചകളിലെ ഈ യാത്ര നേരെ ചെന്നെത്തുന്നത് ഗുരുവായൂരിലെ പാലിയേറ്റീവ് കെയറിലേക്കാണെന്ന് സഹപ്രവർത്തകർക്ക് പോലും അറിയില്ല. അറിയില്ല എന്നല്ല, അറിയിച്ചിട്ടില്ല അതാണ് സത്യം പറഞ്ഞാൽ

പിന്നെ നൂറഭിപ്രായങ്ങൾ പൊന്തി വരും, വേണ്ടാ എന്നു തീരുമാനിച്ചു. മകന്റെ പ്രണയത്തിന്റെ നിത്യസ്മരണകളായി അവരങ്ങനെ കിടക്കട്ടെ ... അല്ലേ.

അഷ്ടമുടിക്കായലിന്റെ മധ്യത്തിലൂടെ ട്രെയിൻ ചൂളം വിളിച്ചു പാഞ്ഞപ്പോൾ ഉള്ളിലേക്ക് തണുപ്പ് ഇരച്ചു കയറി. ഞാൻ പുറത്തേക്കൊന്ന് നോക്കിയിട്ട് ഷട്ടർ താഴ്ത്തി. അപ്പോഴാണ് തന്റെ സമീപത്തിരിക്കുന്നത് ഒരു കല്യാണച്ചെറുക്കനാണെന്ന് അറിഞ്ഞത്. സന്തോഷം തോന്നി. പ്രണയിച്ചവരായിരിക്കുമോ...? കമിതാക്കളുടെ ആഗ്രഹസാഫല്യമാകുമോ...? അറിയാനൊരു ആശ തോന്നി. എന്നാലും ചോദിച്ചില്ല. ഗുരുവായൂരമ്പലത്തിൽ വച്ച് നാളെയാണ് വിവാഹം. ദുബായിൽ ആയിരുന്നു. മൂന്ന് മാസത്തെ അവധിക്ക് വന്നതാണ്. കൊടുങ്ങല്ലൂരിൽ നിന്നാണ് പെണ്ണ്. ഗുരുവായൂരേക്ക് കല്യാണം നീട്ടാനുള്ള കാരണം ഉഭയ സമ്മതപ്രകാരമായിരുന്നു. കല്യാണം കഴിഞ്ഞാൽ പെണ്ണിനേയും ദുബായിൽ കൊണ്ടണ്ടുപോകുമെന്നുമൊക്കെ മുൻ സീറ്റിലിരുന്ന് ഒരു പ്രായമായ ആളിനോട് പറയുന്നത് കേട്ടു.

തൊട്ട് പിന്നിലെ സീറ്റിൽ നിന്നും ഒരു ഞരക്കവും മൂളലും ചെറിയ ചെറിയ അസ്വസ്ഥമായ വിളികളും കേട്ടപ്പോൾ ഒന്നെത്തി നോക്കി. വളരെ മെലിഞ്ഞ ഒരാൾ സ്ത്രീയുടെ മടിയിൽ കിടക്കുകയാണ്. മൂക്കിലൂടെ ട്യൂബ് കടത്തിയിട്ടിരുന്നു. വളരെ ക്ഷീണിതനാണ്. കൂടെയുള്ളത് ഭാര്യയാണെന്ന് മനസ്സിലാക്കാം. കാരണം ഇത്തരം സന്ദർഭങ്ങളിൽ അമ്മയോ ഭാര്യയോ മാത്രമേ ഉണ്ടാകാറുള്ളൂ. എന്തായാലും അമ്മയല്ല. ഞാനെന്റെ മാതാപിതാക്കളെ ഓർത്തു പോയി. അച്ഛൻ ജോലി കഴിഞ്ഞ് വരുമ്പോൾ കൊണ്ടണ്ടുവരാറുള്ള മധുരമിഠായികളെക്കുറിച്ചോർത്തു. അച്ഛൻ ഒരു സർക്കാർ ഗുമസ്തനായിരുന്നുവല്ലോ. അമ്മയ്ക്ക് വീട്ടിൽ പിടിപ്പത് പണിയുണ്ടായിരുന്നുവെങ്കിലും ഞങ്ങളഞ്ച് മക്കൾക്കും സ്നേഹം വീതിച്ച് നൽകാൻ സമയം കണ്ടെത്തുമായിരുന്നു. അമ്മ വല്ലപ്പോഴും ഉണ്ടാക്കിത്തരുന്ന ഉണ്ണിയപ്പത്തിന്റെ സ്വാദ്... ഹോ നാവിലൂടെ വെള്ളമൂറുന്നു. അയ്യോ വയ്യായേ.. ഹോ...അമ്മേ...' വീണ്ടും ആ രോഗിയുടെ വിളി എല്ലാവരേയും നിശബ്ദരാക്കി. അപ്പോഴും ചോറൂണിന് ഒരുങ്ങി പുറപ്പെട്ടിരിക്കുന്ന കുഞ്ഞ് വിദ്വാൻ അമ്മയുടെ മൂക്കിലും കവിളിലുമൊക്കെ ഉമ്മ വച്ച് തന്റെ ഉമിനീരാകുന്ന തേൻകണം പറ്റിക്കുകയായിരുന്നു.

'RCC-യിൽ കൊണ്ടു വന്നതാണ്. പക്ഷേ അവർ ചോദിച്ച രേഖകളൊന്നും കൊടുക്കാനില്ലാത്തതു കൊണ്ട് തിരിച്ചു വിട്ടിരിക്കുകയാണ്'... അയാളുടെ ഭാര്യ ആരോടെന്നില്ലാതെ പറഞ്ഞു. 'ഞാനിനി എന്താണ് ചെയ്യുന്നത്... സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്തതിനാൽ റേഷൻകാർഡോ, ആധാർകാർഡോ ഒന്നുമില്ല. ''പിന്നെ നിങ്ങൾ എവിടെയാണ് താമസം"

കല്യാണച്ചറുക്കന്റെ കൂട്ടത്തിലുള്ള ഒരു വല്യമ്മ ചോദിച്ചപ്പോൾ ''പുറമ്പോക്കിൽ റെയിൽവേയുടെ" പൂർത്തിയാക്കാൻ ആ സ്ത്രീക്ക് കഴിഞ്ഞില്ല. അവരുടെ കണ്ണീർ അയാളിലേക്കും പടർന്നു.

ഒരിക്കൽ ചേട്ടൻ എന്നോട് പറഞ്ഞതുപോലെ 'നിന്റെ നെഗളിപ്പിന് കിട്ടിയ അംഗീകാരമല്ലേ തന്തയ്ക്കും തള്ളയ്ക്കും അനുഭവിക്ക്. അല്ലെങ്കിൽ വല്ല റെയിൽവേ പുറംപോക്കിലും കൊണ്ടുചെന്നാക്ക്'. ഞാൻ ജോലി കിട്ടി തിരുവനന്തപുരത്തായപ്പോൾ അമ്മയേം അച്ഛനേം, ഒന്ന് ശ്രദ്ധിക്കണമെന്ന് പറഞ്ഞപ്പോഴുള്ള ചേട്ടന്റെ പ്രതികരണം. ഉള്ളത് അഞ്ച് മക്കൾക്കും വീതിച്ചു കൊടുത്തു. അതുകൊണ്ടെന്താ... ഇപ്പോ സർവസംഗ പരിത്യാഗികളെപ്പോലെ ഹോംനഴ്സിന്റെ കാരുണ്യം കൊണ്ട് ജീവിതം തള്ളി നീക്കുന്നു.

'ചായേ.. ചായേ...' ചായക്കാരന്റെ നീട്ടിയും ഗാംഭീര്യവുമായ വിളി ഒരു ചായ കുടിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. അപ്പോഴും രോഗിയെ ചുമന്നിരിക്കുന്ന ഭാര്യ തന്റെ ജീവിത ഭാണ്ഡങ്ങൾ ഇറക്കി വയ്ക്കുകയായിരുന്നു. അത് കേൾക്കാനെന്ന വണ്ണം ഞാനൊന്ന് മുന്നോക്കം ആഞ്ഞിരുന്നു. 'മകൾക്ക് ഉദ്യോഗമൊക്കെ കിട്ടി. നല്ല കെട്ട്യോനെയൊക്കെ കിട്ടിയപ്പോ ഞങ്ങളെ വേണ്ടാ.. ഇളയത് മോനാ, അവൻ പിന്നെ പെണ്ണുമ്പുള്ള പറയുന്നതിനപ്പുറമില്ല." 'അത് ശരി അപ്പോൾ മോനും മോളുമൊക്കെ നല്ല സ്ഥിതിയിലുണ്ട് അല്ലേ? കൂട്ടത്തിലൊരാൾ ചോദിച്ചു. 'ഉണ്ടെന്ന് ഞങ്ങള് പറയും.... പക്ഷേ അവരാരും പറയില്ല തന്തേം തള്ളേം ഉണ്ടെന്ന്..... അവർക്ക് കൊറച്ചിലാ'....

ഭർത്താവിനെ കുറച്ച് കൂടി മടിയിലേക്ക് കയറ്റിക്കിടത്തിയിട്ട് അവർ ഒന്നു നിവർന്നിരുന്നു. 'ആറ്റിലെ തടി പിടിച്ചും മൂന്നിയുമാണ് ഈ കിടക്കുന്ന ആള് രണ്ടിനേം വളർത്തിയത്. പഠിത്തം കൂടിയപ്പോ, ഉദ്യോഗം കിട്ടിയപ്പോ, പണക്കാരുടെ ബന്ധങ്ങൾ കിട്ടിയപ്പോ, ദാ കിടക്കുന്നു..... പാലൂട്ടി വളർത്തിയ ഉമ്മയും.... അധ്വാനിച്ചു രോഗിയായിത്തീർന്ന വാപ്പയും" അവർ പറഞ്ഞു നിർത്തിയപ്പോൾ വല്ലാത്ത ഒരൊറ്റപ്പെടലിന്റെയും തിരയിളക്കം ആ കണ്ണിൽ കാണാമായിരുന്നു.

'വെള്ളം.... വെള്ളം" സ്ത്രീ താങ്ങിയിരുത്താൻ ശ്രമിച്ചു. ഞാൻ കൂടെ അവരെ സഹായിച്ചു. വെള്ളത്തിനായിരിക്കണം അവർ എന്നെ നോക്കി ഞാൻ എന്റെ വെള്ളക്കുപ്പി അവർക്കായി നീട്ടി. മേൽവിലാസമില്ലാത്തവരായി മാറിയ മനുഷ്യക്കോലങ്ങളെ സഹതാപത്തോടെ ഞാൻ നോക്കി വീതം വയ്പി' ന്റെ മറ്റൊരു ഇരകളായി തോന്നി അവരെനിക്ക് എന്റെ വീതം മാതാപിതാക്കളുടെ അന്നമായും പരിചരണമായും മരണത്തിന്റെ കാലാവധി നീട്ടി വയ്ക്കുന്നതിനുമായി ഉപയോഗിക്കുന്നുവെന്നത് ആരാണ് മനസ്സിലാക്കിയിട്ടുള്ളത്. ചേച്ചി ഒരിക്കൽ ചോദിച്ചു. 'ഇപ്പോ നിനക്ക് ജോലിയൊക്കെ ആയില്ലേ.... ഒരു പെണ്ണൊക്കെ കെട്ടി, നിന്റെ ഷെയറിലൊരു വീടൊക്കെ വച്ച് താമസിച്ചൂടെ' 'അച്ഛനേം അമ്മേം നോക്കി ഇങ്ങനെ ഇരുന്നാ നീ മൂത്ത് നരച്ചു പോവേ ഉള്ള് 'പണ്ടേതോ മലയാളം ക്ലാസ്സിൽ എഴുത്തച്ഛന്റെ കാവ്യ ശകലം പഠിച്ചതോർമ്മ വന്നു.

പാന്ഥർ പെരുവഴിയമ്പലം തന്നിലേ ......... മെത്രയും ചഞ്ചലമാലയ സംഗമം കുടുംബ ബന്ധങ്ങളുടെ അസ്ഥിരതയെ കുറിച്ചാണ് . എത്ര ശരിയാണത് എന്ന് തോന്നിപ്പോയി.

ആലപ്പുഴ, കുറെയധികം സമയം ട്രെയിൻ പിടിച്ചിട്ടതായി തോന്നി. വല്ലാത്ത വിശപ്പുണ്ട്. പക്ഷേ ഇന്നെന്തോ കഴിക്കാൻ തോന്നുന്നില്ല. ഞാൻ പൊതിയെടുത്ത് രോഗിക്കും സ്ത്രീക്കുമായി നീട്ടി . ആദ്യം അവർക്ക് സ്വീകരിക്കാൻ മടി തോന്നി. എന്റെ ഉറച്ച നീട്ടലിൽ എന്നിൽ നിന്നും ആ പൊതിയെ അവർ പ്രതീക്ഷയോടെ ഏറ്റുവാങ്ങി.

ചോറൂണിന് പോകുന്നവരും വിവാഹത്തിനു പോകുന്നവരൊക്കെയായി ഇപ്പോഴും കംപാർട്ട്മെന്റ് വലിയ ശബ്ദത്തിൽ തന്നെ. ഇടയ്ക്ക് സാമാന്യം തടിച്ച തലയിൽ കഷണ്ടി ബാധിച്ച് അങ്ങിങ്ങ് നര ബാധിച്ച ഒരാൾ മലയാളം മാസിക വായിച്ചു കൊണ്ടിരുന്നതിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണോ എന്നറിയില്ല. പെട്ടെന്ന് പൗരത്വ ബില്ലിനെക്കുറിച്ചും NRC യെക്കുറിച്ചുമൊക്കെ സഹയാത്രികനോട് ഉച്ചത്തിൽ തന്നെ സംസാരിക്കുന്നത് കേട്ടു.

രോഗിക്കും ഭാര്യക്കും അലോസരമായി തോന്നി എന്ന് അയാൾ മനസിലാക്കിയെങ്കിലും തുടർന്നു. 'മരിച്ചു പോയ വിലാസം തപ്പി പോകേണ്ട സമയമായി. ജീവിച്ചിരിക്കുന്നു എന്ന് തെളിയിക്കണമെങ്കിൽ മരിച്ചവർ തിരിച്ചു വരണം' – മാസികവായനക്കാരന്റെ ശബ്ദത്തിന് കനം കൂടിയപ്പോൾ ഞാനും ആലോചിച്ചു. ശരിയാണല്ലോ... എല്ലാം രേഖകളല്ലേ... ജനനം... മരണം... എല്ലാം രേഖകൾ... വിവാഹം... പ്രണയം.. ബന്ധങ്ങൾ... എല്ലാം അനന്തമായ രേഖകൾക്ക് പിൻബലമേകുന്നവയല്ലേ...എന്തിന് ചികിത്സിക്കാൻ സ്വത്വം വെളിപ്പെടുത്തി മേൽവിലാസം തരപ്പെടുത്താൻ അലഞ്ഞ് നടക്കുന്നവരുടെ മുന്നിലൂടെയാണ് നമ്മളിൽ പലരും ജീവിതയാത്ര ചെയ്യുന്നതെന്ന് തോന്നിപ്പോയി.

ട്രെയിനിന്റെ ദീർഘമായ ചൂളം വിളി... അനന്തമായ പാളങ്ങൾ...പരസ്പരം സമരസപ്പെട്ട് നീണ്ടു പോകുന്ന യാത്രകൾ...!

ടോയ്‌ലറ്റിൽ പോയി തിരികെ വന്നപ്പോളാണ് പുതിയ കുറച്ച് യാത്രക്കാർ മുന്നിലും പിന്നിലുമൊക്കെയുള്ളത് കാണാൻ കഴിഞ്ഞത്. മിക്കവരും പ്രായമേറെച്ചെന്ന വൃദ്ധജനങ്ങളാണ്. എല്ലാവരിലും പതിയെയെങ്കിലും ഹരേ രാമ... ഹരേ കൃഷ്ണാ... മന്ത്രം കേൾക്കാം... ഗുരുവായൂരപ്പനെ മതിയാവോളം കണ്ടു തൊഴാനുള്ള ആകാംക്ഷ ആ വൃദ്ധ നയനങ്ങളിൽ ഉണ്ടായിരുന്നു. അമ്പാടിക്കണ്ണനെ അടുത്ത് കാണാൻ പോകുന്ന രംഗം മനസ്സിൽ കണ്ട് അവർ സന്തോഷിച്ചു. പക്ഷെ എന്റെ ഓർമകൾ കാലം മായ്ച്ചിരുന്നില്ല. സോദാഹരണം, ഇളയപെങ്ങളും അളിയനും കൂടി എനിക്ക് സമർത്ഥിച്ചു തന്നതാണ്.

''ദീപക്കിന്റെ അമ്മയെ, മണിവർണന്റെ അമ്മായിഅമ്മയെ...ജയപാലന്റെ അച്ഛനെ അങ്ങനെ എത്രയെത്ര പേരെ'-അളിയൻ ഉദാഹരണം നിരത്തിയിട്ട് എന്നെയും അനിയത്തിയേയും മാറി മാറി നോക്കി, എന്നിട്ട് തുടർന്നു. 'വരുന്ന ഇന്റർസിറ്റിയിൽ ഗുരുവായൂരിറങ്ങണം. തൊഴുത് നടക്കുന്നതിനിടയിൽ ഒരു 'കൈയ്യബദ്ധം' കൂട്ടത്തിൽപ്പെട്ട് കാണാനില്ല.' ഓർമ്മയൊക്കെ ഇല്ലാണ്ടായവരല്ലേ, പിന്നൊരു തിരിച്ചു വരവുണ്ടണ്ടാകില്ല. എന്താ ഇനി ഞാൻ കൂടി'...പറഞ്ഞു തീർക്കുന്നതിനു മുമ്പു തന്നെ ഞാൻ വല്ലാത്ത മുഷിച്ചിലോടെ മുണ്ട് മടക്കിക്കുത്തി ഇറങ്ങിപ്പോയി. പണ്ട് ഞങ്ങളെയെല്ലാം ഗുരുവായൂരമ്പലത്തിൽ കൊണ്ടുപോയി.

വാര്യർ സമാജം ഹോട്ടലിൽ തങ്ങിയതും, അവിടുത്തെ ഇഡ്ഢലിയുടെയും ചമ്മന്തിയുടേയുമൊക്കെ സ്വാദും നാവിലൂറി നടതള്ളലിന്റെ തണലിലേയ്ക്കുള്ള എളുപ്പ വഴി പറഞ്ഞു തരാൻ അളിയൻ കടന്നു വന്ന ദീർഘദൂര വഴികൾ എന്നെ അത്ഭുതപ്പെടുത്തി.

നാമജപത്തോടൊപ്പം തന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വേണ്ടി മനസറിഞ്ഞ് പ്രാർത്ഥിക്കുന്ന ദേഹങ്ങളെ ഞാൻ മാറി മാറി നോക്കി. സ്നേഹമൂറുന്ന ഓരോ മിഴിയിണകളിലും തന്റെ മക്കൾക്കു വേണ്ടി ഹോമിച്ച യൗവ്വനം കളിയാടുന്നത് കാണാമായിരുന്നു. വണ്ടി ഗുരുവായൂർ സ്റ്റേഷനിലേയ്ക്കടുക്കുന്തോറും നാമജപത്തിന്റെ ഘോഷം ഉയർന്നുയർന്നു വന്നു. കുഞ്ഞൂണിന് പോകുന്ന സുന്ദരൻ ഉറക്കത്തിലാണ്. അമ്മയുടെ ഇറുകെയുള്ള കരവലയത്തിന്റെ പിടുത്തത്തിൽ ...!

# വാർദ്ധക്യം



**ഷാജു പരുത്തിക്കുഴി**

അനാഥത്വം....
മറവി മൂടിയ മനസ്സ്...
ഒറ്റപ്പെടൽ.....
വജ്രസൂചി കരളിൽ തറച്ച വേദനകൾ....
ശാപം ചൊരിഞ്ഞ കുത്തുവാക്കുകൾ...
ശൂന്യമായ ഹൃദയം...
അറുത്തുമാറ്റിയ ആഗ്രഹങ്ങൾ....
ചുളിവുകൾ വീണ തൊലി....
ഓല മേഞ്ഞ ഓട്ടകൾ വീണ നരകൾ....
യൗവ്വനത്തിലേ പിൻവാങ്ങിയ സ്വപ്നങ്ങൾ....
രോഗപീഡയാൽ തളർന്ന ശരീരം....
സഹന ശക്തിയുടെ നെല്ലിപ്പലകയിലൂടെയുള്ള പ്രയാണങ്ങൾ...
ആശ്രയം പ്രാർത്ഥനാ മന്ത്രങ്ങൾ....
അവസാനകാലത്ത് ഉറ്റവരേക്കാൾ താങ്ങായ വേലക്കാരി....
പനിനീർപ്പൂവിനും ദുർഗന്ധം...
ശേഷിച്ച തുരുമ്പിച്ച സ്വർണ്ണത്തിനായുള്ള കടിപിടികൾ....
മരണം എന്ന മഴ കാത്തുകഴിയുന്ന വേഴാമ്പൽ...
മൃത്യു പെട്ടെന്ന് പൂകാനുള്ള മക്കളുടെ അർച്ചനകൾ...
പ്രാർത്ഥനകൾ...
ഒരിക്കലും ഇനി വരാത്ത പുതുമഴ...
ഓർമ്മകളിൽ മാത്രമായ വസന്തം.....
കൂട്ടിലകപ്പെട്ട നായകൾ....
ചുമയ്ക്കുമ്പോൾ അറപ്പോടെയുള്ള ഭയപ്പെടുത്തുന്ന നോട്ടങ്ങൾ.....
പൂക്കാലം അസ്തമിച്ച കുന്നിൻചരുവുകൾ...
പോയ ബാല്യത്തിലെ നിത്യ നിർമ്മലതയുടെ തിരിച്ചു വരവ്....
സ്വത്ത് കൈക്കലാക്കിയിട്ടും ഫണത്തിൽ വിഷം സൂക്ഷിച്ച്-

കൊത്തിയ കൈകൾ...
നൂറുകണക്കിന് വയറുകൾക്ക് പ്രതിഫലം പ്രതീക്ഷിക്കാതെ-
അന്നമൂട്ടിയ പുണ്യജന്മം....
എന്നിട്ടും....
ചെറിയ വിത്തിൽ തുടങ്ങി
പെരിയ വൃക്ഷമായ് ഉറ്റവർക്കായ്....
ഫലങ്ങൾ യഥേഷ്ടം ചൊരിഞ്ഞ്...
ഒടുവിൽ....
കരിഞ്ഞുണങ്ങി...
വിറക് കൊള്ളിയായ്...
എരിഞ്ഞടങ്ങാൻ പാകത്തിന്....
പൂമുഖത്ത്....
വേഷങ്ങളെല്ലാം അഴിച്ചുവെച്ച്.....
നോക്കു കുത്തിയായ്....
രാമമന്ത്രങ്ങളുമായ്....
ഓർത്തെടുക്കുവാനുള്ള ഭാരിച്ച
പുസ്തകതാളുകൾ പഴകി ദ്രവിച്ച്....
അർത്ഥമില്ലാത്ത പദപ്രയോഗങ്ങളുടെ
അകമ്പടിയോടെയുള്ള-
ചെവിയടച്ചുള്ള ഭത്സനങ്ങൾ...
കണ്ണുകളിൽ നിന്നും അന്യമായ വെളിച്ചം.....
തമോ രജോഗുണങ്ങൾ മരവിച്ച്....
സാത്വികതയിലേയ്ക്ക്....
അഗ്നിനാളങ്ങളാൽ....
പഞ്ചഭൂതങ്ങളിൽ ലയിച്ച്....
ഭീകരമാണെങ്കിലും മൃത്യുവിനെ ആഗ്രഹിച്ച്...
കാലന്റെ കയറും കാത്ത്...
ആരെയും ശപിക്കാതെ...
നിർമ്മല ഹൃദയ ശുദ്ധിയോടെ...
കർമ്മഫല ചക്രവാക ചുഴിയിൽ....
ആത്മാവ് പുനർജന്മത്തിനായ്....
മറ്റൊരു ബീജാണുവായ്....!
ഗർഭപാത്രവും തേടി......!!

# വിദൂര നക്ഷത്രപഥങ്ങളിലേക്ക്.....

**വേണുഗോപാൽ ആർ.**

സൗരയൂഥത്തിലെ വിദൂര ഗ്രഹങ്ങളായ Jupter, Saturn, Uranus, Neptune എന്നിവയെക്കുറിച്ച് പഠിക്കുന്നതിനായി ബഹിരാകാശ പര്യവേഷണ സ്ഥാപനമായ നാസ നിയോഗിച്ച മനുഷ്യരഹിത വാഹനങ്ങളാണ് Voyager I, Voyager II എന്നിവ. ഇവയിൽ Voyager II 20.08.1977 നും Voyager I 05.09.1977 നുമാണ് യാത്ര ആരംഭിച്ചത്. Voyager I Jupiter, Saturn എന്നീ ഗ്രഹങ്ങളെയും Voyager II Uranus, Neptune എന്നീ ഗ്രഹങ്ങളെയും സമീപിച്ച് വിവരങ്ങൾ ശേഖരിച്ചു ഭൂമിയിലേക്ക് അയയ്ക്കുക എന്നതായിരുന്നു ഈ ദൗത്യത്തിന്റെ പ്രാഥമിക ലക്ഷ്യം. എന്നാൽ NASAയെ വിസ്മയിപ്പിച്ചുകൊണ്ട് പര്യവേക്ഷണം തുടർന്ന ഈ രണ്ടു പേടകങ്ങളിൽ Voyager I 14/02/1990 ൽ Neptune ഗ്രഹത്തെ മറികടക്കുകയും Carl Sagan എന്ന ശാസ്ത്രജ്ഞന്റെ നിർദ്ദേശപ്രകാരം ആറു ബില്യൺ കിലോമീറ്റർ അകലെ നിന്നും അതിന്റെ ക്യാമറ ഭൂമിയുടെ നേർക്ക് തിരിച്ച് ചിത്രമെടുക്കുകയും ചെയ്തു. ഈ ചിത്രമാണ് "Pale Blue Dot' എന്ന പേരിൽ ലോക പ്രസിദ്ധി നേടിയത്. ആ ചിത്രത്തിൽ വളരെ ചെറിയ ഒരു പൊട്ടുപോലെ ഭൂമിയെ കാണാം. നീണ്ട 44 വർഷങ്ങളായി യാത്ര തുടരുന്ന ഈ രണ്ടു പേടകങ്ങളും നാസയുടെ California, Spain, Autsralia എന്നിവിടങ്ങളിലെ Deep Space Network കേന്ദ്രങ്ങളുമായി ഇപ്പോഴും ആശയ വിനിമയം നടത്തുന്നുണ്ട്.

സൗരയൂഥത്തിലെ നവഗ്രഹങ്ങളെയും കടന്ന് ബഹിരാകാശത്തിന്റെ അനന്തതയിൽ മണിക്കൂറിൽ 61000 കിലോമീറ്റർ എന്ന അതിഭീമവേഗത്തിൽ പ്രയാണം തുടരുന്ന Voyager I ഭൂമിയിൽ നിന്നും ഏകദേശം 23 ബില്യൺ കിലോമീറ്ററും Voyager II ഏകദേശം 19 ബില്യൺ കിലോമീറ്ററും അകലെയാണ്.

എന്നെങ്കിലും ഒരിക്കൽ അന്യഗ്രഹ ജീവികൾക്ക് (അങ്ങയൊന്നുണ്ടെങ്കിൽ) മനുഷ്യരാശിയെ കുറിച്ച് അറിയാനായി ഭൂമിയിലെ ജീവജാലങ്ങളുടെ ശബ്ദങ്ങളും ചിത്രങ്ങളും അടങ്ങിയ സ്വർണ്ണം പൂശിയ രണ്ടു ചെമ്പു ഫോണോഗ്രാഫ് ഡിസ്കുകൾ Voyager I ലും Voyager II ലുമായി ഘടിപ്പിച്ചിട്ടുണ്ട്. Voyager Golden Records എന്ന പ്രസ്തുത ഡിസ്കുകളിലാണ് The Sounds of Earth എന്ന പേരിൽ ഭൂമിയിലെ സംസ്കാരം, ജൈവ വൈവിധ്യം എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ആലേഖനം ചെയ്തിട്ടുള്ളത്. അന്യഗ്രഹ ജീവികൾക്ക് ഭൂമിയെ കുറിച്ചുള്ള വിവരങ്ങൾ അപഗ്രഥിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങളും Voyager Record Cover ൽ രേഖപ്പെടുത്തിയിട്ടുണ്ട്.


44 വർഷങ്ങളായി അതികഠിന ശൈത്യത്തിലൂടെ, സൂര്യ രശ്മികളുടെ പ്രഭാവം ഏൽക്കാതെ അദൃശ്യ വികിരണങ്ങളുടെ സ്വാധീന വലയത്തിലൂടെ, യന്ത്ര ഭാഗങ്ങൾക്ക് തകരാറുകൾ സംഭവിക്കാതെ, Radioisotope Thermoeletcric Generator ലെ ഇപ്പോഴും അവശേഷിക്കുന്ന ഇന്ധനമായ Pluto nium 238 Oxide ന്റെ ഊർജവും ഉപയോഗിച്ച് പ്രപഞ്ചത്തിലെ നിഗൂഢ നക്ഷത്രപഥങ്ങളിലേക്ക് യാത്ര തുടരുന്ന Voyager I, Voyager II എന്നീ വാഹനങ്ങൾ മനുഷ്യരാശി കൈവരിച്ച അത്ഭുതാവഹമായ സാങ്കേതിക നേട്ടങ്ങളിലൊന്നു തന്നെയാണ്.

**2021 – ലെ വായനാക്കുറിപ്പ് മത്സരം**
**മൂന്നാം സ്ഥാനം**

# മരുഭൂമികൾ ഉണ്ടാകുന്നത്

**അജിമോൻ സി**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

ശ്രീ ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവൽ ആണ് വായിച്ച പുസ്തകങ്ങളിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായി മാറിയത്. 1989 ൽ പുറത്തിറങ്ങിയ ഈ നോവൽ കഥാകാരന്റെ ദാർശനിക പരിവേഷം പേറി അനുവാചക ഹൃദയങ്ങളിൽ ആഴത്തിലിറങ്ങിയ ഒന്നായി മാറിയിട്ടുണ്ട്. പുരസ്കാര മികവിൽ വയലാർ അവാർഡ് കരസ്ഥമാക്കിയ നോവൽ ആധുനിക ഭരണകൂടങ്ങളുടെ മനുഷ്യ സമൂഹം കാണാതെ പോകുന്ന പ്രവർത്തികളെക്കുറിച്ചാണ് പറയുന്നത്. സ്റ്റേറ്റ് എന്ന സ്ഥാപനത്തിന്റെ അമൂർത്തത അത് നമുക്ക് നൽകുന്ന സുരക്ഷിതത്വ ബോധം, നമ്മൾ എങ്ങനെ സുരക്ഷിതരാകുന്നു എന്ന് തുടങ്ങുന്നിടത്തു നിന്ന്, അതിന് വേണ്ടി ഭരണകൂടങ്ങൾ ചെയ്തുകൂട്ടുന്ന ചില കാര്യങ്ങളെ (ക്രൂരമായ കാര്യങ്ങൾ) ആനന്ദ് നോവലിലൂടെ വരച്ചുകാട്ടുകയാണ്. ജയിലറകളിൽ തടവിലാക്കപ്പെട്ട കുറ്റവാളികളുടെ മേൽനോട്ട ഉദ്യോഗസ്ഥനായി എത്തുന്ന കുന്ദൻ എന്ന കേന്ദ്ര കഥാപാത്രമാണ് മറ്റ് കഥാപാത്രങ്ങളേക്കാൾ ഈ നോവലിൽ വായനക്കാരുടെ മനസിൽ നിറഞ്ഞു നിൽക്കുന്നത്. കുന്ദൻ എന്ന കഥാപാത്രത്തിന്റെ മനോവേദനകളും, മാനസിക സംഘർഷങ്ങളും ഇവിടെ വിവരണാധീതമാണ്.ഒരു വശത്ത് സംരക്ഷിക്കപ്പെടേണ്ട ജനത, മറുവശത്ത് അവരുടെ സുരക്ഷിതത്വത്തിനായി ഹനിക്കപ്പെടുന്ന സ്വാന്ത്ര്യങ്ങളും അവകാശങ്ങളും പേറി ഒരു കൂട്ടം മനുഷ്യർ (കുറ്റവാളികൾ ആണെങ്കിൽ പോലും) അവരുടെ ജീവിതാവസ്ഥകൾ നോവിലിസ്റ്റ് തുറന്നു കാട്ടുന്നു. ഒരു രാജ്യത്ത് വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളികളെകൊണ്ട് ആ രാജ്യത്തിന്റെ തന്നെ ജനങ്ങളുടെ സുരക്ഷയ്ക്കായി ഏറ്റവും രഹസ്യസ്വഭാവമുള്ള




ആയുധങ്ങൾ ഉണ്ടാക്കുന്ന ഭരണകൂടങ്ങളെ നോക്കിക്കാണുകയാണ് നോവലിസ്റ്റ്. കുറ്റവാളികളുടെ ശിക്ഷ നടപ്പാക്കുന്നതോടെ ആയുധ നിർമ്മാണങ്ങളുടെ രഹസ്യവും പുറംലോകമറിയുന്നില്ല. ഒരു ജനതയുടെ സുരക്ഷയ്ക്കായി (ഭൂരിപക്ഷത്തിനുവേണ്ടി ന്യൂനപക്ഷം) മറ്റൊരു വിഭാഗത്തെ അതിസമർത്ഥമായി ഭരണകൂടങ്ങൾ ഉപയോഗിക്കുന്നു. നീതിയുടെ തുലാസ് എങ്ങോട്ട് ചരിഞ്ഞാലും ധർമ്മസങ്കല്പങ്ങളുമായി യുദ്ധത്തിലേർപ്പെടുകയാണ് കേന്ദ്രകഥാപാത്രമായ കുന്ദൻ. മരുഭൂമികളിലാണ് ഇത്തരം ജയിലറകളെങ്കിലും നീതി നിഷേധത്തിന്റെ ഓരോ പ്രവർത്തികളിലും മനസ്സു തകരുന്ന കേന്ദ്രകഥാപാത്രത്തെ നോക്കി ഭരണകൂടങ്ങളുടെ ദുഷ്ചെയ്തികളിൽ, വായനാനുഭവം സത്യത്തിൽ അനുവാചക ഹൃദയങ്ങളിലും മനസുകളിലുമാണ് മരുഭൂമികളെ രൂപപ്പെടുത്തുന്നത്.

എം. വിനോദ് ചെറായി



# ഭ്രമണം

ജന്മനക്ഷത്രത്തിൻ സ്ഥാനം തെറ്റി
ഭ്രമണ പഥം തിരയും
താരാഗണങ്ങൾക്ക് ഗ്രഹപിഴയേറ്റ്
ദുരിതം വിതയ്ക്കയായ്,
മൽകർണ്ണങ്ങളിൽ മനുസ്മൃതി
ഈയ്യമുരുക്കിയൊഴിച്ചിട്ടില്ലെങ്കിലും
വിരിമാറിന് വിലങ്ങായ്
ഉപനയനത്തിൻ പുണ്യം
ചുറ്റിവരിഞ്ഞീടുന്നുവോ!
പുസ്തകതടവറയിലക്ഷരകഞ്ഞി-
കുടിച്ചതിനിന്ന്,
കലാശാലയെനിക്കേകീ-
ബിരുദമായ്,
വെറുമൊരു മഞ്ഞക്കാർഡ് !
തൊഴിൽശാലതൻ
കാര്യാലയങ്ങളിൽ
കയറിയിറങ്ങിത്തളർന്നു
സൗരദിനങ്ങൾ പിന്നിട്ടായുസ്സ്
കലണ്ടറിലെയക്കങ്ങൾ
കരിപിടിച്ചീടുന്നു
സപ്തമിവേലിയായ്
ലക്ഷ്യമെന്നെ കൈപിടിച്ചു
കൂടെ നടത്തീടുന്നു.
നൈരാശ്യത്തിൻ
കൊടുംവെയിലേറ്റ്
വാടികരിഞ്ഞൊരെൻ
ജീവിതലതതന്നിൽ
ഒരുനവകുസുമവല്ലരി
പൂത്തുവിടർന്നീടുവതിൽ
തേൻനുകരുവാൻ
കരിവണ്ടിണകൾ
മൂളി വന്നീടുമോ !
എൻ മുഗ്ധ സങ്കല്പത്തങ്കചിപ്പിയിൽ
ഉരുകിയുറഞ്ഞൊരു
മണിമുത്താണു നീ,
കണ്ടുമുട്ടാം നമ്മുക്കു വീണ്ടും
നിദ്രാസാഗരത്തിലെ
മരതക സ്വപ്നത്തുരുത്തിൽ !
മത്സര പരീക്ഷകളൊന്നൊഴിയാതെ
എഴുതീടുകിലും ഒ.എം. ആറിലെ

ശൂന്യവൃത്തങ്ങൾ കറുപ്പിച്ചൊടുവിൽ
കൂട്ടിയും കിഴിച്ചും നോക്കീട്ട് കട്ട്-
ഓഫ് വരുമ്പോൾ പുറത്തായിടുന്നു. !
ചിതലിനു തീറെഴുതിയ
ചുവപ്പുനാടയ്ക്കുള്ളിലെ
ആജീവനാന്ത
തടവുകാരനാമെന്നെ
സ്വതന്ത്രനാക്കീടുമോ കാലമേ!

# പ്രണയവും കാമവും

ഷാജു പരുത്തിക്കുഴി



കൃഷ്ണനും രാധയും ജീവിതത്തിൽ ഒരുമിച്ചവരാണോ? ലൈലയും മജ്നുവും ജീവിതത്തിൽ ഒരുമിച്ചവരാണോ?

അവരുടെ പ്രണയം സഫലമായിരുന്നോ? ഇല്ല എന്നു തന്നെയാണ് ഉത്തരം. കൃഷ്ണൻ രാധയെ വേർപിരിഞ്ഞ് മധുരയ്ക്ക് പോകുമ്പോൾ കൃഷ്ണനേക്കാൾ പ്രായകൂടുതലുണ്ടായിരുന്ന രാധയ്ക്ക് പതിനാറ് വയസ്സ് ആയിരുന്നത്രേ.... എന്നിട്ടും ഈ പ്രണയചിത്രങ്ങൾ ഇന്നും ജനമനസ്സുകളിൽ പ്രണയത്തിന്റെയും ഭക്തിയുടെയും ഉദാത്ത മാതൃകയായി ജീവിക്കുന്നു.... ആയതിലേക്ക് വരും മുൻപ് വിശ്വപ്രസിദ്ധ പ്രണയ കവി ഓമർഖയ്യാമിന്റെ പ്രണയകഥകൂടി പറയാതെ പോകുന്നത്... പ്രശസ്ത ലോക സുന്ദരിയും നർത്തകിയുമായ പെൺകുട്ടിയ്ക്ക് ഖയാമിനോട് കലശലായ പ്രണയം....സ്വതേ വിരൂപനായിരുന്നു ഓമർ ഖയാം എന്നിരുന്നാലും ഖയാമില്ലാത്ത ജീവിതത്തെപ്പറ്റി ഓർക്കാൻ പോലും കഴിയാതെ ഒമറിനെ മനസ്സിൽ വച്ചാരാധിച്ച നർത്തകി തന്റെ ഇംഗിതം ഖയാമിനെ അറിയിച്ചു....! ആ പ്രണയാഭ്യർത്ഥന ഒമർ നിരസിക്കുകയാണ് ചെയ്തത്... പിന്മാറാൻ തയ്യാറാകാത്ത സുന്ദരി പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞത്രേ 'അങ്ങ് എന്നെ വിവാഹം കഴിക്കണം. അങ്ങയുടെ ബുദ്ധിയും എന്റെ സൗന്ദര്യവുമുള്ള ഒരു കുഞ്ഞ് ജനിക്കണം. അവൻ ലോക പ്രസിദ്ധനാകണം. '

ഓമർ ചിരിച്ചുകൊണ്ട് അവളോട് പറഞ്ഞു പോലും

'എന്റെ വൈരൂപ്യവും നിന്റെ സ്ഥിരതയില്ലാത്ത ബുദ്ധിയുമുള്ള കുഞ്ഞാണ് ജനിക്കുന്നത് എങ്കിലോ?

എതായാലും ആ പ്രണയം സഫലമായില്ല.... പിന്നീട് ആ സുന്ദരിമറ്റൊരു വിവാഹമൊക്കെ കഴിഞ്ഞ് സുഖമായി ജീവിച്ചുപോലും...

ഇനി ലൈലാ മജ്നുവിന്റെ പ്രണയത്തിലേയ്ക്ക് വരാം...

'മജ്നു' എന്നാൽ അറബി ഭാഷയിൽ

'ഭ്രാന്തൻ' എന്നാണ് അർത്ഥം.... എന്തായിരുന്നു ഖൈസിനെ സൗദി അറേബ്യയിലെ ജനങ്ങൾ മജ്നു (ഭ്രാന്തൻ) എന്ന് വിളിക്കാൻ കാരണം? ഖൈസിന്റെ ചെറുപ്പകാലം മുതലുള്ള കളിക്കൂട്ടുകാരിയായിരുന്നു ലൈല... കൃഷ്ണന് രാധയെപ്പോലെ അവർ തമ്മിൽ വല്ലാത്തൊരു ആത്മബന്ധമുണ്ടായിരുന്നു. അങ്ങിനെ അവർ വളരുന്നതിനോടൊപ്പം അവരുടെ പ്രണയവും വളർന്നു കൊണ്ടേയിരുന്നു.. ഖൈസ് ലൈലയ്ക്ക് വേണ്ടി കവിതകൾ എഴുതുമായിരുന്നു...തന്റെ പ്രണയിനിയോടുള്ള ഇഷ്ടം കൂടി കൂടി ലൈലയ്ക്ക് നിരന്തരം കവിതകൾ എഴുതികൊണ്ടേയിരുന്നു. ഒരു തരത്തിൽ പറഞ്ഞാൽ' ഭ്രാന്തമായ പ്രണയം.ലൈല എന്നാൽ ഖൈസിന് തന്റെ ജീവശ്വാസം തന്നെയായിരുന്നു.. ! ആ പ്രണയം കണ്ട് ഖൈസിന്റെ കൂട്ടുകാർ അവനെ മജ്നു എന്ന്വിളിക്കാൻ തുടങ്ങി..... അങ്ങനെ ആയിരം മൊട്ടുകൾ പൂക്കളായി ആയിരം പൂക്കൾ അടർന്ന് വീണു.... കാലം പതുക്കെ കടന്നു പോയി...

മജ്നുവിനും ലൈലയ്ക്കും വിവാഹ പ്രായമായി... മജ്നു തന്റെ പ്രണയിനിയുടെ വീട്ടിൽ പോയി. അവളുടെ മാതാപിതാക്കളോട് ലൈലയെ തനിക്ക് വിവാഹം കഴിച്ച് തരണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ലൈലയുടെ മാതാപിതാക്കൾ ഇത് നിരസിച്ചു. ലോകം മുഴുവൻ ഭ്രാന്തൻ എന്നു വിളിക്കുന്ന തനിക്ക് ഞങ്ങളുടെ മകളെ നൽകാൻ സാധിക്കില്ല എന്നായിരുന്നു അവർ ഖൈസിന് നൽകിയ മറുപടി. 'അങ്ങനെ വളരെയധികം ദുഃഖിതനായി ഖൈസ് അവിടെ നിന്നിറങ്ങി....' ലൈലയുടെ മാതാപിതാക്കൾ അവളോട് ചോദിച്ചു.. 'ലോകം മുഴുവൻ ഭ്രാന്തനെന്നു വിളിക്കുന്ന അവനെ നിനക്കെങ്ങനെ സ്നേഹിക്കാൻ കഴിയുന്നു. 'അവനിൽ നീ എന്തു ഭംഗിയാണ് കണ്ടത്? അവനിൽ എന്താണ് നിന്നെ ആകർഷിച്ചത്? അതിന് ലൈല പറഞ്ഞ ഒരു മറുപടിയുണ്ട്....! 'മജ്നുവിന്റെ ഭംഗി കാണണമെങ്കിൽ നിങ്ങൾ എന്റെ കണ്ണുകളിൽ കൂടി നോക്കണം..' അതെ മജ്നുവിന്റെ ഭംഗി കാണാൻ ലൈലയുടെ കണ്ണുകളിൽ കൂടി നോക്കുക തന്നെ വേണം..!. കാരണം അത്രത്തോളം മനസ്സിലാക്കിയതും മജ്നുവിന്റെ സ്വഭാവങ്ങൾ നന്നായി അറിയുന്നതും ലൈലയ്ക്ക് മാത്രമാണ്.... എന്നാൽ മാതാപിതാക്കൾ ലൈലയെ മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. ഇതറിഞ്ഞ മജ്നു തളർന്നു വീണു. ലൈലയോടുള്ള ഭ്രാന്തമായ സ്നേഹം കാരണം നാട്ടുകാർ 'ഭ്രാന്തൻ' എന്ന് വിളിച്ച ഖൈസ് യഥാർത്ഥത്തിൽ ഒരു ഭ്രാന്തനായി മാറി.. !

അങ്ങനെ ഭ്രാന്തനായ മജ്നുവിനെ വീട്ടുകാരും ആട്ടിപ്പുറത്താക്കി. മജ്നു മുഴുഭ്രാന്തനായി മരുഭൂമിയിൽ കൂടി നടക്കാൻ തുടങ്ങി 'അപ്പോഴും മജ്നു പ്രണയിനിക്കായ് കമ്പുകൊണ്ട് മണലിൽ അവരുടെ പ്രണയകാവ്യം എഴുതി കൊണ്ടേയിരുന്നു... 'കാലം വീണ്ടും കടന്നുപോയി.... 'ലൈല അസുഖബാധിതയായി.' വൈകാതെ അവൾ മരണപ്പെട്ടു. 'ഇതൊന്നുമറിയാതെ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞ് നടന്നിരുന്ന മജ്നുവും കുറച്ച് കാലങ്ങൾക്കുശേഷം മരണപ്പെട്ടു. 'ജീവിതത്തിൽ ഒന്നിക്കാൻ കഴിയാതെ ദുരന്ത കഥാപാത്രങ്ങളായ കഥയിലെ നായകനും നായികയും എങ്ങനെയാണ് ലോകത്തെ ഏറ്റവും വലിയ പ്രണയ സാഫല്യത്തിന്റെ പ്രതീകമായത്? കൗമാരത്തിലെ തന്റെ പ്രാണപ്രണയേശ്വരിയായ രാധയെ പിരിഞ്ഞെങ്കിലും കൊട്ടാരം നിറയെ ഭാര്യമാരുണ്ടായിരുന്നിട്ടും രുഗ്മിണിയും രാധികയും സത്യഭാമയും ജാംബവതിയും പോലുള്ള മാസ്മരിക സൗന്ദര്യധാമങ്ങളുണ്ടായിട്ടും രാധ മാത്രമേന്തേ കൃഷ്ണന് പ്രിയപ്പെട്ടവളായി....? ഭക്തമനസ്സുകളിൽ കണ്ണനും രാധയും എന്തു കൊണ്ട് ചിര പ്രതിഷ്ഠ നേടി..? പ്രണയിനിയെ സ്വന്തമാക്കാൻ കഴിഞ്ഞില്ലെങ്കിൽ കൊല്ലാൻ മടിയില്ലാത്ത ആത്മാർത്ഥത തൊട്ട് തീണ്ടാത്ത പ്രണയങ്ങളാണ് ഇന്ന് എവിടെയും. 'കത്തിയും വടിവാളും ആസിഡും പെട്രോളും ബോംബും തോക്കുമൊക്കെയായി പ്രണയിക്കുന്ന കാലം"....

പ്രണയ കുടീരമായ താജ്മഹലിനും ഒരു അനശ്വര പ്രണയ കാവ്യത്തിന്റെ കഥ പറയാനുണ്ട് "ഷാജഹാൻ ചക്രവർത്തിയുടെ അന്തപുരം നിറയെ സുന്ദരികളായ ഭാര്യമാരുണ്ടായിരുന്നിട്ടും അദ്ദേഹം മുംതാസിനെ മാത്രം ഇത്രയേറെ പ്രണയിച്ചത് എന്തിനായിരുന്നു? 'ഉസ്താദ് ഈസ' യെന്ന ശില്പിയാൽ നിർമ്മിതമായ മായക്കൊട്ടാരത്തെ കവച്ചുവെയ്ക്കാൻ ഈസ തന്റെ

കരങ്ങളാൽ താജ്മഹലിനെക്കാൾ മനോഹരമായ മറ്റൊരു സൗധം പണിയാതിരിക്കാൻ ഈസയുടെ വലതു കൈപ്പത്തി വെട്ടിമാറ്റിയത്രേ...! തന്റെ കൈപ്പത്തി നഷ്ടമാകും മുമ്പ് ഷാജഹാന്റെ പ്രാണപ്രണയിനി അന്ത്യവിശ്രമം കൊള്ളുന്ന പ്രണയകുടീരത്തിന്റെ കുംഭഗോപുരത്തിലെവിടെയോ തന്റെ മഴുവിനാൽ തീർത്ത വിടവ് ഇന്നേ വരെ ഒരു വാസ്തുവിദ്യാൽക്കുന്നത് നിഗൂഢതകൾ നിറഞ്ഞ അത്ഭുതങ്ങൾ തന്നെയാണ്.

ജീവന്റെ നിലനിൽപ്പിന് തന്നെ ആധാരമായ കാമം എന്ന പവിത്ര വികാരത്തെ ആധുനിക ആശയ വിനിമയ മാർഗ്ഗങ്ങളിലൂടെയും വികലമായ കൃതികളിലൂടെയും വക്രീകരിച്ച് പുതുതലമുറയെ ചിന്താശേഷിയില്ലാത്തവരും ആഭാസരും ഒറ്റപ്പെട്ടവരുമാക്കി മാറ്റി കൊലപാ



വിദഗ്ദനും അടയ്ക്കാൻ കഴിഞ്ഞിട്ടില്ലത്രേ. "മഴ പെയ്യുമ്പോഴൊക്കെ 'ചോരുന്ന വിടവ്' ലോകാത്ഭുതമായ താജ്മഹലിന്റെ നെറുകയിലെ കറുത്ത അടയാളമത്രേ.."! ഇന്ന് ഭൂമിയിൽ ചെറിയ ചലനമുണ്ടായാൽ പ്രളയമുണ്ടായാൽ തൽക്ഷണം ചീട്ടുകൊട്ടാരം പോലെ നിലം പതിക്കുന്ന കോൺക്രീറ്റ് മന്ദിരങ്ങൾക്കിടയിൽ .... ആധുനികമായ യാതൊരു യന്ത്രസാമഗ്രികളും ഇല്ലാതിരുന്ന കാലത്ത് നൂറു കണക്കിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് പണികഴിപ്പിച്ച ജീവൻതുടിക്കുന്ന ശില്പങ്ങളും ക്ഷേത്രസമുച്ചയങ്ങളും മന്ദിരങ്ങളും രഹസ്യ നിലവറകളും അവയിലൊളിപ്പിച്ച നിധികളുമൊക്കെ കാലത്തെ അതിജീവിച്ച് നിലനി

തകങ്ങളിലേക്കും ആത്മഹത്യകളിലേക്കും നയിക്കുന്നതിലുള്ള പങ്ക് ആർക്കൊക്കെയാണ് എന്ന ഗൗരവതരമായ ചർച്ചകളാണ് സമൂഹത്തിൽ ഉയർന്ന് വരേണ്ടത്... മരുന്നും മന്ത്രവും നിയമ വ്യവസ്ഥിതികളും മാത്രം ഉപയോഗിച്ച് ഇതിനെ നേരിടാനും പരിഹരിക്കാനും കഴിയുമോ..? എന്നോട് എന്റെ ഏറ്റവും പ്രിയപ്പെട്ട ചിലർ പറഞ്ഞിട്ടുണ്ട് 'ചിന്തിക്കരുത്' 'എഴുതരുത്' എന്ന്. ചിന്തിക്കാതിരിക്കുന്നതിനേക്കാൾ ഭീകരമായ മറ്റൊന്നില്ല. ചിന്തകളായ കുതിരകളുടെ കടിഞ്ഞാൺ നിയന്ത്രിക്കാൻ സാധിച്ചാൽ തീർച്ചയായും എല്ലാ രംഗത്തും വിജയിക്കുവാൻ കഴിയും. 'മുറിവേറ്റ മനസ്സിന് മരുന്നും

മന്ത്രവും മാത്രമല്ല പരിഹാരം.' വാക്കുകൾ സൂക്ഷിച്ച് ഉപയോഗിച്ചുള്ള സാന്ത്വനവും കരുതലുമാണ് ആവശ്യം....! തല്ലാനും തലോടാനും കൊല്ലാനും നശിപ്പിക്കുവാനും ഉള്ള സർവ്വശക്തികളും വാക്കുകൾക്കുണ്ട്. കാമം ലോകത്തെ തന്നെ ഏറ്റവും വലിയ ലഹരിയാണ്. വാൽസ്യായനൻ നൂറ്റാണ്ടുകൾക്ക് മുന്നേ കാമസൂത്രം ലോകത്തിന് സംഭാവന ചെയ്തു..... മൃഗങ്ങൾക്കോ മറ്റ് ജീവജാലങ്ങൾക്കോ ഇല്ലാത്ത വിവേകം (തിരിച്ചറിവ്) എന്ന കഴിവ് മനുഷ്യർക്ക് മാത്രമേ ഉള്ളൂ... അതായത് തിരിച്ചറിവോടെ കാമത്തെ കാണുക.വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ഉപനിഷത്തുകളുമെല്ലാം തന്നെ നല്ല ചിന്തകളും, സംസ്കാരവും കലകളും, സൃഷ്ടിക്കാൻ പോന്ന വിത്തുകളുടെ മഹാശേഖരമാണ്. ഇവയിലുള്ള തെറ്റുകൾ മാത്രം കണ്ടു പിടിക്കാനുള്ള വ്യഗ്രതയാണ് ആധുനിക സമൂഹത്തിൽ കണ്ടുവരുന്നത്..... വ്യാസനും വാത്മീകിയും കാളിദാസനുമെല്ലാം അനുഭവങ്ങളിലൂടെയും മൗനത്തിലൂടെയും ഒക്കെയാണ് അറിവ് നേടി പണ്ഡിതരായത്. മണലിലാണ് എഴുതി പഠിച്ചത്. എഴുത്താണികൊണ്ട് പനയോലകളിലാണ് വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളുമൊക്കെ സൃഷ്ടിച്ചത്. അവർ ഉന്നത കുലജാതരുമല്ലായിരുന്നു. അന്ന് സർവ്വകലാശാലകളുമില്ലായിരുന്നു. സാമവേദത്തിൽ നിന്ന് സംഗീതവും യജുർവേദത്തിൽ നിന്ന് ആയുർവേദവും ഋഗ്വേദത്തിൽ നിന്ന് മന്ത്രങ്ങളുമുണ്ടായി. ഇവയൊക്കെ ഏതെങ്കിലും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മതം എന്ന സങ്കൽപ്പത്തിൽ തളച്ചിടുമ്പോഴാണ് പ്രൗഢഗംഭീരമായ 'ആർഷഭാരത സംസ്കാരം' വികലമാകുന്നത്....! നന്മയിലൂടെ മാത്രം സഞ്ചരിക്കുന്ന ഒരുസമൂഹം ഒരു ഉട്ടോപ്യൻ സങ്കൽപ്പം മാത്രം. വിദ്യാസമ്പന്നനായതു കൊണ്ട് മാത്രം അറിവ് നേടാനാവില്ല. വായനയിലൂടെയും അനുഭവങ്ങളിലൂടെയും മൗനത്തിലൂടെയും മാത്രമേ ശരിയായ 'അറിവ്' ആർജ്ജിക്കാനാകൂ....!

പണ്ട് ബുദ്ധിയുള്ള തടിമിടുക്കുള്ള സമ്പത്തുള്ള ചില ഉന്നതന്മാർ സമ്പത്തിന്റെയും നിറത്തിന്റെയും ദേശത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ ഭിന്നിപ്പിച്ച് ഭരിക്കാൻ കണ്ടെത്തിയ ഹീനമായ വേർതിരിവുകളാണ് 'ജാതിയും മതങ്ങളും'.....!. മുൻപ് ഒരു ഉയർന്ന ജാതിയിൽ (ജാതിയുടെ പേര് പരാമർശിക്കുന്നില്ല)പ്പെട്ട കന്യകയായ പെൺകുട്ടി മരിച്ചാൽ ശവദാഹം ചെയ്യാനെത്തുന്ന ചണ്ഡാളൻ ആ ശവശരീരത്തെ ഭോഗിക്കണമായിരുന്നു...! എത്ര വിചിത്രമായ ആചാരം...!

അതുപോലെ നീചമായ മറ്റൊരു സമ്പ്രദായമാണ് 'ദേവദാസി. 'പണ്ട് ഭാരതത്തിന്റെ ചില ഭാഗങ്ങളിൽ മാതാപിതാക്കൾ നേർച്ചകൾ നേരുമത്രേ.പെൺകുട്ടി ജനിച്ച് വളർന്ന് ഋതുമതിയായ് ഏഴു ദിവസം കഴിഞ്ഞ് അടുത്ത ക്ഷേത്രക്കുളത്തിൽ പെൺകുട്ടിയെ കൊണ്ട്പോയി പൂർണ്ണ നഗ്നയാക്കി കുളിച്ച് ഈറനോടെ നിൽക്കുന്ന പെൺകുട്ടിയെ ക്ഷേത്ര പൂജാരി താലികെട്ടുമത്രേ. മാത്രവുമല്ല ആ രാത്രിയിൽ പൂജാരി (തൊണ്ണൂറു കഴിഞ്ഞ ആളായാലും) പെൺകുട്ടിയെ പ്രാപിക്കണം പോലും... പിന്നീടങ്ങോട്ട് കാമകലയും നൃത്തകലയും അഭ്യസിപ്പിക്കുമത്രേ. അന്നത്തെ രാജാക്കൻമാർക്കും മന്ത്രിമാർക്കും ദാസ്യവേല ചെയ്യുന്ന സുഖമുള്ള ആചാരത്തിന്റെ പേരത്രെ 'ദേവദാസി... '!!

ഇന്നും നമ്മുടെ സമൂഹത്തിൽ പെൺകുട്ടികളെ നേർച്ച കോഴികളാക്കി ദൈവദാസികളാക്കുന്ന സുഖമുള്ള സമ്പ്രദായം നിലവിലുണ്ട്..!!

കണ്ണുകളിലൂടെ നാം സുന്ദരമായതിന്റെയൊക്കെ ഭംഗി ആസ്വദിക്കാറുണ്ട്. അത് ആണായാലും പെണ്ണായാലും മനോഹരങ്ങളായ പൂക്കളെയും ചിത്രശലഭങ്ങളെയും പറവകളെയും സുന്ദരന്മാരെയും സുന്ദരിമാരെയുമൊക്കെ നോക്കാറുമുണ്ട്.

പക്ഷെ അതിനൊക്കെ ഒരു നേരും നെറിയും വിവേകവും ഉണ്ടായിരിക്കണം.

എല്ലാ ജീവജാലങ്ങൾക്കും ജന്മ വാസനകളുണ്ട്. മുട്ട പൊട്ടി പുറത്ത് വരുന്ന താറാവിന്റെ കുഞ്ഞ് ജലാശയത്തിലേക്കും മുട്ട പൊട്ടി പുറത്ത് വരുന്ന കോഴിക്കുഞ്ഞ് കരയിലേക്കും പോകും. ജനിച്ച ഉടനെ ഇര തേടാനുള്ള കഴിവ് മൃഗങ്ങൾക്കും ഉരഗങ്ങൾക്കുമൊക്കെയുണ്ട്... പ്രസവിച്ച ഉടനെ അമ്മയുടെ മുലപ്പാല് കുടിക്കാൻ കുഞ്ഞിന് പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല. എല്ലാറ്റിനും ഒരു 'താളമുണ്ട്', 'ലയമുണ്ട്'. അതിന് വ്യതിയാനമുണ്ടാകുമ്പോഴാണ് പ്രശ്നം....!

# കാട്
# പിഴച്ചതറിയാതെ
# കാട്ടരുവി

**പ്രീത സി.എസ്**
കമ്പ്യൂട്ടർ അസിസ്റ്റന്റ്



തുള്ളിക്കൊരു കുടമെന്ന കണക്കെ
മാരി വിളമ്പി മർദ്ദങ്ങൾ
കണ്ടങ്ങൾക്കിനി കൃഷി വിളയാനായ്
എന്നുതിരും നല്ലൊരു മഴമാസം
ഉള്ള കൃഷികൾ ചവിട്ടി മെതിച്ചു
മദിച്ചു മറഞ്ഞു കാട്ടാന
കലിയിളകിയിറങ്ങി പുലികൾ പോലും
നാട്ടിൽ സ്വസ്ഥത ദൗർല്ലഭ്യം
കാട്ടുമൃഗങ്ങൾക്കരിശം വരുവാൻ
പിഴച്ചവരാരെന്നറിയാതെ
ജനനിബിഡങ്ങൾ ലാക്കാക്കിയിതാ
കുത്തിയൊലിച്ചു കാട്ടാറും
നാട്ടിൽ മാലിന്യത്തെ മൂടാൻ
കാടുകൾ മതിയെന്നറിഞ്ഞവരാർ
അങ്ങനെയുണ്ടെന്നാകിൽ അവരാണല്ലോ
സ്വരം തടയും ധർമ്മിഷ്ടർ.



# ഓർമ്മകൾക്ക്
## ഒരു ഇടവേള

**ജയന്തി എസ്.**
ഫോട്ടോകോപ്പിയർ ഓപ്പറേറ്റർ
നിയമസഭാ ലൈബ്രറി

ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം സ്വന്തം വീട്ടിലേക്കുള്ള യാത്ര..... കാർമേഘം മൂടിക്കെട്ടിയ മനസ്സ്..... കാറും കോളും ഇടിയും മിന്നലുമായി തകർത്തു പെയ്തുകൊണ്ടിരുന്ന മഴയ്ക്ക് ഒരു ചെറിയ ശമനമുണ്ടായതുപോലെ....ഇരുൾ മൂടിയ മനസ്സിൽ ഒരു ചെറുതിരി വെട്ടം തെളിയുന്നുണ്ട്.... എങ്കിലും എന്തോ നഷ്ടപ്പെട്ടതുപോലെ. ശരിക്കും വിജനമായ മരുഭൂമിയിലെ ഒറ്റപ്പെടൽ പോലെ..... ഉള്ളിലെവിടെയൊ ഒരു വിങ്ങൽ. വീട്ടുകാർക്കും, ബന്ധുക്കൾക്കും എന്നും ഞാൻ ഒരു അധികപ്പറ്റായിരുന്നു. എന്റെ മനസ്സ് മനസ്സിലാക്കാനോ എന്നെ സ്നേഹിക്കാനോ ഒരിക്കലും ആരും ശ്രമിച്ചിരുന്നില്ല. എങ്കിലും എല്ലാവരെയും എന്നും സ്നേഹിക്കാനായിരുന്നു എനിക്കിഷ്ടം. ഒരിക്കൽ ഒരാളോട് തോന്നിയ സ്നേഹത്തിന്റെ പേരിൽ വീട് വിട്ടിറങ്ങേണ്ടി വന്നു. നാട്ടുകാരും വീട്ടുകാരും കൂട്ടുകാരും ഒരു പോലെ വെറുത്തു. എനിക്ക് ചുറ്റും ഒരു പറ്റം അപരിചിതർ കയ്യിൽ ആയുധങ്ങളുമായി നേരിടാൻ ഒരുങ്ങുന്നതുപോലെ..... ഭയം ഉള്ളിൽ നിറഞ്ഞു. സിരകളിൽ ഒരു തരം ഇരമ്പൽ മാത്രം....ചെവിക്കുള്ളിൽ വല്ലാത്തൊരു മൂളൽ.... നെഞ്ചിനുള്ളിൽ ആഴത്തിലേറ്റ മുറിവിന്റെ വേദന സഹിക്കാനാകുന്നില്ല. ശരീരമാകെ ക്ഷീണിച്ചവശയായി, കൈകാലുകൾക്ക് ശക്തി നഷ്ടപ്പെട്ടു, മനസ്സിന്റെ താളം തെറ്റിത്തുടങ്ങി... പതിയെ പതിയെ

ഞാൻ എന്നെത്തന്നെ മെല്ലെ മറന്നുതുടങ്ങിയോ.....? പക്ഷേ, ഉള്ളിലെവിടെയോ ഒരദൃശ്യശക്തി എന്നെ മുന്നോട്ട് നയിക്കുന്നുണ്ടായിരുന്നു. അവ എന്നെ ഒർമ്മയുടെ ലോകത്തേക്ക് തിരിച്ചു വിളിക്കുന്നപോലെ.....എനിക്ക് വേണ്ടി ആരോ മനസ്സുരുകി പ്രാർത്ഥിച്ചിരിക്കണം.

ഒരു പക്ഷേ ഞാൻ ഒരുപാട് സ്നേഹിച്ചിരുന്ന എന്നെ സ്നേഹിച്ചിരുന്ന ആ ആൾ തന്നെയാകുമോ? അതോ ഓർമ്മവച്ച നാൾ മുതൽ ആരാധിച്ചിരുന്ന എന്റെ ദൈവങ്ങളോ....... അറിയില്ല.

പരിശുദ്ധമായ ഭക്തിക്കും പ്രണയത്തിനും വല്ലാത്ത ശക്തിയാണ്. ആർക്കും ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്ത ആർക്കും തകർക്കാനാകാത്ത, ഒരിക്കലും മാഞ്ഞുപോകാത്ത ഒരു ശക്തി. അതിൽ നിന്നുണ്ടാകുന്ന പ്രകമ്പനത്തിന് ലോകത്തെ മുഴുവൻ നശിപ്പിക്കാൻ കഴിയുന്നത്ര ശക്തിയുണ്ട്. മധുരാനഗരിയെ ചുട്ടു ചാമ്പലാക്കിയ ദേവി കണ്ണകിയെപ്പോലെ ശരീരത്തിന്റെ സൗന്ദര്യമല്ല സ്നേഹം. മധുരമൂറുന്ന വാക്കുകളല്ല പ്രണയം. പ്രണയത്തെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാടുകൾ തികച്ചും വ്യത്യസ്തമാണ്.

മനസ്സ് മനസ്സിനെ അറിയണം. കണ്ണുകൾ മൗനഭാഷണം നടത്തണം...... ഗ്രഹിക്കാൻ കഴിയണം. വിദൂരത്തിലാണെങ്കിലും മനസ്സുകൾ സംസാരിക്കുന്നത് അറിയാൻ സാധിക്കണം. ചങ്കുപൊട്ടുന്ന വേദനയിലും പരസ്പരം സമാധാനിപ്പിക്കാൻ കഴിയണം. ശരീരവും, മനസ്സും രണ്ടല്ല. ഒന്നാണ് എന്ന് തിരിച്ചറിയണം. അങ്ങനെയുള്ള ബന്ധം ഒരിക്കലും നഷ്ടപ്പെടുകയുമില്ല. ആർക്കും നഷ്ടപ്പെടുത്താൻ കഴിയുകയുമില്ല. ഇതാണെന്റെ വിശ്വാസം. ആത്മാർത്ഥമായ സ്നേഹത്തിന്റെ മുന്നിൽ മറ്റെല്ലാം വെറും നിസ്സാരമാണ്. സ്നേഹവും, വിശ്വാസവുമുണ്ടെങ്കിൽ ഈ ലോകം മുഴുവൻ കീഴടക്കാം.

പരിശുദ്ധമായ സ്നേഹത്തിന് മുന്നിൽ തോല്ക്കാത്തവരായി ആരും തന്നെയില്ല.

എന്റെ അനുഭവത്തിൽ സ്നേഹമെന്നത് ഒരു മൃതസഞ്ജീവനി കൂടിയാണ്. ശരിക്കും പറഞ്ഞാൽ ഞാൻ ജീവിതത്തിലേക്ക് തിരിച്ചുവന്നതുതന്നെ പ്രണയമെന്ന മൃതസഞ്ജീവനി കഴിക്കുന്നതുകൊണ്ടാണ്.

വർഷങ്ങൾക്കുശേഷം സ്വന്തം നാട്ടിലേയ്ക്കുള്ള യാത്ര ആരംഭിച്ചിരിക്കുന്നു. (ഞാൻ ഒരു വർഷത്തോളം മാനസിക രോഗത്തിനടിമയായിരുന്നുവെന്ന് നാട്ടുകാർ അറിഞ്ഞില്ല) വീടിനെക്കുറിച്ചോർത്താൽ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് എനിക്കായി അനുവദിച്ചിട്ടുള്ള കിടക്ക മുറിയാണ്. സ്വപ്നങ്ങളുടെ നിറങ്ങൾ ചാലിച്ച മുറിയുടെ ജനാലകളിൽ ഞാൻ കോറിയിട്ട ചിത്രങ്ങളിൽ ഒളിഞ്ഞിരിക്കുന്ന എന്റെ പ്രിയതമന്റെ മുഖം ആരും തിരിച്ചറിയാൻ വഴിയില്ല. ആ മുറിയിപ്പോൾ മറ്റാരെങ്കിലും ഉപയോഗിക്കുന്നുണ്ടാകുമോ? ആ ജാലകത്തിനടുത്തായി നിന്നിരുന്ന ചെമ്പക മരവും അതിലെ താമസക്കാരായ ആ കിളികളും ഇപ്പോഴും ഉണ്ടായിരുന്നെങ്കിൽ എന്തു രസമായിരുന്നു. അവരുടെ സ്നേഹപകർച്ച പലപ്പോഴും ഞാൻ കൗതുകത്തോടെ നോക്കി നിൽക്കുമായിരുന്നു. പകൽ മുഴുവൻ ചെറുവയർ നിറക്കാനുള്ള അദ്ധ്വാനമാണ്. സന്ധ്യയോടടുക്കുമ്പോൾ കൂടണയും. പിന്നെ രണ്ടുപേരുടെയും സ്നേഹപ്രകടനം ഒന്ന് കാണേണ്ടതാണ്. നീലവിരിയിട്ട ജാലകപഴുതിലൂടെ ആ ഇണക്കുരുവികളെ നോക്കി നിൽക്കുമ്പോൾ കുട്ടിക്കാലത്ത് കേട്ടുപഠിച്ച ഒരു പാട്ടിന്റെ ഈരടികൾ ഓർമ്മവരും.


ജാലക നിഴലിൽ ഒരു പക്ഷിയായ ഞാൻ
പാടും നിനക്കായി പാടും
മായും കിനാവിൽ തേൻകനി തേടും....
മായും കിനാവിൽ തേൻകനി തേടും
വാനമ്പാടിയായി പാടും ഞാൻ

ഓർമ്മകൾക്ക് വിരാമമിടാൻ നേരമായി. ജന്മനാട്ടിന്റെ ആരവം കാതുകളിൽ മുഴങ്ങുന്നു.

പൊടിപടലങ്ങൾ നിറഞ്ഞ എന്റെ ഓർമ്മകളെയും, മരവിച്ച എന്റെ മനസ്സിനെയും സ്നേഹത്തിന്റെ തൂവൽകൊണ്ട് തുടച്ചു മിനുക്കി ഉദയസൂര്യന്റെ പൊൻകിരണങ്ങളാൽ പ്രകാശപൂരിതമാക്കി എനിക്ക് പുതുജീവൻ പ്രദാനം ചെയ്ത എന്റെ ദൈവങ്ങളോട് ഞാൻ ഒരുപാട് കടപ്പെട്ടിരിക്കുന്നു. എങ്കിലും എന്തോ ഒരു കുറവ് അനുഭവപ്പെടുന്നു. പഴയതുപോലെ ഒരു പൂർണ്ണത കിട്ടുന്നില്ല.... ഉള്ളിലെവിടെയോ ഒരു വിങ്ങൽ ബാക്കി നിൽക്കുന്നു. വീട്ടിലേയ്ക്കുള്ള ദൂരം കുറയുംതോറും ആ വിങ്ങൽ കൂടിക്കൂടി വരുന്നു.



# അച്ഛൻ



**ദിനേഷ് കുമാർ. കെ**
അണ്ടർ സെക്രട്ടറി

അച്ഛനെപ്പോ വരും.....? മടിയിൽ മുറുകെ പിടിച്ച പാവയെ തലോടിക്കൊണ്ട് കുഞ്ഞു മിസ്കിന ചോദിച്ചു... രക്ഷാപ്രവർത്തകർ കൈപിടിച്ച് കേറ്റിയ വാനിന്റെ മൂലയിലെ സീറ്റിൽ ചാരിക്കിടന്നുകൊണ്ട് അനസ്താസിയ എന്ന അമ്മ കണ്ണീർ തുടച്ചു കൊണ്ട് കുഞ്ഞിന്റെ മുടിയിഴകൾ തഴുകി.... അച്ഛൻ നാളെ വരും .... നമ്മൾ പോളണ്ടിലെത്തിയാൽ ഉടനെ അച്ഛൻ വരും.... മെലിട്ടോപോളിലെ സൂപ്പർ മാർകെറ്റിൽ നിന്ന് മോൾക്കിഷ്ടപ്പെട്ട കാഡ്ബറി ചോക്ലേറ്റും സ്പ്രിങ് പാവയും ഒക്കെ കൊണ്ട് വരും... നാളെ നമ്മൾ ലേവിവ് ഇൽ നിന്ന് ട്രെയിൻ കേറും... പൂക്കളുമായി നമ്മളെ കാത്തു പോളിഷ് ആന്റിമാരും അങ്കിൾമാരും അവിടെ ഉണ്ടാവും....

കുഞ്ഞു മിസ്കിനക്ക് ഒന്നും മനസിലാകുന്നില്ല..

എന്തിനാണ് അച്ഛൻ രണ്ട് നാൾ മുൻപ് തോക്കുമായി വീട്ടിൽ വന്നത്.... ഞങ്ങളെ ഒലിവർ അപ്പൂപ്പന്റെ കൂടെ വാനിൽ കയറ്റി .... ബോംബുകൾ പൊട്ടുന്ന ആ തകർന്ന പാലത്തിനടുത്തേക്കു പാഞ്ഞത്...

അച്ഛൻ എന്തെങ്കിലും കഴിച്ചു കാണുമോ?..

വാനിൽ പോരുമ്പോൾ തന്റെ നഴ്സറി സ്കൂളിന്റെ ഭാഗത്തു വലിയ തീയും പുകയും കണ്ടു. ഞാനും ലുവിനെയും ഓടിക്കളിച്ച ആ പാർക്കിനാണോ തീപിടിച്ചത്.... അയ്യോ .. അതിന്റെ ഒരുവശത്തു പക്ഷിക്കൂടും മുയൽ കുഞ്ഞുങ്ങളും ഉണ്ടായിരുന്നല്ലോ

...അങ്ങോട്ട് നോക്കണ്ടെന്ന് അമ്മ പറഞ്ഞപ്പോൾ അവൾ വാനിൽ നിന്ന് എതിർ വശത്തേക്ക് കണ്ണോടിച്ചു. ദൂരെ കെട്ടിടങ്ങളിൽ നിന്ന് പൊടിയും പുകയും ഉയരുന്നു.... കുറച്ച് നാളായി എല്ലാടത്തും ഒരു പുകയുടെ മണം..... കൊയ്ത്തു കഴിഞ്ഞ ഗോതമ്പു പാടങ്ങളിൽ പശുക്കൾ മേയുന്നു.... ഒരു കുളിർ കാറ്റു വീശി.. പതുക്കെ അവൾ കണ്ണടച്ചു..... ഉറക്കത്തിൽ.... സ്പ്രിങ് പാവയും... പിങ്ക് നിറമുള്ള മൗത് ഓർഗനുമായി അച്ഛൻ വരുന്നത് അവൾ കണ്ടു..... ആ ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞു.

# ഓലക്കുടിലും മുത്തിയമ്മയും



ജയന്തി എസ്.

ഓലക്കുടിലിന്റെ ഉമ്മറക്കോലായി-
ലൊറ്റക്കിരിക്കുന്നു മുത്തിയമ്മ
കൊട്ടും കുഴൽവിളിമേളമോടെക്കരി-
കാർമേഘമെല്ലാമുരുണ്ടു കൂടി
ആർത്തു വിളിച്ചട്ടഹസിച്ചെത്തി-
ഘോരമായ് ഭീകര പേമാരിയും

ഓലപ്പുരയ്ക്കുള്ളിലെല്ലാമഴ-
ത്തുള്ളി നൃത്തച്ചുവടിന്റെ സപ്തസ്വരം
പുരയ്ക്കുള്ളിലാകവെ കോലം വരച്ചുണ്ടാ-
നുള്ള മൺപാത്രവും ചിരട്ടകളും
മേൽക്കൂര ചെത്തു പൊടിഞ്ഞിതാ-
താഴത്തു വെള്ളത്തിലൂടെയൊലിച്ചു പോയി

മാനത്തു നോക്കി ചിരിക്കുന്നു മെടഞ്ഞിട്ട-
ജാലകം തീർത്തൊരു ഈർക്കിലുകൾ
ശർക്കര പോലെയലിയുന്നു മൺചുവരാ-
രുണ്ട് കാണുവാനീ സങ്കടം
കൺകൾക്ക് രൂപം നിഴലുപോലെ
കേൾവിയോ കാതിതിൽ ഒന്നു മാത്രം.

ഒരു വയർ ചോറു നിറച്ചു കഴിച്ചയാ-
കാലമതയ്യോ മറന്നു പോയി
നാഥനോ നേരത്തേ കാലമതുപെയ്തു
മക്കളെ പോറ്റുവാൻ യോഗമില്ലാതെയായ്
എത്ര നാളിങ്ങനെ കാലം കഴിക്കുവാൻ
നോമ്പു നോക്കുന്നോരു മുത്തിയമ്മ



# മഞ്ഞുകണങ്ങളെ സ്നേഹിച്ച പെൺകുട്ടി

**ജയന്തി എസ്.**

എന്നുടെ ചെറുവീട്ടിൽ മുറ്റത്തായൊരു കോണിൽ
ഒരു കുഞ്ഞിച്ചെടിയൊന്നു നട്ടുനനച്ചു ഞാൻ
ഓരില രണ്ടണ്ടില മൂന്നില കണ്ടു ഞാൻ
തൊട്ടും തലോടിയും കൊഞ്ചിച്ചും ലാളിച്ചും

മഞ്ഞിൻ തണുപ്പിന്റെ മകരമാസം
ഭക്തിയും ഭക്തരും നിറഞ്ഞ മാസം
ചുരുണ്ടു കൂടി പുതപ്പിന്റെയുള്ളിലാ-
യതിരാവിലെ ഞാനങ്ങുറങ്ങിപ്പോയി

എന്നുടെ പൊന്നമ്മ മുറ്റമടിച്ചുകൊ-
ണ്ടെന്തോ വിളിച്ചു പുലമ്പിടുന്നു
കുഞ്ഞിച്ചെടിയെന്നു കേട്ടപോൽ തോന്നി
ചാടിപ്പിടഞ്ഞെണീറ്റോടി ഞാൻ മുറ്റത്ത്

മഞ്ഞിൻ കണം കൊണ്ടെൻ കുഞ്ഞിച്ചെടിയുടെ
തണ്ടുകളെല്ലാമറഞ്ഞു പോയി
അത്ഭുതത്തോടെ തലോടുവാൻ കൈനീട്ടി
കൺചിമ്മി ചിരികാട്ടി മഞ്ഞിൻ കണങ്ങളും

മഞ്ഞിൻ മണി മുത്തു പറ്റിപ്പിടിച്ചയാതണ്ടുകൾ
തലയെടുപ്പോടെ തരിച്ചു നിന്നു
കുഞ്ഞിച്ചെടിയുടെ കളിത്തോഴി തെന്നലും
കുളിരായ കുളിരുമായോടിയെത്തി

കളിയും ചിരിയുമായ് നിമിഷങ്ങൾ പോകയായ്
കിഴക്കു കീറിയഗ്നിഗോളമുദിച്ചു വന്നു
അതുകണ്ട് മെല്ലെ തെന്നലകന്നുപോയി
മഞ്ഞിൻ മണിമുത്ത് മണ്ണിൽ നിലം പൊത്തി

ഒരു നെടുവീർപ്പോടെ കുഞ്ഞിച്ചെടിയ-
തുമൊന്നുമറിയാതെ നിന്നിടുന്നു
അത്ഭുതമോടെയെൻ കണ്ണുകളീറ-
നായ് അമ്മയെ നോക്കി പരിഭവിച്ചു.

വേദനവേണ്ടെന്നോമനേ നിനക്കായി
നാളെ പുലർകാലമായിടട്ടെ
മഞ്ഞിൻ മണിമുത്തും കുളിർ തെന്നലും
നിന്നോടടുക്കുവാനോടിയെത്തും

അമ്മതൻ സാന്ത്വനം ഓർമ്മയിൽ വച്ചു ഞാൻ
മകരമാസത്തിനായ് കാത്തിരിപ്പൂ
നാട്ടിൻപുറത്തിന്റെ തെന്നലും മണിമുത്തും
ഓർമ്മയിൽ മാത്രമായ് മാറിടുന്നു.



# ബാല സമന്വയം






ആവണി ജിതേഷ്
D/0 മഞ്ജു. എസ്. നാഥ്




**വേദിക വി.ജെ** (4th std)
D/0 ജയലക്ഷ്മി ജെ.എ



# ബാല സമന്വയം

**ലിഡിയ ബി ഷൈൻ**
D/o ബീനാ ജോസഫ്






**ലിനിയ ബി ഷൈൻ**
D/o ബീനാ ജോസഫ്

# ബാല സമന്വയം




**സേറ ജമീമ സാഗർ** (STD I)
D/o റ്റി.ജി. സിന്ധു,
അണ്ടർ സെക്രട്ടറി







**അശ്വിൻ പ്രകാശ്**
S/o സിമി. പി
അസിസ്റ്റന്റ്
സെക്ഷൻ ഓഫീസർ



# ബാല സമന്വയം



**പ്രിൻസസ് കസൂമി എ**
D/o അഞ്ജു പി.എ
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്



**ഇഷാൻവി പി.ജെ,** Std 1
D/o ജഗദീഷ്. എസ്
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



**ആര്യൻ വി കൃഷ്ണ**
S/o വിനോദ്കുമാർ എം.കെ
സെക്ഷൻ ഓഫീസർ



# നിയമസഭയിൽ നിന്നും 2021, 2022 വർഷങ്ങളിൽ വിരമിച്ച ജീവനക്കാർ



ശ്രീമതി എസ്. ബിന്ദു
അഡീഷണൽ സെക്രട്ടറി



ശ്രീമതി. എം. നൂർജഹാൻ
സെക്ഷൻ ഓഫീസർ



ശ്രീ. ജെ. സാമുവൽ
ഡെപ്യൂട്ടി സെക്രട്ടറി



ശ്രീ. ഫ്രാൻസിസ് എ
അസിസ്റ്റന്റ്



ശ്രീ. വി. സുരേഷ് കുമാർ
ഡെപ്യൂട്ടി സെക്രട്ടറി



ശ്രീമതി രാജേശ്വരി ആർ
അണ്ടർ സെക്രട്ടറി



ശ്രീമതി എ.വി. ജോസഫൈൻ
ഡെപ്യൂട്ടി സെക്രട്ടറി



ശ്രീമതി പി. ഓമന
ബയന്റർ ഗ്രേഡ്-II



ശ്രീമതി. മനോജ് സാറാ വർഗ്ഗീസ്
ഡെപ്യൂട്ടി സെക്രട്ടറി



ശ്രീമതി എസ്. ജമീല ബീവി
ജോയിന്റ് ചീഫ് എഡിറ്റർ



ശ്രീ. പി.ആർ. മുരളീധരൻ
അണ്ടർ സെക്രട്ടറി (ഹ.ഗ്രേ)



ശ്രീ. ഹരിലാൽ വി
ലൈബ്രേറിയൻ



ശ്രീമതി. ഗ്രേസ് മേരി തോമസ്
അണ്ടർ സെക്രട്ടറി



ശ്രീമതി ഗിരിജ കുമാരി ആർ
ഡെപ്യൂട്ടി ചീഫ് എഡിറ്റർ



ശ്രീമതി വത്സലകുമാരി ജെ
ഡെപ്യൂട്ടി ചീഫ് എഡിറ്റർ



ശ്രീമതി ലളിത. കെ
പാർട്ട് ടൈം ക്ളീനർ



ശ്രീമതി ജി. ജയലക്ഷ്മി
സെലക്ഷൻ ഗ്രേഡ് റിപ്പോർട്ടർ



ശ്രീമതി ഇന്ദിര സി.
പാർട്ട് ടൈം സ്വീപ്പർ കം
സാനിട്ടേഷൻ വർക്കർ



ശ്രീ. ലോറൻസ് വി.
ലിഫ്റ്റ് ഓപ്പറേറ്റർ



ശ്രീമതി വിലാസിനി. ബി
പാർട്ട് ടൈം സ്വീപ്പർ കം
സാനിട്ടേഷൻ വർക്കർ



ശ്രീമതി ഷീല. എസ്
ഡെപ്യൂട്ടി ചീഫ് എഡിറ്റർ



ശ്രീ. ആർ. രാജൻ
ലിഫ്റ്റ് ഓപ്പറേറ്റർ



ശ്രീമതി വി. ലേഖ
ലൈബ്രേറിയൻ



ശ്രീ. ഗോപകുമാർ റ്റി
ക്ളറിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II



ശ്രീമതി എം. വിജയകുമാരി
ബയന്റർ ഗ്രേഡ്-1



ശ്രീ. സനിൽ എം
ലിഫ്റ്റ് ഓപ്പറേറ്റർ



ശ്രീമതി ശ്യാമളാദേവി. എൽ
ബയന്റർ ഗ്രേഡ്-2



ശ്രീമതി. കുമാരി ദേവി. ആർ
പാർട്ട് ടൈം സ്വീപ്പർ കം
സാനിട്ടേഷൻ വർക്കർ



ശ്രീമതി ബി. വത്സലകുമാരി അമ്മ
പേഴ്സണൽ അസിസ്റ്റന്റ്



ശ്രീ. എസ്. വിജയകുമാരൻ നായർ
ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്)



ശ്രീ. ബി. സുരേഷ്കുമാർ
ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്)



ശ്രീമതി. ഷക്കീല ബീവി കെ
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്



ശ്രീ. ജോസഫ് ജോസഫ് എം
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്



# നിയമസഭാ ലൈബ്രറിയിൽ വാങ്ങിയ പുസ്തകങ്ങളിൽനിന്നും തിരഞ്ഞെടുത്ത 12 പുസ്തകങ്ങളുടെ ലഘു വിവരണങ്ങളും പുറംചട്ടയുടെ ചിത്രങ്ങളും അടങ്ങിയ ലിസ്റ്റ്





## വി.എസ്സിന്റെ ആത്മകഥ

പി. ജയനാഥ്
കറന്റ് ബുക്സ് : തൃശ്ശൂർ, 2021
V212,21y7ACH 32R1

(വി. എസ്. അച്യുതാനന്ദനെയും അദ്ദേഹം കടന്നു പോയ ഐതിഹാസിക സമരങ്ങളെയും കോർത്തിണക്കുന്ന ജീവരേഖ.)

പി. ജയനാഥ് : ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ജനനം. ദേശാഭിമാനി ദിനപത്രത്തിൽ സീനിയർ ന്യൂസ് എഡിറ്റർ തസ്തികയിൽ നിന്ന് വിരമിച്ചു. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായിരുന്ന വി.എസ്.അച്യുതാനന്ദൻ എം.എൽ.എ യുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്നു.




## ജാലകങ്ങൾ: ചരിത്രാന്വേഷിയുടെ വഴികൾ കാഴ്ചകൾ

എം.ജി.എസ് നാരായണൻ
കറന്റ് ബുക്സ് : തൃശ്ശൂർ, 2018
V212:7y7NAR 32Q8

(സ്വാതന്ത്ര്യസമര കാലഘട്ടം മുതൽ ആധുനികാനന്തര കേരളത്തിന്റെയും ഇന്ത്യയുടെയും രാഷ്ട്രീയവും സംസ്കാരവും സാമൂഹ്യജീവിതവും രേഖപ്പെടുത്തുന്ന ആത്മകഥയാണ് ഈ പുസ്തകം.)




## കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ: പോലീസ് ഡയറി

എൻ. രാമചന്ദ്രൻ ഐ.പി.എസ്
ഡി.സി. ബുക്സ് : കോട്ടയം, 2021
Z212, 193wRAM 32R0


(ഒരു പോലീസ് ഉദ്യോഗസ്ഥൻ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചതിനു ശേഷം തന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്ന പ്രധാനപ്പെട്ടതും അസാധാരണവുമായ അനുഭവങ്ങൾ തുറന്നെഴുതുന്ന പുസ്തകം.)




## പത്രചരിത്രത്തിന്റെ നൂറുവർഷങ്ങൾ (1848–1948)

ഡോ. അനിൽകുമാർ വടവാതൂർ
മീഡിയ ഹൗസ് : ഡൽഹി & സാഹിത്യ പ്രവർത്തക സഹകരണ സംഘം ലിമിറ്റഡ്: കോട്ടയം, 2021
4v 32R1


(ഒരു നൂറ്റാണ്ടിന്റെ മലയാള പത്ര ചരിത്രത്തെ വിലയിരുത്തുകയും പരിചയപ്പെടുത്തുകയും, മിഥ്യാ വിശ്വാസങ്ങളെ തള്ളിക്കളയുകയും ചെയ്യുന്ന പുസ്തകം.)




**മരമാമരം**
സുഗതകുമാരി
ഡി.സി. ബുക്സ് : കോട്ടയം, 2021
O32,1SUG R1
(കവിതാസമാഹാരം)




**കവിതയുടെ വിഷ്ണുലോകം**
ഡോ. എം. ലീലാവതി
മാതൃഭൂമി ബുക്സ് : കോഴിക്കോട്, 2018
O32,1 VIS:g Q8
(വിഷ്ണുനാരായണൻനമ്പൂതിരിയുടെ
കാവ്യപ്രപഞ്ചത്തിലൂടെയുള്ള സമഗ്രമായ പഠനതീർത്ഥാടനം)




**പുഴമീനുകളെ കൊല്ലുന്ന വിധം**
ബെന്യാമിൻ
ഡി.സി. ബുക്സ് : കോട്ടയം, 2021
O32,3BEN R1
(കുറ്റാന്വേഷണ നോവൽ.)




**ഋതുഭേദങ്ങളുടെ പാരിതോഷികം**
പത്മരാജൻ
കറന്റ് ബുക്സ് : തൃശ്ശൂർ, 2017
O32,3PAD Q7
(നോവൽ.)





**ഊര് കാവൽ**

സാറാ ജോസഫ്
കറന്റ് ബുക്സ് : തൃശ്ശൂർ, 2019
O32, 3SAR Q9
(നോവൽ.)




**കല ജീവിതം തന്നെ**

കുട്ടികൃഷ്ണമാരാര്
മാരാർ സാഹിത്യപ്രകാശം: കോഴിക്കോട്, 2019
O32, 6:g Q9
(ലേഖന സമാഹാരം.)




**വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും**

ജെ. കൃഷ്ണമൂർത്തി
വിവ. പി. ദാമോദരൻപിള്ള
ഡി.സി. ബുക്സ് : കോട്ടയം, 2021
T(R) 32R1
(ജീവിതത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം എന്താണെന്നും ജീവിതത്തെ അർത്ഥവർത്താക്കേണ്ടതെങ്ങനെ എന്നും മനസ്സിലാക്കിത്തരുന്ന കൃതി.)




**ഇന്ത്യ എന്റെ പ്രണയ വിസ്മയം**

ഗോപിനാഥ് മുതുകാട്
ഡി.സി. ബുക്സ് : കോട്ടയം, 2021
U8.2 32R1
(യാത്രാ വിവരണം.)

## ഭരണ ഭാഷാ – പ്രതിജ്ഞ

മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരള സംസ്കാര ത്തെയും ഞാൻ ആദരിക്കുന്നു. ഭരണ നിർവ്വഹണത്തിൽ മലയാള ത്തിന്റെ ഉപയോഗം സാർവത്രിക മാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും.



ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്